2014 സെപ്റ്റംബർ 10
വാല്യം 07
ലക്കം 17

ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# പെന്തെക്കോസ്തിൽ ആഡംബരം വർദ്ധിക്കുന്നു

## വിവാഹ – ശവസംസ്കാര ശുശ്രൂഷകളിൽ ധൂർത്ത് വ്യാപകം

സ്വന്തം ലേഖകൻ



ഉപഭോഗസംസ്കാരത്തിന്റെ പുത്തൻ ഭാവങ്ങളായ ന്യൂജനറേഷൻ വിവാഹം....

> വിവാഹവും ശവസംസ്കാരവും ഇന്ന് ആഡംബരവും ധൂർത്തും നിറഞ്ഞതായി മാറിയിരിക്കുന്നു. കേരളത്തിലെ പെന്തെക്കോസ്തിന്റെ മുഖമുദ്രയായിരുന്ന ലാളിത്യം എവിടെയോ പോയ് മറഞ്ഞിരിക്കുന്നു. പാശ്ചാത്യനാടിന്റെ സംസ്കാരത്തെ അന്ധമായി പിന്തുടരുകയാണ് കേരളത്തിലെ പെന്തെക്കോസ്തുകാർ

**തിരുവല്ല:** ദൈവത്തിന്റെ സ്വന്തം നാട്ടിൽ സമീപകാലത്തായി പെന്തെക്കോസ്തിൽ ആഡംബരം വർദ്ധിക്കുന്നതിൽ വിശ്വാസി സമൂഹത്തിന് ആശങ്ക. വിവാഹം, ശവസംസ്കാരം, ഭവനപ്രതിഷ്ഠ, സ്നാനം തുടങ്ങിയ ശുശ്രൂഷകൾ വലിയ ആഘോഷത്തോടെയാണ് സംഘടിപ്പിക്കുന്നത്. ഒരോ വിശ്വാസിയും വിവാഹാഘോഷം ആർഭാടപൂർണ്ണമാക്കാൻ കഴിവിന്റെ പരമാവധി ശ്രമിക്കുന്നു. പാവപ്പെട്ടവർ കടം വാങ്ങിയും പതിനായിരങ്ങൾ കല്യാണത്തിനായി ചെലവഴിക്കുന്നു. ഇടത്തരക്കാർ ലക്ഷങ്ങളും പണക്കാർ കോടികളും ധൂർത്തടിക്കുന്നു. ഏറെപ്പേരുടെയും വിവാഹവേദികൾ പൊങ്ങച്ചവേദികളാണ്. പെന്തെക്കോസ്ത് സമൂഹത്തിന്റെ ധൂർത്തിനും ആർഭാടത്തിനും പൊങ്ങച്ചസംസ്കാരത്തിനുമെതിരെ ബോധവൽക്കരണം ആവശ്യമാണ്. ആത്മീയലോകത്തെ ബാധിച്ചിരിക്കുന്ന ഈ രോഗവും ജീർണ്ണതയും തിരിച്ചറിഞ്ഞ് ചികിത്സിക്കാനുള്ള ശ്രമം നേതൃത്വം ഏറ്റെടുക്കണം.

സ്വന്തം പണവും പദവിയും പ്രൗഢിയും പ്രകടിപ്പിക്കാനുള്ള അവസരമായി പലരും ഇതിനെ കാണുന്നു. അതിനാലാണ് കോടികൾ തുലച്ച് കല്യാണങ്ങൾ കേമമാക്കുന്നത്. വിവാഹാഘോഷത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണവും വിതരണം ചെയ്യുന്ന വിഭവങ്ങളുടെ വൈവിധ്യവും മാന്യതയുടെ മാനദണ്ഡമായി മാറിയിരിക്കുന്നു. ജീവിതവിശുദ്ധിയും മഹിതമൂല്യങ്ങളും കൊണ്ട് മാന്യതനേടാനാവാത്ത അല്പന്മാർ അങ്ങാടിയിൽ നിന്ന് വാങ്ങുന്ന ചരക്കുകളിലൂടെ അതുണ്ടാക്കാൻ ശ്രമിക്കുന്ന പരിഹാസ്യശ്രമങ്ങളാണ് പല ബിരിയാണി മേളകളിലും കാണപ്പെടുന്നത്.

സമീപകാലത്ത് ഒരു പെന്തെക്കോസ്ത് വിവാഹത്തിൽ പങ്കെടുത്ത ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ്ജ് പറഞ്ഞിതിപ്രകാരമാണ് "ഇതെന്താടോ പള്ളിപ്പെരുന്നാളാണോ?" അത്രയ്ക്കും ആർഭാടപൂർണ്ണമായ കല്യാണമായിരുന്നു അത്. സഭാനേതാക്കന്മാരുടെ മക്കളുടെ ആഡംബരവിവാഹങ്ങളിൽ വിശ്വാസസമൂഹങ്ങൾ അസംതൃപ്തരാണ്. ലാളിത്യത്തിന്റെ പ്രതീകമാ

09

## ഐ.പി.സി. നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ വാർഷിക കോൺഫറൻസ് സമാപിച്ചു



**സൗത്ത് ഫ്ളോറിഡ:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ നോർത്ത് അമേരിക്കയിലുള്ള റീജിയനുകളിൽ സൗത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലെ ഐ.പി.സി. സഭകൾ അംഗങ്ങളായുള്ള ഐ. പി. സി. നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയന്റെ പതിനാലാമത് വാർഷിക കോൺഫറൻസ് ആഗസ്റ്റ് 29 – 31 വരെയുള്ള തീയതികളിൽ സണ്റൈസ് ഫ്ളോറിഡായിലുള്ള ഹോളീഡേ ഇന്നിൽ (3003 നോർത്ത് യൂണിവേഴ്സിറ്റി ഡ്രൈവ്, സണ്റൈസ്, ഫ്ളോറിഡ 33322) വച്ച് നടന്നു.

അറിയപ്പെട്ട കൺവൻഷൻ പ്രസംഗകനും, പിസിനാക്ക്, ഐ.പി.സി ഫാമിലി കോൺഫറൻസ് എന്നീ

09

## ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തെക്കോസ്തൽ കോൺഫറൻസ് ഗോൾഡ് കോസ്റ്റിൽ



**ഗോൾഡ് കോസ്റ്റ്:** ഓസ്ട്രേലിയയിലുള്ള ഇൻഡ്യൻ പെന്തെക്കോസ്ത് സഭകളുടെ അഞ്ചാമത് ഫാമിലി കോൺഫറൻസ് 2015 മാർച്ച് 27, 28, 29 (വെള്ളി, ശനി, ഞായർ) തീയതികളിൽ ഗോൾഡ് കോസ്റ്റിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു.

ജൂലൈ 26-നു ഗോൾഡ് കോസ്റ്റിലിൽ ചേർന്ന ഐ. പി. സി. ഓസ്ട്രേലിയ റീജിയന്റെയും ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തെക്കോസ്തൽ കോൺഫറൻസിന്റെയും നാഷണൽ കമ്മിറ്റികളുടെ സംയുക്ത യോഗത്തിൽ പാസ്റ്റർ തോമസ് ജോർജ് അദ്ധ്യക്ഷത വഹിച്ചു.

ഗോൾഡ് കോസ്റ്റ് കോൺഫറൻസിനു വേണ്ടി പാസ്റ്റർ തോമസ് ജോർജ്, പാസ്റ്റർ മാത്യു തര്യൻ, പാസ്റ്റർ പ്രകാശ് ജേക്കബ്, പാസ്റ്റർ വർഗീസ് ഉണ്ണൂണ്ണി, ഇവാ. റോയി സി. മാത്യു, പാസ്റ്റർ ഏലിയാസ് ജോൺ, പാസ്റ്റർ സജിമോൻ സ്കറിയ, പാസ്റ്റർ ഏബ്രഹാം ജോർജ്, പാസ്റ്റർ സുനിൽ പണിക്കർ, പാസ്റ്റർ ഷാജി സി. മാത്യു, ബ്രദർ ബിന്നി സി. മാത്യു, ബ്രദർ ജോബിൻ എ. ജെയിംസ്, ബ്രദർ ടോമി വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ ഏലിയാസ് ജോൺ (പബ്ലിസിറ്റി ബോർഡ് ചെയർമാൻ) +61423804644

## സാക്ഷി



ന്യൂജനറേഷൻ -ഓൾഡു ജനറേഷൻ സംവാദത്തിൽ ജയിച്ചതാരെന്ന തർക്കം

*ഇതെല്ലാം കണ്ട് സ്വർഗ്ഗത്തിൽ കർത്താവ് ചിരിക്കുന്നു*

## യേശു എല്ലാം നന്നായി ചെയ്യുന്നു: പാസ്റ്റർ വൽസൻ ഏബ്രഹാം

### മിഡ് വെസ്റ്റ് റീജിയൺ കൺവൻഷൻ സമാപിച്ചു



ഐ. പി. സി. മിഡ് വെസ്റ്റ് റീജിയൻ കൺവൻഷനിൽ പാസ്റ്റർ വത്സൻ ഏബ്രഹാം പ്രസംഗിക്കുന്നു

**ഡാളസ്:** യേശു അത്ഭുതം ചെയ്തത് ജനക്കൂട്ടത്തെ ആകർഷിക്കുവാനോ അവരെ രസിപ്പിക്കുവാനോ അല്ല. ദൈവനാമമഹത്വത്തിനായും സാത്താന്റെ ശക്തിയുടെമേൽ തനിക്ക് അധികാരമുണ്ടെന്ന് തെളിയിക്കാനും ആയിരുന്നു. വ്യത്യസ്തമായ മാർഗ്ഗങ്ങൾ താൻ ശുശ്രൂഷയിൽ ഉപയോഗിക്കുന്നു. ഏതു രീതിയിൽ പ്രവർത്തിക്കുന്നു എന്നതിനേക്കാൾ പ്രവർത്തിക്കുന്ന ദൈവത്തിന്റെ കരമാണ് എന്നതിനാണ് നാം പ്രാധാന്യം നൽകേണ്ടതും വിശ്വസിക്കേണ്ടതെന്നും പാസ്റ്റർ വൽസൻ ഏബ്രഹാം പറഞ്ഞു. ഡാളസ് ഹെബ്രോനിൽ നടന്ന ഐ. പി. സി. മിഡ് വെസ്റ്റ് റീജിയൻ കൺവൻഷനിൽ മർക്കോസ് 7:31-37 വരെ ആധാരമാക്കി പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പാസ്റ്റർ പി. ബി. തോമസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജയിംസ് ജോർജ്ജ് പരിഭാഷ നിർവ്വഹിച്ചു. ആഗസ്റ്റ് 29-30 തീയതികളിലാണ് സമ്മേളനം നടന്നു. റീജിയൻ പ്രസിഡന്റ് പാസ്റ്റർ തോമസ് വി. കോശി, വൈസ് പ്രസിഡന്റ് പാസ്റ്റർ എ. എസ്. മാത്തുകുട്ടി, സെക്രട്ടറി പാസ്റ്റർ കെ. വി. തോമസ്, ജോ. സെക്രട്ടറി റവ. ജോൺസൺ വർക്കി, ട്രഷറർ ജോയി തുമ്പമൺ, ജനറൽ കൗൺസിൽ അംഗങ്ങൾ പാസ്റ്റർ ഷാജി ഡാനിയേൽ, ബ്രദർ ബെന്നി ജോൺ തുടങ്ങിയവർ നേതൃത്വം നൽകുന്നു.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

# ദുരുപദേശകരെ തിരിച്ചറിയണം




പണ്ടൊരു പത്രക്കാരൻ ഐ. പി. സി.യെപ്പറ്റി പറഞ്ഞത് ഐ. പി. സി. തിരുവല്ലാ റെയിൽവേ സ്റ്റേഷൻപോലെയാണെന്നാണ് ഫ്ളാറ്റ്ഫോം ടിക്കറ്റില്ലാതെ തന്നെ ആർക്കും ഏതുവഴി വേണമെങ്കിലും കയറുകയും ഇറങ്ങുകയും ചെയ്യാവുന്ന ഒരു സ്റ്റേഷനാണ് തിരുവല്ല. അതുപോലെയാണ് ഐ. പി. സി. എന്നാണദ്ദേഹം ഉദ്ദേശിച്ചത്. ഇന്ന് പെന്തെക്കോസ്ത് ആകമാനം ഇതുതന്നെയാണ് അവസ്ഥ. ഏതവനും കയറി നിരങ്ങാൻ പറ്റിയ ഇടമായിരിക്കുന്നു ഇവിടം. വാളെടുത്തവനെല്ലാം വെളിച്ചപാടായെന്നു പറഞ്ഞതുപോലെ ഏതുവിവരദോഷിക്കും ആളാകാൻ പറ്റിയ ഇടമാണിന്ന് പെന്തെക്കോസ്ത്. ഓൾഡു ജനറേഷനും ന്യൂജനറേഷനുമൊക്കെ നിറഞ്ഞാടുന്ന ഇവിടെ ഇന്നു സ്ഥാനം വിവരക്കേടിനാണ്. കൂടുതൽ വിവരക്കേട് എഴുന്നള്ളിക്കുന്നവൻ കൂടുതൽ മിടുക്കനാവുകയാണിവിടെ. പുറത്ത് രക്തം പുരട്ടിയാൽ അകത്തു പീഡനം നടന്നാലും കുഴപ്പമില്ലെന്നു ഒരുവൻ. സ്നാനപ്പെടാതെ കർത്തൃമേശയാകാമെന്നൊരുത്തൻ. മണവാളനായ ക്രിസ്തു കൂടെയുള്ളതിനാൽ പുതിയനിയമ സഭയിൽ ഉപവാസത്തിന്റെ ആവശ്യമില്ലെന്ന് ഒരു മഹാൻ തന്നെ പറയുന്നു. ഇതിനെല്ലാം ഹോശന്നാ പാടാൻ ഒരു കൂട്ടർ.

അടിസ്ഥാന ഉപദേശത്തെയും വിശ്വാസത്തെയും ഒക്കെ ഇളക്കി പ്രതിഷ്ഠിക്കുവാൻ വരെയുള്ള ശ്രമം നടത്തുന്നവരും ഇന്ന് ഇവിടെ വിലസുകയാണ്. വ്യാജനേത് ഒറിജിനലേതെന്ന കൺഫ്യൂഷൻ പലരിലുമുണ്ട് എന്നതാണ് വസ്തുത. ഇതു പലരും പങ്കുവെക്കുന്നത് കേട്ടിട്ടുമുണ്ട്. പാശ്ചാത്യർപോലും ഉപേക്ഷിച്ച പലതും ഇവിടെ പരീക്ഷിക്കാൻ ഇറങ്ങി പുറപ്പെട്ടിരിക്കുന്നവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ് പല പെന്തെക്കോസ്ത് ടി. വി ചാനലുകളും. ശരിയായ ദിശയിൽ ജനത്തെ നടത്തേണ്ടവർ ദിശയറിയാതെ അലയുന്ന കാഴ്ചയാണിവിടെ. പണത്തിന്റെ ധൂർത്തും ആഡംബരവും പളപളപ്പുമായി പെന്തെക്കോസ്ത് മറ്റൊന്നായി മാറുകയാണിവിടെ. എല്ലാം കച്ചവടമാകുന്ന ആധുനിക കാലത്തിന്റെ തന്ത്രം ഇവിടെ സഭയിലും പയറ്റുകയാണ്. ഗുണമില്ലാത്ത ഉല്പന്നങ്ങൾ മികച്ച പരസ്യങ്ങളിലൂടെ ജനത്തെ അടിച്ചേൽപ്പിക്കുന്ന ആധുനിക വിപണന തന്ത്രം ആത്മീയ രംഗത്തും വിജയകരമായി നടപ്പിലാക്കുകയാണ്.

കർത്താവിനേക്കാൾ വലിയവരെന്ന ഭാവത്തിൽ രോഗശാന്തിക്കാരായും വീര്യപ്രവർത്തിക്കാരായും ഷൈൻ ചെയ്യുന്നു. ഏതാണ് ശരി ഏതാണ് തെറ്റ്. ഏതാണ് പിൻപറ്റേണ്ടത് ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകേണ്ടത് നമ്മുടെ ആത്മീയ നേതൃത്വമല്ലേ? ദുരുപദേശകരെയും മറ്റു വ്യാജന്മാരെയും അകറ്റി നിർത്തേണ്ടതും ഇവരല്ലേ. ഇവിടുത്തെ പ്രസംഗകരോ ആത്മീയ നേതൃത്വത്തിലുള്ളവരോ ഒരു ചെറുവിരൽ പോലും അനക്കുന്നില്ല എന്നത് എത്ര ദുഃഖകരം ആണ് അല്ലെങ്കിലും ഇത്തരം പ്രവണതകളെ എതിർക്കുന്നത് ഇവിടെ മാധ്യമങ്ങളാണ് എന്നതാണ് യാഥാർത്ഥ്യം.

വേലി പൊളിഞ്ഞ മുന്തിരിത്തോട്ടംപോലെ കാട്ടുപന്നി മാന്തിക്കളഞ്ഞിരിക്കുന്ന ശോചനീയമായ അവസ്ഥയാണ് സഭയുടേത്. പ്രാണൻ നൽകിയ രക്ഷകൻ ആഗ്രഹിക്കുന്നതൊന്നും നൽകാൻ കഴിയാത്ത ആത്മീയ പാപ്പരത്തം ആണിവിടെ. വേർപാടും വിശുദ്ധിയും സഭയുടെ ശക്തിയായിരുന്ന കാലം ആധുനികന്മാർക്ക് പുച്ഛം ആയിരിക്കുന്നു. വേർപാടിനയവുവരുത്തിയും ഉപദേശത്തിനു പ്രാധാന്യമില്ലാതാക്കിയും ലോകരെ ആകർഷിക്കുന്നവർ ഇവിടെ ലോകമയത്വം സഭയിൽ കടന്നുകൂടാൻ അവസരം നൽകുന്നു. വചനത്തിനു പ്രാധാന്യം നൽകാതെ പാട്ടും കൂത്തും ആരാധന എന്ന പേരിൽ നടപ്പിലാക്കുന്നു. ഗൗരവമായി നടത്തേണ്ട വചന പഠനം കോമാളിക്കഥയുടെയും വെളിവുകേടുകളുടെയും മുമ്പിൽ പുറകിലാകുന്നു. നാം എങ്ങോട്ടാണ് പോകുന്നത്. ഒരു നിമിഷം സ്വയം ശോധനയ്ക്കായി സമർപ്പിക്കുവാൻ നമുക്കു കഴിഞ്ഞിരുന്നെങ്കിൽ. ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളായ ദുരുപദേശകരെ തിരിച്ചറിയുവാൻ നമ്മുടെ കണ്ണുകൾ തുറന്നിരുന്നെങ്കിൽ. ആത്മ മണവാളന്റെ മടങ്ങിവരവിനായുള്ള പ്രത്യാശയാൽ സഭ നിറഞ്ഞിരുന്നെങ്കിൽ നമുക്കു പ്രാർത്ഥിക്കാം. ഇവിടെ ഒരു മാറ്റം ആവശ്യമാണ്. അതിനായി പ്രാർത്ഥിക്കാം.

---

**യാത്രാവിവരണം**

# ഒബാമയുടെ നാട്ടിലൂടെ

**പാസ്റ്റർ സാംകുട്ടി മാത്യു**

അമേരിക്കൻ യാത്ര എന്റെ പല ധാരണകളെയും പൊളിച്ചെഴുതുന്നതായിരുന്നു. അമേരിക്കയുടെ തിളങ്ങുന്ന മുഖം മാത്രം കാണുകയും നല്ല വശങ്ങൾ മാത്രം കേൾക്കുകയും ചെയ്തിട്ടുള്ള എനിക്ക് എന്റെ ആ ധാരണകൾക്ക് മാറ്റം വരുത്തേണ്ടി വന്നു. അതിൽ പ്രധാനമാണ് ഇവിടെയുള്ള ഭവനരഹിതരായുള്ള പട്ടിണിപ്പാവങ്ങളുടെ കാര്യം. ഹോംലസ്സ് എന്നറിയപ്പെടുന്നവരുടെ കഥ കരളലിയിക്കുന്നതാണ്. ഒരു വശത്ത് ആഡംബരവും തീൻപുളപ്പുമാണെങ്കിൽ മറുവശത്ത് ഒരു നേരത്തെ ആഹാരത്തിനായി മറ്റുള്ളവരുടെ കനിവിനായി കരം നീട്ടുന്നവരും തലചായ്ക്കാൻ ഇടമില്ലാതെ തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവരും. മദ്യവും മയക്കുമരുന്നും വ്യഭിചാരവും പിടിച്ചു പറിയും നടമാടുന്ന ഒരു ഇരുണ്ട ലോകം. ഇത്തരക്കാർക്കായി പ്രവർത്തിക്കുന്ന ചില നല്ല ശമര്യക്കാരെയും കണ്ടുമുട്ടുവാൻ ഇടയായി. ഹോംലസ്സിന്റെ ഇടയിൽ പ്രവർത്തിക്കുന്ന ഒരു ദൈവ ഭൃത്യനോടൊപ്പം അവരുടെയിടയിലേക്കു പോയ കഥ പിന്നാലെ പറയാം.

ചാറ്റനൂഗയിൽ പാസ്റ്റർ സി.സി. തോമസിന്റെ ഭവനത്തിലാണ് താമസിച്ചത്. അവിടെ ചുരുക്കം സഭകളാണുള്ളത്. പാസ്റ്റർ എ.സി ഉമ്മൻ ശുശ്രൂഷിക്കുന്ന ചാറ്റനൂഗ ഐ. പി. സി.യിലും പാസ്റ്റർ വി. പി. ഏബ്രഹാം ശുശ്രൂഷിക്കുന്ന ചാറ്റനൂഗ ക്രിസ്ത്യൻ അസംബ്ലിയിലും റൈറ്റനർ ചർച്ച് ഓഫ് ഗോഡിലും ശുശ്രൂഷിക്കുവാൻ അവസരം ലഭിച്ചത് മറക്കാനാവാത്ത അനുഭവമായി. സഹോദരന്മാരായ ജോയസ് പി. മാത്യൂസിനെയും ജോൺസ് പി. മാത്യൂസിനെയും കാണുവാൻ കഴിഞ്ഞതും സന്തോഷമായി.

ക്ലീവ്ലാന്റിലേക്കുള്ള യാത്ര ജീവിതത്തിൽ എന്നും ഓർമ്മിക്കത്തക്കതായിരുന്നു. ചർച്ച് ഓഫ് ഗോഡ് അംഗം എന്നതിൽ അല്പം അഭിമാനം തോന്നിയതിൽ അത്ഭുതം ഇല്ല. വിശാലമായ ക്യാമ്പസ് തല ഉയർത്തി നിൽക്കുന്ന ചാപ്പലുകൾ, ലീ യൂണിവേഴ്സിറ്റിയുടെ കെട്ടിടങ്ങൾ ഇങ്ങനെ വ്യാപിച്ചു കിടക്കുന്ന ചർച്ച് ഓഫ് ഗോഡിന്റെ അന്താരാഷ്ട്ര ആസ്ഥാനം എന്തുകൊണ്ടും മനോഹരം.


ലേഖകൻ ചർച്ച് ഓഫ് ഗോഡ് ഏഷ്യൻ സൂപ്രണ്ട് റവ. കെൻ ആന്റേഴ്സണിനെ തന്റെ ഓഫീസിൽ സന്ദർശിച്ചപ്പോൾ

വിസിറ്റേഴ്സ് രജിസ്റ്ററിൽ ഒപ്പിട്ട് അകത്തു കയറി. റവ. കെൻ ആന്റേഴ്സന്റെ മുറിയിലേക്ക് പ്രവേശിക്കുന്നതിനു മുമ്പു തന്നെ അദ്ദേഹം പുറത്തേക്കിറങ്ങി വന്നു സ്വീകരിച്ചു. ഫീൽഡു ഡയറക്ടർ എന്ന നിലയിൽ 35ൽ പരം രാജ്യങ്ങളുടെ ചുമതല വഹിക്കുന്ന വ്യക്തിയാണ് ഇദ്ദേഹം (ഇപ്രാവശ്യത്തെ മാറ്റത്തിൽ ഒരു മിഷണറിയായി പോകുവാനായിരുന്നു ഇദ്ദേഹത്തിന്റെ തീരുമാനം. തന്റെ സേവനം ദൈവസഭയ്ക്കാവശ്യമെന്നു ബോധ്യപ്പെടുത്തി ഏഷ്യൻ സൂപ്രണ്ടായി വേൾഡുമിഷൻ ഇദ്ദേഹത്തെ നിയമിച്ചിരിക്കുന്നു) വളരെ താഴ്മയുള്ള വ്യക്തിയാണ് ഇദ്ദേഹം. വളരെ ഹൃദ്യമായ ഇടപെടൽ ഇദ്ദേഹത്തിന്റെ ഈ സ്വഭാവവും ഇടപെടലും കണ്ടപ്പോൾ നാട്ടിലെ ചില നേതാക്കന്മാരെ അറിയാതെ ഓർത്തുപോയി. മുമ്പിരുന്നവരും ഇപ്പോൾ ഇരിക്കുന്നവരുമായ നേതാക്കന്മാരുടെ തലക്കനവും ജാഡയും മനോമുകുരത്തിൽ തെളിഞ്ഞു വന്നപ്പോൾ അറിയാതെ ചിരിച്ചുപോയി. ഒരു മാതിരി മേലാളന്മാരുടെ ഭാവമുള്ള നേതാക്കളും അടിയാളന്മാരായ ഉപദേശിമാരും. ഈ രീതി മാറാതെ ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് രക്ഷപെടില്ല എന്നതാണെന്റെ അഭിപ്രായം വിയോജിക്കുന്നവരുണ്ടാകാം. സത്യം പറയുന്നതിന് ആരുടെയും പിന്തുണ വേണ്ടല്ലോ. സഹശുശ്രൂഷകരെക്കൊണ്ട് പെട്ടിചുമപ്പിക്കുന്നവരും വീട്ടിലേക്ക് ആവശ്യമായ സാധനങ്ങൾ ചന്തയിൽ നിന്ന് വാങ്ങിപ്പിക്കുന്നവരുമൊക്കെ ഈ ഗണത്തിൽ പെട്ടവരിലുണ്ടായിരുന്നത് നേരിട്ടറിയാം. മറ്റു പെന്തെക്കോസ്ത് വിഭാഗങ്ങളിലും ഇത്തരം ജാഡക്കാരുള്ളത് അറിയാം.

ഇന്ത്യയെ സ്നേഹിക്കുന്ന മിഷനറിയാണ് റവ. കെൻ ആന്റേഴ്സൺ. ദീർഘമായി അദ്ദേഹത്തോടു സംസാരിക്കാൻ അവസരം ലഭിച്ചു. ചർച്ച് ഓഫ് ഗോഡിന്റെ പ്രവർത്തന രീതിയും പോളിസിയും എല്ലാം അദ്ദേഹം വിശദീകരിച്ചു തന്നു. മഹാനായ ആ ദൈവഭൃത്യനുമായി സംസാരിച്ചത് ജീവിതത്തിലെ വേറിട്ട അനുഭവമായി. ലഭിച്ച പല അറിവുകളും എനിക്കു പുതിയവയായിരുന്നു.

ചാറ്റനൂഗയിൽ ബ്രദർ സോജി തോമസിന്റെ ഭവന സമർപ്പണ ശുശ്രൂഷയിൽ പങ്കെടുക്കുവാനും അല്പസമയം വചന ശുശ്രൂഷ നിർവ്വഹിക്കുവാനും അവസരം ലഭിച്ചതും സന്തോഷം പകർന്നു. ഇദ്ദേഹമാണ് എന്നെ ചാറ്റനൂഗയിലെ സ്ഥലങ്ങൾ കാണിച്ചു തന്നത്. ടെന്നസിയിൽ നിന്നും യാത്ര പറയുമ്പോൾ അത് അല്പം വേദന നിറഞ്ഞതായിരുന്നു. പാസ്റ്റർ സി.സി തോമസിനോടും കുടുംബത്തോടും യാത്രപറഞ്ഞ് വീണ്ടും അറ്റ്ലാന്റയിലെത്തി.

ഇപ്രാവശ്യം അറ്റ്ലാന്റയിലെ സ്ഥലങ്ങൾ കാണുവാനായി അവസരം ലഭിച്ചു. ലോകത്തിലെ ഏറ്റവും വലിയ അക്വേറിയം, (ശരിയാണോ എന്ന് എനിക്കുറപ്പില്ല) മാർട്ടിൻ ലൂഥർ സെന്റർ, CNN- സ്റ്റുഡിയോ, ഒളിംപിക് സെന്റിനറി പാർക്ക് ഇവിടങ്ങളിലെല്ലാം പോയി.

(തുടരും)

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
# (The Pastoral Epistles)

– തുടർച്ച–



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

തുടർന്നു തെരുവീഥികളിലെ ചില വീടുകളും തീവെച്ചു നശിപ്പിക്കുകയും അത് ക്രിസ്ത്യാനികളാണെന്നാരോപിച്ച് യഹൂദന്മാരെ ക്രിസ്ത്യാനികൾക്കെതിരെ തിരിച്ചുവിടുകയും ചെയ്തു. നിമിഷങ്ങൾക്കകം ക്രിസ്തീയ ഭവനങ്ങളിൽ നിന്ന് നിലവിളികൾ ഉയർന്നു. എന്നാൽ ഈ സംഭവത്തിനു പിന്നിലെ വ്യക്തി ആരാണെന്നുള്ളതും ഇതിന്റെ ഉദ്ദേശ്യം എന്ത് എന്നും മാർക്കോസ് മേഴ്സിയായെ ധരിപ്പിച്ചു. എന്നാൽ യാതൊരു സ്നേഹമോ അനുകമ്പയോ മേഴ്സിയ മാർക്കോസിനോട് പ്രകടിപ്പിച്ചില്ല. തന്നെ ഇനിയെങ്കിലും വിവാഹം കഴിക്കണമെന്ന് വീണ്ടും അദ്ദേഹം മേഴ്സിയായോട് കേണപേക്ഷിച്ചു. ദിവസങ്ങൾക്കകം ഗ്രാമത്തിലെ എല്ലാ ക്രിസ്ത്യാനികളേയും കാരാഗൃഹത്തിൽ അടയ്ക്കുകയും മാസങ്ങളോളം വിശന്നു കിടന്നിരുന്ന സിംഹങ്ങൾക്ക് ഇട്ടുകൊടുക്കുവാനും തുടങ്ങി. വളരെ പീഡിപ്പിക്കപ്പെട്ട ശേഷം രണ്ടു പേരെ വീതം പടയാളികൾ ഓരോ ദിവസവും സിംഹങ്ങൾ ഉള്ള കൂടുകളിൽ അടയ്ക്കും. കർത്താവിനെ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്ത അനേകർ രക്തസാക്ഷികൾ ആകുവാൻ തുടങ്ങി. ചില ദിവസങ്ങൾക്കു ശേഷം മേഴ്സിയയുടെയും പിതാവിന്റെയും ഊഴമെത്തി. അവർ അതിരാവിലെ തന്നെ ദൈവത്തെ സ്തുതിച്ചുകൊണ്ട് പാട്ടുകൾ പാടി. പ്രത്യാശയും ആനന്ദവും നൽക്കുന്ന ആ ഗാനങ്ങൾ ജയിലിന്റെ ഉള്ളറകളിൽ മുഴങ്ങി, കരിങ്കൽ ഭിത്തികളിൽ തട്ടി പ്രതിധ്വനിച്ചു. നിമിഷങ്ങൾക്കകം ചങ്ങലകളാൽ ബന്ധിതരായവരെ സിംഹക്കൂട്ടിലേക്ക് കൊണ്ടുപോകുവാൻ ഭടന്മാരെത്തി. അവർ തമ്മിൽ ആലിംഗനം ചെയ്തശേഷം കൊലക്കളത്തിലേക്ക് സൈന്യവുമായി നടന്നു നീങ്ങി. സൈന്യാധിപനായ മാർക്കോസും അവരുടെ പിന്നാലെ നടക്കുന്നുണ്ടായിരുന്നു. അദ്ദേഹം അവസാനമായി അവളോടിങ്ങനെ പറഞ്ഞു "എന്നെ സ്വീകരിക്കുകയാണ് നിങ്ങൾക്ക് രക്ഷപ്പെടുവാനുള്ള അവസാനത്തെ മാർഗ്ഗം".

എന്നാൽ മേഴ്സിയയുടെ പ്രതികരണം ദൃഢമായിരുന്നു, മാർക്കോസേ മരണത്തിനോ ജീവനോ, വാഴ്ചയ്ക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ഉയരത്തിനോ ആഴത്തിനോ, മറ്റേതൊരു സൃഷ്ടിക്കോ കർത്താവായ യേശുക്രിസ്തുവിലുള്ള സ്നേഹത്തിൽ നിന്നും എന്നെ വേർതിരിക്കുവാൻ കഴിയുകയില്ലാ എന്നു ഞാൻ ഉറച്ചിരിക്കുന്നു. ഉടനെ തന്റെ മേൽവസ്ത്രമൂരി മേഴ്സിയയുടെമേൽ ഇട്ടശേഷം അവളെ ആലിംഗനം ചെയ്തശേഷം നിറകണ്ണുകളോടെ ഇപ്രകാരം പറഞ്ഞു, നിന്റെ പ്രാണപ്രിയനായ ക്രിസ്തുവിനെ ഞാനും രക്ഷകനായി സ്വീകരിക്കുന്നു, നീ ആഗ്രഹിച്ചതുപോലെ ഞാനും ഒരു ക്രിസ്ത്യാനിയായിത്തീർന്നിരിക്കുന്നു. മാത്രമല്ല നീയെന്റെ ഭാര്യയും ഞാൻ നിന്റെ ഭർത്താവുമായി നമുക്കു ഒരുമിച്ചു മരിക്കാം, അങ്ങനെ അവർ രണ്ടുപേരും സിംഹങ്ങൾക്ക് ഇരയായി. അവർ ഇരുവരും പ്രത്യാശയോടെ തങ്ങൾ പ്രിയം വച്ച പ്രാണപ്രിയന്റെ നാട്ടിലേക്കു യാത്രയായി. ഒരു ഭക്തനും വിശ്വാസം കാക്കുന്നതിനു വിട്ടുവീഴ്ചയില്ല എന്നു ജീവിതം കൊണ്ടു തെളിയിച്ച അസാധാരണ വ്യക്തിയാണ് മേഴ്സിയ. പീഡയും ക്രിസ്തീയ വിശ്വാസത്തിന്റെ മുഖമുദ്രയാണ്, പീഡനം പ്രതീക്ഷീക്കാത്ത ക്രിസ്തീയജീവിതം വട്ടപൂജ്യമാണ് ഇന്നും ക്രിസ്തീയസഭ പീഡനത്തിലൂടെ കടന്നു പോകുന്നു.

ക്രിസ്തീയ ജീവിതം എന്നത് ഒരു വെല്ലുവിളിയാണ്, ഇതിൽ വിശ്വാസവും സ്നേഹവും ഉണ്ടാകണം, ഇവ ഉണ്ടാകണമെങ്കിൽ ക്രിസ്തുയേശുവിന്റെ കൃപയാൽ മാത്രമെ അത് പ്രാപിക്കുകയുള്ളൂ. ഇവിടെ പൗലോസ് പറയുന്നത്, ക്രിസ്തുയേശുവിലുള്ള വിശ്വാസത്തോടും – മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളുടെയും അടിത്തറ വിശ്വാസത്താലാണ് പണിയപ്പെട്ടിരിക്കുന്നത്. പരസ്പര വിശ്വാസം നഷ്ടപ്പെടുമ്പോഴാണ് കുടുംബജീവിതമായാലും രാജ്യഭരണമായാലും തകർന്ന് തരിപ്പണമാകുന്നത്. ഇതുപോലെ മനുഷ്യന്റെ ആത്മീയനിലനില്പും ദൈവത്തിലുള്ള വിശ്വാസത്തിലാണ്. വിശ്വാസം എന്ന വിഷയത്തിൽ ബൈബിളിന്റെയും ശാസ്ത്രത്തിന്റെയും കാഴ്ചപ്പാട് എന്താണ്? ശാസ്ത്രം പറയുന്നത് തെളിയിച്ചാൽ വിശ്വസിക്കാം. നിരീക്ഷണ പരീക്ഷണങ്ങളാൽ തെളിയിക്കപ്പെടുന്ന കാര്യങ്ങളിൽ മാത്രമാണ് ശാസ്ത്രത്തിനും വിശ്വാസമുള്ളത്. എന്നാൽ ബൈബിൾ പറയുന്നത് വിശ്വസിച്ചാൽ തെളിയിക്കാം എന്നാണ്. രക്ഷ വിശ്വാസത്താൽ ദൈവം നമുക്കു നൽകുന്ന ദാനമാണ്. അതുപോലെ ക്രിസ്തീയ ജീവിതവും വിശ്വാസത്താലാണ്. 2 കൊരി.5:7-ൽ നാം വായിക്കുന്നത് കാഴ്ചയാൽ അല്ല വിശ്വാസത്താലത്രെ ഞങ്ങൾ നടക്കുന്നത്. പൗലോസ് പറയുന്നത് "ക്രിസ്തുയേശുവിലുള്ള വിശ്വാസത്തോടും അടുത്തതായി സ്നേഹത്തോടും കൂടെ"- വിശുദ്ധ വേദപുസ്തകം സ്നേഹത്തിന്റെ പുസ്തകമാണ്. സ്നേഹവാനായ ദൈവത്തിന്റെ സ്നേഹ പ്രവർത്തനങ്ങളെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിശിഷ്ട ഗ്രന്ഥമാണ് ബൈബിൾ. സ്നേഹിക്കുന്ന ദൈവം കാൽവറിയിലെ സ്നേഹത്തിന്റെ പ്രദർശനം നിത്യസ്നേഹത്തിന്റെ ഉത്തമ ഉദാഹരണങ്ങൾ. ജീവൻ നൽകിയുള്ള ജീവൽ സ്നേഹം പരമാർത്ഥതയുള്ള പരമസ്നേഹം നിത്യതയുടെ അത്യന്ത സ്നേഹം, പുത്രനിലൂടെയുള്ള സ്നേഹം ഇവയെല്ലാം ബൈബിളിൽ ദർശിക്കാം. ആത്മാവിന്റെ ഫലത്തിൽ ഒന്നാമത്തേതാണ് സ്നേഹം. മറ്റുള്ള ഏതിനെക്കാളും പ്രാധാന്യം സ്നേഹത്തിനുണ്ട്. സ്നേഹം എന്നതിനും നാലു ഗ്രീക്കു വാക്കുകളുണ്ട്. **(തുടരും...)**

## നോവൽ 12

# കാൽവറിയുടെ ഉയരങ്ങൾ



സുനിൽ വർഗീസ്,
ബാംഗ്ലൂർ

ആൽബർട്ടിൽ നേരത്തെ ആ ഭീതിയുണ്ടായിരുന്നു. മാതേവനും ചോമനും കറമ്പനെ തല്ലിവിട്ടപ്പോൾ, എന്തെങ്കിലും പ്രത്യാഘാതം ഉണ്ടായേക്കും എന്നുള്ള ഭീതി. ഞായറാഴ്ച മീറ്റിംഗ് ആരംഭിച്ചപ്പോഴും ആൽബർട്ട് അവരെ പ്രതീക്ഷിച്ചു; വെട്ടുക്കിളിയെപ്പോലെ പാഞ്ഞെത്തി എല്ലാം നശിപ്പിക്കുവാനായി അവർ വരുമെന്ന്... ഒരു ഉൾവിളി അയാളിൽ തെളിഞ്ഞു കാണാമായിരുന്നു.

കുന്മാശന് മറ്റ് ഊരുകളിൽ സ്വാധീനമുള്ളതുകൊണ്ട് അവിടെ നിന്ന് ആളുകളെ സംഘടിപ്പിച്ചു വരുമെന്ന് വരെ ആൽബർട്ട് ചിന്തിച്ചിരുന്നു. ഇപ്പോൾ ഇതാ അവ സംഭവിക്കുന്നു.

കറുത്ത് തടിച്ച മുട്ടാളന്മാർ വാതിൽ നിറഞ്ഞു നില്ക്കുകയാണ്. ചുണ്ടിലൂടെ മുറുക്കിയൊലിപ്പിച്ച് കുന്മാശൻ ആൽബർട്ടിന്റെ മുൻപിൽ നിന്നു.

യേശു നാഥാ! എന്റെ കൂടെ അവിടുന്ന് നിൽക്കേണമേ, ദൂതന്മാരുടെ കാവൽ ഞാൻ അങ്ങയോട് ആവശ്യപ്പെടുന്നു... ആൽബർട്ട് പിറുപിറുത്തു.

കറുമ്പൻ മുത്തീടെ മകനാ... മുത്തി പറഞ്ഞു നിന്നെ ഓടിക്കാൻ ... കുന്മാശന്റെ പരുപരുത്ത സ്വരം.

എവിടെ നിന്നോ ധൈര്യം വന്നതുപോലെ, പേടിച്ചരണ്ട് നിൽക്കുന്ന വിശ്വാസികളെ നോക്കിയിട്ട് ആൽബർട്ട് പറഞ്ഞു.

കുന്മാശനിപ്പോൾ പോ... പിന്നീട് നമുക്ക് സംസാരിക്കാം...

രണ്ട് ദിവസി കൊണ്ട് നീ ദൈവപ്പിര പണിതില്ലേ... പക്ഷേ, ഏറെ നാൾ നിനക്കിവിടെ കഴിയാമ്പറ്റില്ല. കുന്മാശന്റെ ശബ്ദം കുറുകി.

ന്റെ മീരനെ നിന്റെ വലയിലാക്കിയില്ലേ... ഇവിടെ എന്റെ ബലം നീ സ്രമിച്ചാ ചോർത്താമ്പറ്റില്ല. രണ്ട് ദിവസിക്കുള്ളി മലയിറങ്ങിക്കോണം.അല്ലേൽ എല്ലാം തകർക്കും ഞാ...

കുന്മാശൻ വെട്ടിത്തിരിഞ്ഞു. നീണ്ട് ചുരുണ്ട മുടി പാറി.

മാതേവനെയും മറ്റും അറപ്പോടെ നോക്കിയിട്ട് അയാൾ വാതിൽ കടന്നു. ഇറങ്ങുമ്പോൾ പനങ്കമ്പു കൊണ്ട് ഉണ്ടാക്കിയ ഭിത്തിയിൽ അയാൾ ആഞ്ഞു ചവിട്ടുകയും ചെയ്തു. ദൈവപ്പിര ഒന്നാകെ കുലുങ്ങി.

വാടാ മക്കളെ. തടിയൻമാർ കൂടെ ചെല്ലുന്നു. ആൽബർട്ടിൽ ദീർഘനിശ്വാസമുതിർന്നു.

നന്ദി തേവാ... മാതേവന്റെ പിറുപിറുക്കൽ.

കുന്മാശനും മറ്റും പടർപ്പുകൾക്കപ്പുറം മറഞ്ഞപ്പോൾ ആൽബർട്ട് എല്ലാവരോടും ഇരിക്കാൻ പറഞ്ഞു.

നോക്കു, ഇങ്ങനെ വരാനേ കഴിയൂ. നമ്മുടെ ദേഹത്തിൽ തൊടമ്പറ്റില്ല്യ.. ആൽബർട്ട് ആശ്വസിപ്പിക്കുന്നതുപോലെ പറഞ്ഞു.

എന്നാൽ ആരുടേയും മുഖം തെളിഞ്ഞില്ല. മീറ്റിംഗ് കഴിഞ്ഞപ്പോൾ, ആളുകൾ പിരിഞ്ഞുപോയതിനുശേഷം ആൽബർട്ടും മതേവനും ചെറുമനും ശേഷിച്ചു. ചോമൻ പറഞ്ഞു: കുന്മാശന്റെ മോനെ വൈവിൾ കോളേജീച്ചേർത്തതോണ്ടാ ആയാക്കിത്ര്രേം കലി!

വിനോദിനെ അരിഞ്ഞുകൊന്നതിനുശേഷം മീരൻ പോലീസ് പിടിയിലായപ്പോൾ ആൽബർട്ടാണ് ജയിലിൽ പോയി മീരനെ തുടർച്ചയായി കാണുകയും ഉപദേശിക്കുകയും സമാധാനിപ്പിക്കുകയും ചെയ്തത്. കഞ്ചാവിനോടുള്ള ആസക്തി കുറയ്ക്കാനും അക്ഷരം പഠിപ്പിക്കാനുമായി ജയിലിൽ മീരന് വേണ്ട സാഹചര്യങ്ങൾ ഒരുക്കാൻ ആൽബർട്ടിന്റെ നിരന്തര പ്രയത്നം മൂലം കഴിഞ്ഞു. മീരൻ മെല്ലെ ക്രിസ്തുവിലേക്ക് ചാഞ്ഞു, തെറ്റുകൾ ഓർത്ത് അനുതപിച്ചു.

വിനോദിന്റെ പ്രയത്നങ്ങളെ ആൽബർട്ട്, മീരന് പറഞ്ഞുകൊടുത്തപ്പോൾ, കഞ്ചാവിന്റെ തീനാളങ്ങൾ കാരണം താൻ വിനോദിന്റെ ജീവനെടുത്തതോർത്ത് മീരൻ ഏറെ വിലപിച്ചു. മയക്കുമരുന്നിന്റെ സ്വാധീനം കൊണ്ട് പറ്റിയ തെറ്റായി കോടതി അത് കാണുകയും ശിക്ഷ ഇളവുചെയ്യുകയും ചെയ്തു. അങ്ങനെ മീരന് വല്ലാത്തൊരിഷ്ടം, ബഹുമാനം, ആൽബർട്ടിനോടായി തോന്നി. അതേ തുടർന്നാണ് മീരൻ ബൈബിൾ ക്ലാസ്സിൽ ചേർന്നത്. മിഷൻ പാഠങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്ന മീരനെ കവർന്നെടുത്തു താൻ എന്നാണ് കുന്മാശന്റെ ധാരണ. അതുകൊണ്ടാവാം, മീരൻ വചനം പഠിക്കാൻ പോയനാൾ മുതൽ കുന്മാശൻ ആൽബർട്ടിനെ ശല്യപ്പെടുത്തുന്നത്.

മീരൻ ഒരു കാരണമാവാം, പക്ഷേ ചോമാ ഒന്ന് ഉറപ്പിക്കണം, ചാകേണ്ടി വന്നാലും യേശുവിനെ നമ്മള് തള്ളിപ്പറയില്ലെന്ന്. ഇന്നോ നാളെയോ എന്നെ അവർ കൊന്നേക്കാം. എങ്കിലും ഈ നീലമുടിയിൽ യേശുവിന്റെ സാക്ഷികളായി നിങ്ങൾ കാണണം.

മാതേവൻ നിറഞ്ഞ കണ്ണോടെ ഓടിവന്ന് ആൽബർട്ടിന്റെ വായ പൊത്തി. ദൈവം കുട്ടീനെ ആരും കൊല്ലീല്ല. ചെറുമനും വല്ലാത്ത ഭാവത്തോടെ നോക്കുന്നു.

മീരന്റെ പഠിത്തം കഴിയാറായി. മീരൻ ഇവിടെ വന്നാൽ ഒരു പക്ഷേ കുന്മാശനെ നിയന്ത്രിക്കാൻ പറ്റിയേക്കും. ആൽബർട്ട് ആരോടെന്നില്ലാതെ പറഞ്ഞു. മാതേവനൊപ്പം അന്ന് ആൽബർട്ട് കുറേ കുടമ്പുകളിൽ കയറിയിറങ്ങി. രണ്ട് ദിവസത്തെ ഉറക്കക്ഷീണവുമായിട്ടാണയാൾ ഒടുവിൽ കുടിലിലേക്ക് ചെന്നത്. ഏലീശ പാർത്ത മലയ്ക്കു ചുറ്റും ദൈവത്തിന്റെ സേന പാളയമിറങ്ങിയതുപോലെ ഇവിടെയും ദൈവത്തിന്റെ സേന ഇറങ്ങിയിട്ടുണ്ട്. കുടിലിൽ കയറുന്നതിനുമുൻപ് നാവു കൊണ്ട് അയാൾ അങ്ങനെ പറഞ്ഞു.

കിടന്നപാടേ ഉറക്കം വന്ന് അയാളെ കീഴ്പെടുത്തി. മധ്യാഹ്നം കഴിഞ്ഞിരുന്നു; ഉറക്കം അലിഞ്ഞ് മാറിയപ്പോൾ. ആൽബർട്ട് കാപ്പിയിടുന്നത് ആലോചിച്ച് വാതില്ക്കലേക്ക് തിരിഞ്ഞപ്പോൾ അയാളുടെ നെഞ്ചിലൂടെ ഒരു ഇടിവാൾ പാഞ്ഞുപോയി.

വാതില്ക്കൽ കറമ്പൻ നിൽക്കുന്നു!

രക്തം വറ്റിവിളറിയ മുഖത്തോടെ ആൽബർട്ട് പിടഞ്ഞെഴുന്നേറ്റു. **(തുടരും)**

## സംസ്ഥാനത്ത് സമ്പൂർണ മദ്യനിരോധനത്തിന് പെന്തെക്കോസ്ത് യുവജന സംഘടനയുടെ പിന്തുണ

**കുമ്പനാട്:** സംസ്ഥാനത്ത് പൂട്ടിയ ബാറുകൾ തുറക്കാതെയും നിലവിലുള്ള ബാറുകൾ ഏപ്രിൽ 1ന് ശേഷം പൂട്ടാനുള്ള തീരുമാനം സ്വാഗതാർഹമാണെന്ന് പെന്തെക്കോസ്ത് യുവജന സംഘടന സംസ്ഥാന സമിതി അഭിപ്രായപ്പെട്ടു. ബിവറേജ് കോർപറേഷന്റെ ഔട്ട്ലെറ്റുകൾ കുടി പൂർണമായി പൂട്ടി കേരളത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കാനുള്ള ആർജ്വം കാണിച്ച സംസ്ഥാന സർക്കാരിനെയും രാഷ്ട്രീയ നേതൃത്വത്തെയും സമിതി അനുമോദിച്ചു. സമൂഹത്തിൽ ലഹരി വിരുദ്ധ സന്ദേശവും പ്രവർത്തനവും ബോധവൽക്കരണവും നടത്തിയ പെന്തെക്കോസ്തു യുവജന സംഘടന എല്ലാവിധ പിന്തുണയും ബോധവൽക്കരണത്തിനാവശ്യമായ സഹായവും നൽകുമെന്ന് പ്രമേയം അവതരിപ്പിച്ച് സംസ്ഥാന സെക്രട്ടറി സാബു ചാപ്രത്ത് പറഞ്ഞു.

സഭാ ആസ്ഥാനമായ കുമ്പനാട് ഹെബ്രോൻപുരത്ത് P.Y.P.A നടത്തുന്ന 21 ദിന ഉപവാസ പ്രാർത്ഥനയ്ക്കിടെയാണ് പ്രമേയം അവതരിപ്പിച്ചത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യാനിത്വത്തിനെതിരെ നടത്തുന്ന പീഡനങ്ങളിലും സമ്മേളനവും ഉത്കണ്ഠ രേഖപ്പെടുത്തി.

## കൺവൻഷൻ സമാപിച്ചു



**ചാറ്റനൂഗ:** റൈനർ ചർച്ച് ഓഫ് ഗോഡിന്റെ ചുമതലയിൽ നടത്തപ്പെട്ട് 29-ാമത് കൺവൻഷൻ സമാപിച്ചു. ആഗസ്റ്റ് 29,30 തീയതികളിൽ നടന്ന കൺവൻഷനിൽ പാസ്റ്റർ എം. എ. ജോൺ (കേരളം) വചനശുശ്രൂഷ നിർവ്വഹിച്ചു. സഭാശുശ്രൂഷയിൽ റവ. സി. സി. തോമസ് നേതൃത്വം നൽകി. റൈനർ ചർച്ച് ഓഫ് ഗോഡ് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിച്ചു.

ചോദ്യോത്തര വേദി

# ഇന്നത്തെ വിശ്വാസികൾ രക്ഷിക്കപ്പെട്ടവരോ?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** 'ഞാൻ രക്ഷിക്കപ്പെട്ടു', 'എനിക്ക് യാതൊരു ശിക്ഷാവിധിയുമില്ല', 'ഞാൻ വിശുദ്ധനാണ്', 'എന്റെ പൗരത്വം സ്വർഗ്ഗത്തിലാണ്', സമാനമായ മറ്റ് വചനങ്ങൾ ഉപയോഗിച്ച് ദൈവത്തെ ഭയമോ മനുഷ്യരെ ബഹുമാനമോ ഇല്ലാതെ പല വിശ്വാസികളും കൈയടിച്ചും കൈ ഉയർത്തിയും അടുത്തിരിക്കുന്ന ആൾക്ക് കൈ കൊടുത്തും ആരാധന എന്ന രീതിയിൽ ആടിപ്പാടി വിയർത്ത്കുളിച്ച് നൃത്തം ചെയ്ത് കൂട്ടായ്മ ആചരിക്കുന്നു. ഇങ്ങനെയുള്ള യോഗങ്ങളിൽ ആളുകൾ വർദ്ധിക്കുന്നുണ്ട്. ചില ടെലിവിഷൻ സുവിശേഷകരും ഈ രീതിയിലാണ് യേശുവിനെ പ്രചരിപ്പിക്കുന്നത്. രക്ഷ, രക്ഷിക്കപ്പെടൽ വിശദീകരിക്കാമോ? യേശുവിനെ വിശ്വസിച്ച് ഏറ്റുപറയുന്നതിലൂടെ **ഒരിക്കലായും അവസാനമായും രക്ഷിക്കപ്പെടൽ** (സ്വർഗ്ഗീയ പ്രവേശനം) ഉറപ്പായിക്കഴിഞ്ഞുവോ?

**- ജൂലി വെസ്ലി, വാകത്താനം**

**ഉത്തരം:** അപ്പൊസ്തലിക ലേഖനങ്ങളിൽ, അപ്പൊസ്തലന്മാർ രക്ഷയെപ്പറ്റി വിശദീകരിക്കുമ്പോൾ, രക്ഷിക്കപ്പെടുക എന്ന അവസ്ഥയ്ക്ക് കഴിഞ്ഞകാലവും, വർത്തമാനകാലവും, ഭാവികാലവും കാണിക്കുന്നുണ്ട്.

**രക്ഷിക്കപ്പെടുക കഴിഞ്ഞകാലത്തിൽ**

1) രക്ഷിക്കപ്പെടുന്നവരെ കർത്താവു ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (അപ്പൊ. പ്രവ. 2:47).

2) കൃപയാലാണല്ലോ നിങ്ങൾ വിശ്വാസമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്....അത് ദൈവത്തിന്റെ ദാനമാകുന്നു (എഫെസ്യർ 2:8)

**രക്ഷിക്കപ്പെടുക വർത്തമാന കാലത്തിൽ**

1) ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുവിൻ (ഫിലിപ്പ്യർ 2:12)

2) പൗലോസ് എഴുതുന്നു: "വല്ലവിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കണം എന്ന് വച്ച് ഞാൻ പിന്തുടരുകയാണ്..." (ഫിലിപ്പ്യർ 3:11 -16, സ്വതന്ത്രപരിഭാഷ)

**രക്ഷിക്കപ്പെടുക ഭാവികാലത്തിൽ**

1) നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം സമീപസ്ഥമായിരിക്കുന്നു (റോമർ 13:11).

2) ഒരുവൻ പണിതതു കത്തി നശിക്കുന്നുവെങ്കിൽ അവൻ നഷ്ടം സഹിക്കേണം; അവനോ തീയിൽകൂടി എന്നപോലെ രക്ഷിക്കപ്പെടും (1 കൊരി. 3:15).

കഴിഞ്ഞ കാലത്തെ രക്ഷയുടെ അവസ്ഥയ്ക്ക് **നീതികരണം** എന്നും, വർത്തമാനകാലത്തെ രക്ഷയുടെ അവസ്ഥയ്ക്ക് **വിശുദ്ധീകരണം** എന്നും, ഭാവികാലത്തെ രക്ഷയുടെ അവസ്ഥയ്ക്ക് **മഹത്വീകരണം** എന്നും പറയാം.

**എന്താണ് നീതികരണം അഥവാ രക്ഷിക്കപ്പെടുക കഴിഞ്ഞകാലത്തിൽ**

യേശുവിന്റെ ജനനം, ശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവ ഒരാൾ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ നമുക്ക് പാപക്ഷമയും ദൈവ മുമ്പാകെ നീതിമാന്മാരെന്ന പരിഗണനയും ലഭിക്കുന്നതാണ് ദൈവത്താലുള്ള നീതികരണം (റോമർ 10:9). നീതികരണം സംഭവിക്കുന്നത് നമ്മുടെ യാതൊരു നല്ല പ്രവർത്തിയുടെയും അടിസ്ഥാനത്തിലല്ല (എഫെസ്യർ 2:8,9). നമുക്ക് സ്വയം സന്തോഷിക്കാനും, മറ്റുള്ളവരെ സന്തോഷിപ്പിക്കാനും, ദൈവത്തെ സന്തോഷിപ്പിക്കാനും ചെയ്യുന്ന എല്ലാ നന്മ പ്രവർത്തികളും, വിശുദ്ധനായ ദൈവത്തിന്റെ മുമ്പിൽ കറപുരണ്ട തുണിപോലെയാണ് (യെശ. 64:6). ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ, യേശുവിൽ വിശ്വാസമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ദൈവം നമ്മളെ നീതികരിക്കുന്നത്.

**എന്താണ് വിശുദ്ധീകരണം അഥവാ വർത്തമാനകാലത്തെ രക്ഷ**

യേശുവിനെ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത് ദൈവത്താൽ നീതികരണം പ്രാപിച്ചെങ്കിലും, യേശുവിന്റെ ഉപദേശങ്ങളും കല്പനകളും നിത്യജീവിതത്തിൽ അനുസരിക്കാൻ താല്പര്യമില്ലാത്തവൻ **കള്ളനാകുന്നു. സത്യം അവനിലില്ല (1യോഹ. 2:4).** 'പലരും നമ്മുടെയിടയിൽ നിന്ന് രക്ഷിക്കപ്പെട്ടു എന്നു പ്രഖ്യാപിച്ച് പുറപ്പെട്ടുവെങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല. അവർ നമുക്കുള്ളവർ ആയിരുന്നുവെങ്കിൽ നമ്മുടെ ഉപദേശങ്ങളോടും കല്പനകളോടുംകൂടി നിലകൊള്ളുമായിരുന്നു (1 യോഹ. 2:19-25 ആശയപരമായ സ്വതന്ത്രപരിഭാഷ). 'ശുദ്ധീകരണം കൂടാതെ **ആരും** കർത്താവിനെ കാണുകയില്ല' (എബ്രായർ 12:14). 'നിങ്ങളെത്തന്നെ വഞ്ചിക്കാതിരിക്കുവിൻ; **അന്യായം ചെയ്യുന്നവരാരും** സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല' (1കൊരി. 6:9,10). 'വഞ്ചിക്കപ്പെടരുത്; ദൈവത്തെ തുച്ഛീകരിക്കരുത്; മനുഷ്യൻ വിതയ്ക്കുന്നതു തന്നേ കൊയ്യും' (ഗലാത്യർ 6:7). ദൈവത്തിൽ ആശ്രയിച്ച് ദൈവഹിതത്തിനെതിരായ ജഡാഭിലാഷങ്ങളെയും ലോകസ്നേഹത്തെയും നാം മരിപ്പിക്കേണ്ടതാണ് (റോമർ 8:13). യഥാർത്ഥമായും നീതികരണം പ്രാപിച്ചവർ (രക്ഷിക്കപ്പെട്ടവർ) ദൈവത്തോടും മനുഷ്യരോടും നിരന്തരം നിരപ്പു പ്രാപിച്ചുകൊണ്ടിരിക്കും (1 യോഹ. 1:9; യാക്കോബ് 5:14). നിത്യജീവിതത്തിൽ അവർ സന്തോഷചിത്തരും (1 തെസ്സ. 5:16), സൗമ്യരും, സമാധാനം അനുഭവിക്കുന്നവരുമായിരിക്കും. വിശുദ്ധീകരണം മറന്നുകൊണ്ടുള്ള ഒരു നീതികരണമോ മഹത്വീകരണമോ അപ്പൊസ്തലന്മാർ **രക്ഷയെ** സംബന്ധിച്ച് ഉദ്ദേശിച്ചിരുന്നില്ല. **രക്ഷയുടെ രണ്ടാമത്തെ ഘടകമായ വിശുദ്ധീകരണത്തെക്കുറിച്ച് പരിജ്ഞാനമില്ലാത്തതു കൊണ്ടാണ് പലർക്കും ദൈവത്തെ ഭയമോ മനുഷ്യരെ ബഹുമാനമോ ഇല്ലാതെ നിഗളികളായി നടക്കുന്നത്.**

**എന്താണ് മഹത്വീകരണം അഥവാ ഭാവികാലത്തെ രക്ഷ**

നാമെത്രമാത്രം വിശുദ്ധീകരണം പ്രാപിച്ചാലും പാപം ചെയ്യാൻ സാധ്യതയുള്ള ഈ ശരീരത്തിലിരിക്കുന്നിടത്തോളം കാലം നമ്മളിൽ പാപം ഒന്നുമില്ല എന്നു പറയാൻ നമുക്ക് സാധ്യമല്ല അഥവാ നമ്മിൽ പാപം ഇല്ല, അറിഞ്ഞോ അറിയാതെയോ പാപം ചെയ്യില്ല എന്ന് നാം പറഞ്ഞാൽ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു: സത്യം നമ്മിൽ ഇല്ലാതെയായി (1യോഹ. 1:8, സ്വതന്ത്രപരിഭാഷ). എങ്കിലും നാം തികഞ്ഞ ആത്മാർത്ഥതയുള്ളവരാണെങ്കിൽ ബോധപൂർവ്വമായ പാപം ചെയ്യാതെയും മനസ്സാക്ഷിയിൽ കുറ്റം വിധിക്കപ്പെടാതെയും ജീവിക്കാൻ സാധിക്കും (1കൊരി. 4:4; 1യോഹ 2:1). ഇങ്ങനെ നാം നീതികരണത്തിലും വിശുദ്ധീകരണത്തിലും കടന്ന് രക്ഷയുടെ അന്തിമഘടമായ മഹത്വീകരണം പ്രാപിക്കുവാനായി ക്രിസ്തുവിന്റെ പുനരാഗമനം കാത്തുകൊണ്ട് ജീവിക്കും (ഫിലിപ്പ്യർ 3:21).

ഒരുവന്റെ ക്രിസ്തീയ ജീവിതത്തിൽ **ആദ്യമായി സംഭവിക്കേണ്ടത്** ദൈവത്താലുള്ള സൗജന്യനീതികരണമാണ് അഥവാ 'രക്ഷിക്കപ്പെടൽ' ആണ്. അതിനുവേണ്ടിയാണ് ആദിമ അപ്പൊസ്തലന്മാർ ശ്രമിച്ചുകൊണ്ടിരുന്നത്. അതിനുപകരമായിട്ടോ, അതിനെക്കാൾ പ്രാധാന്യമുള്ളതോ ആയ വേറൊരു അടിസ്ഥാന ക്രിസ്തീയ ശുശ്രൂഷയും ഇല്ല (എബ്രായർ 6:1-3). അതുകൊണ്ടാണ് 'അപ്പൊസ്തലന്മാർ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും **മാത്രം** വ്യാപൃതരായിരിക്കും' എന്ന് പ്രഖ്യാപിച്ചത് (അപ്പൊ. പ്രവ.6:4).

**താഴെകൊടുത്തിരിക്കുന്ന വചനങ്ങൾ പരിശോധിക്കുക**

1) നീയും നിന്റെ കുടുംബം മുഴുവനും രക്ഷിക്കപ്പെടുവാനുള്ള വാക്കുകൾ (സൗജന്യമായി നീതികരിക്കുപ്പെടുവാനുള്ള വാക്കുകൾ) അവൻ നിന്നോടു സംസാരിക്കും' (അപ്പൊ. പ്രവ. 11:14).

2) 'ജാതികൾ രക്ഷിക്കപ്പെടേണ്ടതിനായി (വിശ്വാസത്താൽ സൗജന്യമായി നീതികരിക്കപ്പെടേണ്ടതിനായി) ഞങ്ങൾ അവരോടു പ്രസംഗിക്കുന്നതു വിലക്കുന്നവരും ആകുന്നു..." (1തെസ്സ. 2:16).

3) '....അറിവില്ലായ്മയുടെ കാലങ്ങൾ ദൈവം കണക്കിടാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് (ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ സൗജന്യമായി നീതികരിക്കപ്പെടണമെന്ന്) മനുഷ്യരോട് കല്പിക്കുന്നു (അപ്പൊ. പ്രവ. 17:30).

4) 'പരിജ്ഞാനപ്രകാരമല്ലെങ്കിലും പലരും ദൈവത്തിനുവേണ്ടി തീക്ഷണതയുള്ളവരാണ്. അവർ **രക്ഷിക്കപ്പെടേണം എന്നുള്ളത്** എന്റെ ഹൃദയത്തിലെ ആഗ്രഹവും പ്രാർത്ഥനയുമാണ്. ദൈവം സൗജന്യമായി നീതികരിക്കുന്നത് അറിയാതെ പലരും തങ്ങൾക്ക് ബോധിച്ച രീതിയിൽ നീതികരണം നേടുകയാണ്. യേശുവിൽ വിശ്വസിക്കുന്ന ഏവനും സൗജന്യമായി നീതികരണം ലഭിക്കുവാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു' (റോമർ 10:1-4, സ്വതന്ത്രപരിഭാഷ).

**അടിക്കുറിപ്പ്:** ഇന്നത്തെ ലോകത്തിലെ ക്രിസ്ത്യാനികളെ വീക്ഷിക്കുമ്പോൾ പ്രധാനമായും കാണുന്നത് ഇപ്രകാരമാണ്: ദൈവത്താലുള്ള നീതികരണം സൗജന്യമാണെന്ന് അറിയാതെ (രക്ഷിക്കപ്പെടാതെ) **ദുഃഖഭാവത്തോടെ** വിശുദ്ധീകരണത്തിനും ഭൗതീക നന്മകൾക്കും ശ്രമിക്കുന്ന കത്തോലിക്കരും മറ്റ് എപ്പിസ്ക്കോപ്പൽ സഭാംഗങ്ങളും, സൗജന്യമായി നീതികരണം ലഭിച്ചശേഷം വിശുദ്ധീകരണത്തിന് ശ്രമിക്കാതെ മഹത്വീകരണം സംഭവിക്കും എന്ന് **തെറ്റായി വിശ്വസിച്ചുകൊണ്ട്** തുള്ളിച്ചാടിയും നൃത്തം ചെയ്തും നിഗളിച്ചും നടക്കുന്ന പെന്തെക്കോസ്ത് /ന്യൂജനറേഷൻ വിശ്വാസികളും. മറ്റ് ചിലരാകട്ടെ, വിശുദ്ധീകരണത്തിൽ തീവ്രത കൂടി, കാറ്, ആധാർ കാർഡ്, സർവ്വമാന തിരിച്ചറിയിൽ കാർഡുകളും കത്തിച്ച് കളഞ്ഞ് (വെളിപ്പെടാൻ പോകുന്ന എതിർക്രിസ്തുവിന്റെ കണ്ണിൽപ്പെടാതിരിക്കാനാണ് ഇതെല്ലാം ചെയ്യുന്നത്), എല്ലാവിധ മാനസിക ഉല്ലാസങ്ങളും ത്യജിച്ച് മൃതപ്രായരായി ചൈതന്യമില്ലാതെ ജീവിക്കുന്നു (കൊലൊ. 2:16; 2 പത്രോ. 3:15,16).

## 12 ⇦ മാധ്യമവിചാരം...

അമേരിക്കയിൽ എത്തി. വിസ കിട്ടാത്തവർ സായ്പിന്റെ തിന്മകൾക്കെതിരെ ഘോരംഘോരം പ്രസംഗിച്ച് കേരളം കൊണ്ട് ഒതുങ്ങി ചരിത്ര പണ്ഡിതനും താത്വികനും അമരിഗോ വെസ്പുച്ചിയുടെ മണ്ണിൽ പതിവുപോലെ എത്തി. സാംകുട്ടി മാത്യു എന്ന ജേണൽ പത്രാധിപർ ഇവിടേക്ക് പ്രഥമ യാത്ര. മുഖ്യധാര പത്രക്കാരിൽ ക്രൈസ്തവചിന്തയുടെ റസ്സലും.

ജേണലിലെ സാംകുട്ടി മാത്യു അമേരിക്കയിൽ എത്തിയമുറയ്ക്ക് ഊമസാഹിത്യം അദ്ദേഹത്തെയും റസ്സലിനെയും ഉന്നംമിട്ട് പ്രചരിച്ചു. മാന്യമായ പ്രതിമാസവരുമാനം പറ്റുന്ന ഉയർന്ന കേന്ദ്ര ഗവൺമെന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ആളാണ് റസ്സലിന്റെ പത്നി. അതുകൊണ്ടുതന്നെ അകംപുറം നോക്കാതെ റസ്സൽ അമേരിക്കയിലും സ്വതസിദ്ധ ശൈലിയിൽ ഊമൻമാരോട് പ്രതികരിച്ചു "പോടാ". തരക്കേടില്ലാത്ത വിധം മീറ്റിംഗുകളിൽ സാംകുട്ടി മാത്യുവിന് ക്ഷണം ലഭിച്ചു. ഊമന്മാരുടെ സാഹിത്യം ചവറ്റ് കൊട്ടയിൽ എറിഞ്ഞ് അമേരിക്കൻ വിശ്വാസികൾ പ്രതികരിച്ചു. ഈ ലേഖകന്റെ സംശയം, രണ്ടു തവണ അമേരിക്കൻ വിസ നഷ്ടപ്പെട്ട, അടുത്ത കാലത്തൊന്നും അതിനു ശ്രമിച്ചിട്ടില്ലാത്ത എന്റെ പേർ കൂടി ഊമന്മാർ അവരുടെ ഗോസിപ്പ് സാഹിത്യത്തിൽ വലിച്ചിഴച്ചതെന്ത്? ഏതായാലും നമുക്കൊക്കെ പേരിടുന്നത് പിതാവാണല്ലോ. അതുകൊണ്ട് ഒരാൾ നമ്മെ പേർ ചൊല്ലി വിളിക്കുമ്പോൾ അഭിമാനകരമായ ഒരു പൈതൃകത്തെക്കൂടി നാം ഓർക്കുകയാണ്. അങ്ങനെ ഓർക്കാനില്ലാത്തവനാണ് ഊമസാഹിത്യത്തിന്റെ ഉപജ്ഞാതാവ്. ഊമൻ ചക്കര തിന്നാൽ അതിന്റെ വികാരം പ്രതിഫലിപ്പിക്കാൻ ഭാഷയില്ലാതെ പോകുക സ്വാഭാവികം. എങ്കിലും അവരുടെ മുഖത്ത് മധുരത്തിന്റെ ഭാവം പ്രകടമാണ്. അതുകൊണ്ട് ചിലരുടെ മുഖം നോക്കിയാൽ മനസ്സിലാകും ആരാണ് ചക്കര തിന്നത്. അവർക്ക് ചരിത്രബോധമുണ്ടോ? താത്വികഭാവമുണ്ടോ? ഇറാഖിനെക്കുറിച്ചും ഗസ്സയെക്കുറിച്ചും സാംകുട്ടി മാത്യുവിനു കിട്ടിയ വിസയെക്കുറിച്ചും ആശങ്കയുണ്ടോ? ഉണ്ടെങ്കിൽ പിന്നെ എന്തിന് സംശയം.

കഴിഞ്ഞ ലക്കം ജേണലിൽ താരുവിന്റെ സുവിശേഷം വിവാദം ആകുന്നു എന്ന ലീഡിംഗ് ന്യൂസുണ്ട്. അകത്ത് പെൺവാണിഭം നടന്നാലും യേശുവിന്റെ രക്തം ഉണ്ടെങ്കിൽ ഒരു പ്രശ്നവും ഇല്ലായെന്ന താരുവിന്റെ വാക്കുകളാണ് വാർത്തയ്ക്ക് ആധാരം. ഇക്കൂട്ടരെ അടിസ്ഥാനപരമായി തന്നെ എതിർത്തുപോന്ന ജേണൽ നിലപാട് തുടരുന്നത് സ്വാഗതാർഹം. ആശുപത്രി ഉപകരണങ്ങളുടെ കച്ചവടം ചെയ്തുപോന്ന തങ്കുവിനെക്കാൾ കുറെയൊക്കെ ബൈബിൾ പഠിച്ച ആളാണ് സജിത്ത്. തങ്കുവിനെയും കടത്തിവെട്ടി സജിത്ത് കസറുമ്പോൾ തങ്കു ഒന്ന് പതറി. സ്വർഗ്ഗീയവിരുന്നിൽ ഇരുന്ന് തങ്കുവിന്റെ വളിച്ചഭക്ഷണം അടിക്കുന്ന ചില മഹാന്മാരെ സജിത്ത് പിടിച്ചെടുത്ത് അപ്പവീഞ്ഞുകൾ കൊടുത്തു. തങ്കു താരുമാരുടെ സാമ്രാജ്യത്തിലേക്ക് കടന്നുകയറി ആളെ പിടിക്കുന്ന സജിത്തിന്റെ ഏർപ്പാടിൽ ന്യൂജനറേഷൻ തട്ടിപ്പുകാർ നടുങ്ങി. കൊട്ടാരക്കരക്കാരൻ ഒരു താരു ഭക്തൻ ഈ ലേഖകനെ സജിത്തുമായി സംവാദത്തിന് വിളിച്ചു. ഒപ്പം താരുവും ഉണ്ടാകുമത്രേ. ഒടുവിൽ കടുവയും സസ്യഭുക്കായോ? സജിത്തും താരുവും ഞങ്ങൾക്ക് ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. താരു ഭക്തൻ കോപിച്ച് ഫോൺ കട്ട് ചെയ്തു. പേര് വെളിപ്പെടുത്താത്തതുകൊണ്ട് താരു ഭക്തൻ എന്ന് മാധ്യമവിചാരകൻ ഒരു നാമകരണം ഇട്ടു. പ്രീയപ്പെട്ട ഭക്താ, അങ്ങ് കൊട്ടാരക്കരയുടെ ഏതെങ്കിലും മൂലയിലിരുന്ന് ഈ കുറിപ്പ് വായിക്കുന്നുവെങ്കിൽ താരു പറയുന്നത് കേട്ട് പെൺവാണിഭത്തിന് ഇറങ്ങിപ്പുറപ്പെടരുത്. ഈ രാജ്യത്തെ ഭരണകൂടത്തിന് അത് പണിയാകും. ഒരു കൃപയുമില്ലാതെ അവർ പെരുമാറിക്കളയും.

ഒരു ചെറിയ ഇടവേളയ്ക്കുശേഷം മാധ്യമവിചാരണ തുടരുന്നതിനാൽ ഇതര ആനുകാലികങ്ങളിലേക്ക് കൂടുതൽ ശ്രദ്ധകൊടുക്കാനായിട്ടില്ല. ആ കുറവുകൾ വരും ലക്കങ്ങളിൽ നികത്താം എന്ന പ്രതീക്ഷയിൽ ഈ ലക്കം താരുഭക്തനും സ്വന്തം പൈതൃകം മറച്ചുവെച്ച് ഞെരുങ്ങികഴിയുന്ന ഊമസാഹിത്യകാരന്മാർക്കും സമർപ്പിക്കുന്നു.

## ബ്ലസ് സൂററ്റ് 2014

ഐ.പി.സി സൂററ്റ് സിറ്റി സഭയുടെ ആഭിമുഖ്യത്തിൽ 'ബ്ലസ് സൂററ്റ് 2014' എന്ന പേരിൽ ആഗസ്റ്റ് 22 - 24 ദിവസങ്ങളിൽ ഉപവാസപ്രാർത്ഥനയും ഉണർവ്വ് യോഗങ്ങളും നടന്നു. പ്രസ്തുത യോഗങ്ങളിൽ പാസ്റ്റർ ഷിബു ജോർജ് (കേരളം), പാസ്റ്റർ പി.എ. ജോർജ് (ഐ.പി.സി ഗുജറാത്ത് സ്റ്റേറ്റ് പ്രസിഡന്റ്) എന്നിവർ മുഖ്യാതിഥികളായിരുന്നു. ഇതിനോടനുബന്ധിച്ച് നടന്ന സ്നാന ശുശ്രൂഷയിൽ ആറുപേർ വിശ്വാസസ്നാനം സ്വീകരിച്ചു. പാസ്റ്റർ പി.എ ജോർജ് സ്നാന ശുശ്രൂഷ നിർവഹിച്ചു. വിവിധ ഭാഷക്കാരായ എഴുപതോളം പേർ കൂടിവരവിൽ സംബന്ധിക്കുന്നു. പാസ്റ്റർ ജിജി പോൾ ഇവിടെ ശുശ്രൂഷിക്കുന്നു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ആരാധനയോഗങ്ങൾ നടക്കുന്നു.

ലേഖനം

# പിന്മാറ്റത്തിന്റെ വേദശാസ്ത്രം – 2



റെജി പോൾ
ഷാർജ

### പിന്മാറ്റത്തിന്റെ ദൂഷ്യഫലങ്ങൾ

**1. വ്യക്തിപരമായ തകർച്ച:**

സദൃശ്യ വാക്യങ്ങൾ 14:2 "ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും; അതിന്റെ അവസാനമോ മരണവഴികൾ അത്രേ". പിന്മാറ്റം തകർക്കുന്നത് ഒന്നാമതായി പിന്മാറിയ വ്യക്തിയുടെ ആത്മീയ ജീവിതത്തെ തന്നെയാണ്. ശരിയായ മാർഗമെന്നു ഒരിക്കൽ വ്യക്തമായി മനസ്സിലായതിനെ ഉപേക്ഷിച്ചു പിന്മാറുന്ന ഒരു വ്യക്തി ആത്മീയ മരണമെന്ന മടങ്ങി വരാൻ കഴിയാത്ത നിലയിലേക്ക് കൂപ്പു കുത്തുന്നു. താൻ ചേർന്ന് നിൽക്കുന്ന ദൈവസഭയിൽ കൂട്ടു വിശ്വാസികളുടെയോ നടത്തിപ്പുകാരുടെയോ കുറവുകളും കുറ്റങ്ങളും ആണ് പലരെയും പിന്മാറ്റക്കാരാക്കുന്നത്. പക്ഷെ കുറേക്കൂടി ആത്മസംതൃപ്തിയും ആത്മീയസംതൃപ്തിയും ലഭിക്കുന്ന കൂട്ടായ്മകളിൽ ചേക്കേറുന്നത് നിക്ഷിദ്ധമല്ലെങ്കിലും അതിന്റെ പേരിൽ എല്ലാറ്റിൽ നിന്നും ഉൾവലിഞ്ഞു കൊണ്ട് അവിശ്വാസികളോട് കൂട്ടായ്മ ആചരിക്കുന്നത് നാശത്തിലേക്കുള്ള വൺവേ ടിക്കറ്റ് ആണെന്നുള്ള തിരിച്ചറിവ് ഉണ്ടായാൽ നന്ന്. കാരണം കൂട്ടായ്മകളാണ് വിശ്വാസിയെ ഉറപ്പിക്കുന്നത്. ഉദാഹരണത്തിന് ഈ വേദഭാഗങ്ങൾ വായിക്കുക : അപ്പൊ.പ്രവർത്തികൾ 2:41-46 "അവന്റെ വാക്കു കൈകൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു.. വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു, സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവനു ആവശ്യം ഉള്ളതു പോലെ എല്ലാവർക്കും പങ്കിടുകയും. ഒരുമനപ്പെട്ടു ദിനം പ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തു കൊണ്ടിരുന്നു". എബ്രായർ 10:24 'ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും സൽപ്രവർത്തിക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു." രക്ഷിക്കപ്പെട്ടാൽ നിത്യത ഉറപ്പായി എന്നത് വാസ്തവം. എന്നിട്ടും എന്തിനാണ് സൗദി അറേബ്യയിലും മറ്റുമുള്ള വിശ്വാസികൾ നൂറു കണക്കിന് മൈൽ യാത്ര ചെയ്തു ജീവൻ പോലും പണയം വച്ച് കൂട്ടായ്മ ആചരിക്കുന്നതെന്ന് ചോദിച്ചാൽ തന്നെ പറയും അതിലുള്ള വലിയ സന്തോഷം.

**2. മറ്റുള്ളവരുടെ തകർച്ച:**

**A. സ്വന്ത സഭ:**

ഒരു വ്യക്തി പിശാചിനാൽ പിടിക്കപ്പെട്ടിട്ടു അനാത്മിക കാരണങ്ങളാൽ പിന്മാറിപ്പോയാൽ അത് താനിരിക്കുന്ന സഭയിലും ഇടർച്ചയുണ്ടാക്കും. കാരണം പിന്മാറ്റം ഒരു ദിവസം കൊണ്ടുണ്ടാകുന്നതല്ല. അത് പല നാളായുള്ള എതിർപ്പും മുറുമുറുപ്പും ദൂഷണവും ഒക്കെയായി പതുക്കെ വളരുന്നതാണ്. സഭയിൽ നിന്ന് വ്യക്തികളോ കുടുംബങ്ങളോ വിട്ടു പോകുമ്പോൾ അതിന്റെ ധാർമിക ഉത്തരവാദിത്വം സ്വാഭാവികമായും നേതൃത്വത്തിന്റെമേൽ വീഴുന്നു. ഇത് സഭയിൽ ഇടർച്ച സൃഷ്ടിച്ചേക്കാം. ഇതിനെക്കാൾ വലിയ ദുരന്തമാണ് ആത്മീയ പരിവേഷം വിടാതെ തന്നെ പിന്മാറിപ്പോയവർ. അവർ സഭയിൽ പഴയ പോലെ തന്നെ സജീവമായി തുടരുകയും എല്ലാത്തിലും മുൻപന്തിയിൽ കാണപ്പെടുകയും ചെയ്യും. പക്ഷേ അവരുടെ സാന്നിധ്യം സഭയെ അർബുദം പോലെ സഭയെ തകർക്കും. സഭാപ്രസംഗി 10:1 "ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു; അല്പഭോഷത്വം ജ്ഞാനമാനങ്ങളെക്കാൾ ഘനമേറുന്നു". "നിങ്ങളുടെ ഇടയിൽ ദുർന്നടപ്പു ഉണ്ടെന്നു കേൾക്കുന്നു. ഒരുത്തൻ തന്റെ അപ്പന്റെ ഭാര്യയെ വെച്ചുകൊള്ളുന്നുപ്പോൽ; അതു ജാതികളിൽപോലും ഇല്ലാത്ത ദുർന്നടപ്പു തന്നെ" (1 കൊരി. 5: 1). ഇങ്ങനെയുള്ള കഥാപാത്രങ്ങളുടെ മറഞ്ഞിരിക്കുന്ന അന്ധകാരപ്രകൃതം ശുശ്രൂഷകനും വിശ്വാസികളും വിവേചിക്കാനും തിരിച്ചറിയാനും ധൈര്യത്തോടെ നടപടിയെടുക്കാനും തയ്യാറായാൽ വലിയ ഒരു ദുരന്തം ഒഴിവാക്കാം. മുൻ ലക്കങ്ങളിൽ പ്രസിദ്ധീകരിച്ച ഇസബേലിന്റെ ആത്മാവ് എന്ന വിഷയം കൂടി ഇതോടൊപ്പം ചേർത്ത് ചിന്തിക്കുമല്ലോ. യോനായുടെ കഥ ഇതിനു ദൃഷ്ടാന്തമായി നമുക്ക് തന്നിരിക്കുന്നു. ദൈവീകതാല്പര്യങ്ങളെ അവഗണിച്ചു സഭയുടെ മൂലക്കിരുന്നുറങ്ങുന്നവരെ അന്വേഷിച്ച് ദുരന്തങ്ങൾ കടന്നു വരാം. ഒരുവന്റെ പിന്മാറ്റം ഒരു സഭയെ മുഴുവൻ കൊടുംകാറ്റിലേക്കും കപ്പൽച്ചേതത്തിലേക്കും കൊണ്ടെത്തിക്കുമെന്നും ഓർക്കുക. മാത്രമല്ല ഞാൻ നിമിത്തമാണ് നിങ്ങൾക്കിത് സംഭവിച്ചതെന്ന് ഏറ്റു പറയാൻ യോനാ പ്രവാചകനെപ്പോലെ ഇന്നത്തെ പിന്മാറ്റക്കാർ തയ്യാറാകണമെന്നുമില്ല. അകത്തു തന്നെയിരിക്കുന്ന പിന്മാറ്റക്കാരെ ഒന്നാമതായി തിരിച്ചറിയാം. മുകളിൽ വായിച്ചതുപോലെ ജാതികളുടെ ഇടയിൽ പോലുമില്ലാത്ത മ്ലേച്ഛത പ്രവൃത്തിക്കുന്നവന്റെ കൂടെ കൂട്ടായ്മ ആചരിച്ചിട്ടു, ഒന്നോ രണ്ടോ സഭായോഗം എന്തെങ്കിലും കാരണത്താൽ മുടങ്ങിയവനെ മാത്രം ഉന്നം വയ്ക്കാതെ പിന്മാറ്റം എന്നത് വാസ്തവത്തിൽ എന്തെന്ന് തിരിച്ചറിയാൻ പഠിക്കാം. നാം പിന്മാറുമ്പോൾ നമ്മെ നോക്കുന്ന പലരും ഇടറിപ്പോയേക്കാം. നാം വിശ്വാസത്തിലും സഭയിലും കൈപിടിച്ച് നടത്തുന്നവർ തളർന്നു പോയേക്കാം. ഇതിനു പുറമെയാണ് അവിശ്വാസികളുടെ ഇടയിൽ ദുഷിക്കപ്പെടുന്ന ദൈവനാമം.

**B. സ്വന്ത കുടുംബം:**

സഭയുടെ ഏറ്റവും ചെറിയ ഘടകം സ്വന്തം കുടുംബമാണെന്നുള്ള സത്യം അറിയാത്തവർ ആരും കാണുകയില്ലല്ലോ. അപ്പോൾ സ്വാഭാവികമായും ആത്മീയ ജീവിതത്തിലെ എല്ലാ ഓളങ്ങളും ഒന്നാമതായി അടിച്ചു കയറുന്നത് സ്വഭവനത്തിലാണ്. പ്രത്യേകിച്ച് മക്കളുടെ റോൾ മോഡൽ മാതാപിതാക്കൾ ആയതുകൊണ്ട് അവരുടെ ലൗകീകവും ആത്മീയവുമായ പ്രത്യേകതകൾ മക്കളിലേക്ക് പകരപ്പെടാൻ സാധ്യതകൾ വളരെയധികമാണ്. Demonstration Effect എന്ന ചോദ്യം ചെയ്യപ്പെടാത്ത മനശാസ്ത്ര പ്രതിഭാസം അവരിൽ അങ്ങേയറ്റത്തെ സ്വാധീനമാണ് ചെലുത്തുന്നത്. മാതാപിതാക്കൾ തന്നെ പരിചയപ്പെടുത്തിത്തന്ന ദൈവത്തെയും സഭയെയും മനുഷ്യരെയും മാതാപിതാക്കളുടെ തന്നെ വീക്ഷണകോണിൽ നിന്ന് കാണാനായിരിക്കും ചെറുപ്രായത്തിലെ വാസന. ഇതിന്റെ പരിണിതഫലമായി പിന്മാറ്റത്തിന്റെ വിവിധ ദോഷങ്ങൾ തലമുറകളെയും ബാധിക്കുന്നു. നിസ്സാര വിഷയങ്ങളിൽ പിന്മാറിപ്പോയ വലിയവർ മടങ്ങി വന്നാലും ആ കൂടെ കുഞ്ഞുങ്ങളെ മടക്കി കൊണ്ടുവരാൻ എളുപ്പത്തിൽ കഴിഞ്ഞെന്നു വരില്ല. കാരണം ചെറുപ്രായത്തിൽ ഹൃദയത്തിൽ രൂഢമൂലമാകുന്ന ചിന്തകൾ ഇടയ്ക്കിടെ മാറ്റിയെഴുതൽ പ്രയാസമേറിയതാണ്. ഇതെഴുതുന്ന ലേഖകനും നാട്ടിലെ സഭയിലെ ശുശ്രൂഷകനും ഒരു ഭവന സന്ദർശനത്തിനു പോയി. സഭയോഗത്തിന് നാളുകളായി വരാത്ത ഒരു കുടുംബത്തിലെക്കാണ് കയറി ചെന്നത്. ആരോ അപമാനകരമായി സഭയിൽ വച്ച് പെരുമാറിയെന്നതാണ് കാരണം. എത്ര സമാധാനിപ്പിച്ചിട്ടും വഴങ്ങാതിരുന്ന ഗൃഹനാഥൻ, താനും ഭാര്യയും മൂന്നു കുഞ്ഞുങ്ങളും വീട്ടിലിരുന്നു പ്രാർത്ഥിക്കുന്നുണ്ടെന്നും തികഞ്ഞ ആത്മീയ സന്തോഷമാണെന്നും സ്ഥാപിക്കാൻ ശ്രമിച്ചു. എന്നാൽ അപകടം മണത്ത ഞങ്ങൾ അടുത്തുള്ള വേറൊരു സഭയിൽ അവരെ സമ്മതിപ്പിച്ച് ആക്കിയിട്ടു മാത്രമേ തിരികെ പോന്നുള്ളൂ. കാരണം കൂട്ടായ്മയില്ലാത്ത ഒറ്റയാൻ ക്രിസ്തീയ ജീവിതം അധിക നാൾ നീണ്ടു പോകില്ല. നമ്മുടെ സ്വാധീനം നിമിത്തം കുഞ്ഞുങ്ങളിൽ കയറിക്കൂടുന്ന മറ്റുള്ളവരോടുള്ള ആത്മീക രോഷം അവരുടെ വിശ്വാസ ജീവിതത്തെ തന്നെ ബാധിച്ചേക്കാം. കൂടാതെ കൂട്ടായ്മയുടെ അഭാവം ആത്മീയമായി മാത്രമല്ല അവരുടെ സാമൂഹ്യ ബന്ധങ്ങളെയും ഇടപെടലുകളേയും സ്വാധീനിക്കും. തങ്ങൾ കണ്ടിട്ടുള്ള സഭക്കാരെക്കാൾ ഭേദം ലോകമനുഷ്യരാണെന്നുള്ള അനുമാനത്തിൽ സത്യത്തിന്റെ അംശം ഉണ്ടാകാമെങ്കിലും അത് ശാശ്വത പിന്മാറ്റത്തിലേക്ക് അവരെ തള്ളി വിട്ടേക്കാം. മറ്റു ചിലരുടെ കാര്യത്തിൽ മാതാപിതാക്കളുടെ രഹസ്യജീവിതത്തിലെ ചില ജഡീക ദൗർബല്യങ്ങൾ കാണാനിടയാകുന്നത് ആ വക പാപങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ തലമുറകളെയും മടിയില്ലാത്തവരാക്കിടേക്കാം. അവരുടെ ജീവിതത്തിലെ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ അമിത സ്വാധീനം ആണ് മക്കളെയും അതിനടിമകൾ ആക്കുന്നതെന്നത് നൂറു ശതമാനം സത്യമാണ്. വേർപാടും വിശുദ്ധിയും സംബന്ധിച്ച് ഉപദേശങ്ങൾ തങ്ങൾ അവഗണിച്ചിട്ട്, അതൊക്കെയും മക്കൾ അനുസരിക്കാത്തതിനെ ചൊല്ലി പരിതപിക്കുന്നതിൽ പരം ബുദ്ധിശൂന്യത എന്തുള്ളൂ?

**അടുത്ത ലക്കത്തിൽ:** പിന്മാറ്റത്തെ എങ്ങനെ പ്രതിരോധിക്കാം? (തുടരും..)

## കല്ലുകടി

## കൂലിയെഴുത്തുകാരും കൂലി വാങ്ങാത്ത പ്രസംഗകനും

ഇടയ്ക്കിടക്ക് എഴുത്തുകാർക്കെതിരെ പ്രതികരിക്കുന്ന ഒരു പ്രസംഗകനുണ്ട്. കൂലി എഴുത്തുകാരുടെ പ്രവർത്തികൾക്കെതിരെയാണ് മേൽപ്പടിയാന്റെ രോഷം. എഴുതുന്നതിന് കൂലി വാങ്ങുന്നവനാണല്ലേ കൂലി എഴുത്തുകാർ. ഈ മാന്യനായ പ്രസംഗകൻ എവിടെ പോയി പ്രസംഗിച്ചാലും കൂലി വാങ്ങാറില്ലാത്ത മാന്യനായ പ്രസംഗകനത്രെ. അതുകൊണ്ട് ദൈവം തമ്പുരാൻ നൂലിൽ കെട്ടിയിറക്കി നൽകുന്നതേ ഇദ്ദേഹത്തിന് സ്വന്തമായുള്ളൂ. അതുകൊണ്ടാകാം "വേല"യ്ക്കിറങ്ങിയിട്ട് 25 തികയും മുമ്പ് കുടിലു മാറി കൊട്ടാരമായതും കാൽനടമാറി ആഡംബര കാറു സ്വന്തമായതുമൊക്കെ. സഭാരാഷ്ട്രീയത്തോടും വ്യവസ്ഥിതികളോടും പുശ്ചമാണെങ്കിലും എല്ലാകൗൺസിൽ തെരഞ്ഞെടുപ്പിലും മത്സരിച്ച് ജയിക്കും. കൗൺസിൽ മീറ്റിംഗിൽ പങ്കെടുക്കാതെ വിദേശത്തുമാത്രം കറങ്ങിനടന്ന് വ്യവസ്ഥിതിക്കെതിരെ പ്രസംഗിക്കും. കൂലി എഴുത്ത് എന്ന് വിലപിക്കുന്ന ഈ മാന്യനായ ഈ പ്രസംഗകൻ സ്വന്തഗുണങ്ങൾ വാഴ്ത്തുന്ന ഇന്റർവ്യൂ, ഫീച്ചർ എതെല്ലാം കൂലി കൊടുത്ത് (സപ്ലിമെന്റ് എന്ന് ഓമനപ്പേര്) പത്രങ്ങളിലെല്ലാം ഇടുകയും ചെയ്യും. ആരെങ്കിലും വിമർശിച്ചാൽ ഹാലിളകും. പിന്നെ പാരയായി ഭീഷണിയായി അങ്ങനെ പലതും. കുട്ടത്തിൽ അല്പം പരദൂഷണവും നടത്തും നോഹയെപ്പോലെ ജീവിച്ചില്ലെങ്കിലും "നോഹയുടെ കാലത്തെ" ജീവിതം കൃത്യം. വിറ്റും വാങ്ങിക്കൂട്ടിയും പണിതും കെട്ടിപ്പൊക്കിയും ഒക്കെ ഒരു ജീവിതം. പ്രസംഗം കലയാണ് നന്നായി അവതരിപ്പിക്കാൻ കഴിവുള്ളവൻ രക്ഷപെടുക പതിവാണ്. അതു കൊണ്ടു മാത്രം വിശുദ്ധനാകണമെന്നില്ല. പരീശനെ ലോകം കണ്ടതു പോലെയല്ല യേശുക്രിസ്തു കണ്ടത്. പുറമെയുള്ള വെള്ളയല്ല അവന്റെ അകത്തെ ചീഞ്ഞളിഞ്ഞ അവസ്ഥയാണ് ക്രിസ്തു കണ്ടത്. അതുകൊണ്ടാണ് യേശു "വെള്ള തേച്ച ശവകല്ലറ" എന്നു തന്നെ വിളിച്ചത്. അതല്ലാതെ ഇക്കൂട്ടരെ വിളിക്കാൻ പറ്റിയ പേരു വേറെ എന്താണുള്ളത്. (പ്രസംഗവും ജീവിതവും ഒന്നു പോലെ സുക്ഷിക്കുന്ന ബഹുമാന്യരായ ദൈവ ഭൃത്യന്മാരോട് ക്ഷമാപണപൂർവ്വം) കൂലി എഴുത്തും കൂലിപ്രസംഗവും ഒരു പോലെ അപകടം. അതു രണ്ടും സൂക്ഷിച്ചൊഴിയുക. മുഖം നന്നാല്ലാത്തതിനു കണ്ണാടി ഉടച്ചിട്ടെന്തു കാര്യം.

**അടികുറിപ്പ്:** കേൾപ്പാൻ വേഗതയും പറയുവാൻ താമസവുമെന്നതാണല്ലോ വേദവചനം.

## ഡിസ്ട്രിക്ട് ഭാരവാഹികൾ

**ആയൂർ:** ഐ. പി. സി. ആയൂർ ഡിസ്ട്രിക്ട് ഭാരവാഹികളായി സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായി (പ്രസിഡന്റ്), പാസ്റ്റർ ജോസഫ് മാത്യു (വൈസ് പ്രസിഡന്റ്), പാസ്റ്റർ ജോർജ്ജ് രാജൻ (സെക്രട്ടറി), പാസ്റ്റർ ടി. കെ. അലക്സാണ്ടർ (ജോയിന്റ് സെക്രട്ടറി), ബ്രദർ കെ. എസ്. ബേബി (ട്രഷറർ) എന്നിവരേയും കൺവീനർമാരായി പാസ്റ്റർ എൽ. സൈമൺ (പ്രാർത്ഥന), പാസ്റ്റർ കെ. ടി. ഫിലിപ്പ് (ഇവാഞ്ചലിസം), ബ്രദർ റോബിൻ ജോയി (പബ്ലിസിറ്റി) എന്നിവരേയും പാസ്റ്റർ വർഗീസ് മത്തായിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ജനറൽ ബോഡി യോഗം തെരഞ്ഞെടുത്തു.

## കൺവൻഷൻ

**തിരുവനന്തപുരം:** രഹബോത്ത് മിനിസ്ട്രി ഒരുക്കുന്ന കൺവൻഷൻ സെപ്റ്റംബർ 19, 20, 21 തീയതികളിൽ പേട്ട റെയിൽവേ സ്റ്റേഷനുസമീപം പള്ളിമുക്ക് ബാലകൃഷ്ണ ഹാളിൽവച്ച് നടക്കും. പാസ്റ്റർ ക്ലീറ്റസ് റെസാരിയോ ഉദ്ഘാടനം നിർവ്വഹിക്കും, പ്രഭാഷകനും കോളമിസ്റ്റുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യ പ്രഭാഷണം നടത്തും. രഹബോത്ത് മ്യൂസിക് ടീം ഗാന ശുശ്രൂഷ നിർവ്വഹിക്കും.

## മിഷൻ ചലഞ്ച്

**പാമ്പാടി:** മെലിത്താ ഗോസ്പൽ മിനിസ്ട്രീസ് ഒരുക്കുന്ന മിഷൻ ചലഞ്ച് സെപ്റ്റംബർ 15 ന് പാമ്പാടി വട്ടമലപടി എ.ജി. സഭാഹാളിൽവച്ച് നടക്കും. "പുതിയ കാലത്തെ പുതിയ മിഷൻ തന്ത്രങ്ങൾ" എന്ന വിഷയത്തെ അധികരിച്ച് വേദാദ്ധ്യാപകനും പ്രഭാഷകനും മാധ്യമപ്രവർത്തകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യ പ്രഭാഷണം നടത്തും. വിക്ലിഫ് ബൈബിൾ പരിഭാഷാ വിഭാഗം, എവരിഹോം ക്രൂസേഡ് എന്നിവർ പങ്കെടുക്കും. ബന്ധപ്പെടുക: 9947522013, 9400001033

## ശുശ്രൂഷകസമ്മേളനവും ഉപവാസപ്രാർത്ഥനയും

**ആയൂർ:** ഐ. പി. സി. ആയൂർ സെന്ററിലുള്ള ശുശ്രൂഷകന്മാരുടെ കുടുംബസംഗമം ആഗസ്റ്റ് 23ന് നടന്നു. പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജോർജ്ജ് രാജന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർമാരായ ജോസഫ് മാത്യു, ബിനു പി. ബാബു എന്നിവർ പ്രസംഗിച്ചു.

ഓഗസ്റ്റ് 15ന് ഐ. പി. സി. ആയൂർ സെന്ററിലെ സഭകളുടെ സംയുക്ത ഉപവാസപ്രാർത്ഥന നടന്നു. സുവി. ജേക്കബ് മാമ്മൻ (യു. എ. ഇ.) മുഖ്യ സന്ദേശം നൽകി. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായി അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ പാസ്റ്റർ പി. ടി. മാമ്മച്ചനും പ്രസംഗിച്ചു.

# സ്നേഹത്തിന്റെ കരവുമായി അമേരിക്കൻ തെരുവിൽ എത്തുന്ന പാസ്റ്റർ സന്തോഷ് പൊടിമല

തയ്യാറാക്കിയത്
മാത്യു സി. കോശി (ബിനു), ഡാളസ്
ഫോൺ 972 415 6587



അമേരിക്ക! ഏതു മനുഷ്യന്റെയും സ്വപ്നഭൂമിയാണ്. സൗഭാഗ്യങ്ങളുടെ നാട്! അവിടെ എത്തിപ്പെടുക എന്ന സ്വപ്നത്തിനുടമയായിരുന്നു ലോറൻസും. ഗൾഫിലെ മണലാരണ്യത്തിൽ നിന്നും സ്വപ്നഭൂമിയിൽ ചേക്കേറിയ ലോറൻസിന്റെ കുടുംബം അമേരിക്കയിലെ കണ്ണഞ്ചിപ്പിക്കുന്ന പുറംമോടികളിൽ മയങ്ങിപ്പോയി. മദ്യപാനം കുടുംബത്തിൽ താളപ്പിഴകൾ ഉണ്ടാക്കി. ഒരിക്കലുണ്ടായ അപകടം തന്നെ ജോലി ചെയ്യുവാൻ ശേഷിയില്ലാത്തവനാക്കി. ഒടുവിൽ ഭാര്യ മക്കളെയും കൂട്ടി മറ്റൊരിടം തേടി യാത്രയായപ്പോൾ ലോറൻസ് യാഥാർത്ഥ്യം തിരിച്ചറിഞ്ഞു. തന്റെ പേരിൽ ഒരു സ്വത്തുമില്ല. സ്വത്തെല്ലാം മുമ്പേതന്നെ പേരിലാക്കിയിരുന്ന ഭാര്യ മറ്റൊരുവനെ വിവാഹം കഴിച്ചപ്പോൾ ലോറൻസ് സ്വപ്നഭൂമിയിലെ തെരുവിലേക്ക് ഇറങ്ങേണ്ടി വന്നു. മദ്യവും മയക്കുമരുന്നും ഒഴുകുന്ന അമേരിക്കയുടെ മറ്റൊരു മുഖം. ജയിൽ വിമോചിതരും കുറ്റവാളികളുമെല്ലാം ഒരു നേരത്തെ ആഹാരത്തിനായും തല ചായ്ക്കാൻ ഒരു ഇടത്തിനായും അലയുന്ന ഇടം. ലോറൻസിന്റെ ജീവിതം താളപ്പിഴകളോടെ ആഴത്തിലേക്കു നിപതിക്കുകയായിരുന്നു. തിരികെ വരുവാൻ കഴിയില്ലെന്ന ചിന്തയിൽ അലഞ്ഞ ലോറൻസിനെ തേടി ഒരു സുവിശേഷകനെത്തി. തെരുവിൽ നാറുന്ന വേഷവുമായി നടന്നവനോട് ക്രിസ്തുസ്നേഹം പ്രവർത്തിയിലൂടെ കാട്ടുന്ന ആ സുവിശേഷകന്റെ സ്നേഹം ലോറൻസിനെ ക്രിസ്തുവിനോടടുപ്പിച്ചു. തകർന്ന ജീവിതം പതിയെ പച്ച പിടിച്ചു. തെരുവിൽ നിന്നും ചെറിയ ഒരു മുറിയിലേക്കു താമസം മാറ്റിയ ലോറൻസ് പതിയെ നടക്കുകയാണ്, നഷ്ടപ്പെട്ടുവെന്ന് കരുതിയ ജീവിതത്തിന്റെ പടവുകളിലേക്ക്.

ബ്ലെയ്ക്ക് എന്ന വെള്ളക്കാരനായ യുവാവ്, ദൈവവചനത്തിനും ക്രിസ്തീയ മൂല്യങ്ങൾക്കും വില കൊടുക്കുന്ന ഭവനത്തിൽ ജനിച്ചുവളർന്നു. പിതാമഹൻ പാസ്റ്ററും പിതാവ് അസ്സോസിയേറ്റ് പാസ്റ്ററുമായിരുന്നു. സഭയിലെ ആരാധനയിൽ സജീവമായിരുന്ന ബ്ലെയ്ക്ക് സംഗീത ശുശ്രൂഷയ്ക്കും നേതൃത്വം കൊടുത്തു. ക്രിസ്തീയ ശിക്ഷണത്തിൽ വളർത്തപ്പെട്ട ബ്ലെയ്ക്കിന്റെ ജീവിതം വഴിത്തിരിവിലെത്തിയത് തന്റെ കോളജ് പഠനകാലത്താണ്. മാതാപിതാക്കളെ വിട്ട് ഹോസ്റ്റലിലെത്തിയ ബ്ലെയ്ക്ക് ദുഷിച്ച കൂട്ടുകെട്ടിലകപ്പെട്ടു. മദ്യപാനം തുടങ്ങിയ ഈ യൗവനക്കാരൻ മദ്യം വാറ്റിക്കുടിക്കുകയും മയക്കു മരുന്നിനടിമയാകുകയും ചെയ്തു. ആകെ തകർന്ന ജീവിതം കടൽതിരയിലകപ്പെട്ട നൗക പോലെ ആടിയുലഞ്ഞു. മയക്കു മരുന്ന് തന്നെ ജയിലിലെത്തിച്ചു. വീട്ടുകാർക്ക് തല വേദനയായി മാറിയ ബ്ലെയ്ക്ക് ഒടുവിൽ ജയിൽ മോചിതനായി തെരുവിലെത്തി. തലചായ്ക്കാനിടമില്ലാതെയും ഒരു നേരത്ത ആഹാരത്തിനായി വകയില്ലാതെയും അലഞ്ഞ ബ്ലെയ്ക്കിനെ തേടി ആ സന്ദേശം എത്തി. തകർന്നവനെ പണിയുന്ന ക്രിസ്തു സ്നേഹത്തിന്റെ സന്ദേശം. സുബോധം വന്ന ബ്ലെയ്ക്ക് ക്രിസ്തുസ്നേഹത്തിലേക്ക് മടങ്ങിവന്നു. ഇന്നു തെരുവിൽ മയക്കുമരുന്നിനടിമയായവരോട് വിടുവിക്കുന്ന ക്രിസ്തുസ്നേഹത്തെക്കുറിച്ച് പറയുന്നു.

ക്രിമിനൽ പശ്ചാത്തലവും ധാർമ്മികത ലവലേശം പോലുമില്ലാത്ത പശ്ചാത്തലവും മയക്കുമരുന്നും വേശ്യാവൃത്തിയും ഉള്ള കുടുംബത്തിലും ജനിച്ച് മയക്കുമരുന്നിനടിമകളായി ജയിലിലും തെരുവിലും ജീവിച്ചവസാനിക്കുന്ന വലിയ ഒരു കൂട്ടമുണ്ടിവിടെ. അമേരിക്കയിലെ ജീവിതസൗഭാഗ്യത്തിന്റെ പൊൻവെളിച്ചമവിടില്ല. കൊടുംവെയിലും മഞ്ഞും എല്ലാം മാറി മാറി വരുമ്പോൾ ശീതികരിച്ചതും ചൂടുള്ളതുമായ മുറികളും തീൻമേശയിലെ വിഭവസമൃദ്ധിയുമിവർക്കില്ല. ലക്ഷ്യമില്ലാത്ത ജീവിതം. വെള്ളി വെളിച്ചത്തിൽ ജീവിക്കുന്ന പലർക്കും കേട്ടുകേൾവി പോലുമില്ലാത്ത മറ്റൊരു ലോകം. കുളിക്കാതെയും വൃത്തിയുള്ള വസ്ത്രം ധരിക്കാതെയും നാറുന്ന ശരീരവുമായി അടുക്കുവാൻ ആരും അറയ്ക്കുന്ന ഇവരുടെ അടുക്കലേക്ക് വരുവാൻ മലയാളി വിശ്വാസികളോ സഭകളോ താൽപ്പര്യപ്പെടാറില്ല. ഇവിടെയാണ് പാസ്റ്റർ സന്തോഷ് പൊടിമല വ്യത്യസ്തനാകുന്നത്. ക്രിസ്തീയ ശുശ്രൂഷ പ്രസംഗ പീഠത്തിലല്ല എന്നു വിശ്വസിക്കുന്ന സുവിശേഷകൻ. പാപികളെ തേടി തെരുക്കോണുകളിൽ എത്തിയ ക്രിസ്തുവിന്റെ പാതയിലൂടെ പോകുവാൻ ആഗ്രഹിക്കുകയാണ് ഈ യുവ സുവിശേഷകൻ.



പാസ്റ്റർ സന്തോഷ് പൊടിമല കുടുംബത്തോടൊപ്പം

പെന്തെക്കോസ്തിലെ നാലാം തലമുറക്കാരനായ സന്തോഷ്, പൊടിമല മത്തായിച്ചന്റെ കൊച്ചുമകൻ പാസ്റ്റർ ബെഞ്ചമിൻ തോമസിന്റെ മകനാണ്. മാതാവ് പൊന്നമ്മ കുമ്പനാട് ചെള്ളേത്ത് കുടുംബാംഗം. 1987ൽ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. ഡെറാഡൂണിൽ വേദപഠനം നടത്തിയ സന്തോഷ് ഉത്തരഭാരതത്തിലെ ഗ്രാമങ്ങളിൽ സുവിശേഷകനായി. ടീമുകളോടൊപ്പവും തനിയെയും സാധാരണക്കാരിൽ സുവിശേഷമെത്തിക്കുക എന്ന ദൗത്യം നിർവ്വഹിച്ച പാസ്റ്റർ സന്തോഷ് ഡൂൺ ബൈബിൾ സ്കൂളിന്റെ വാർഡനായും പ്രവർത്തിച്ചു. 1995-ൽ പിതാവ് അമേരിക്കയിലേക്കു പോന്നപ്പോൾ അട്ടപ്പാടി സെന്ററിന്റെ ചുമതലയും കുറച്ചുനാൾ വഹിച്ചു. 1996-ൽ തിരുവല്ല വളഞ്ഞവട്ടം പെരുവിഞ്ചൽ കുടുംബാംഗമായ സൂസനെ വിവാഹം കഴിച്ചു. 1997-ൽ ഒക്കലഹോമ ഐ. പി. എ. സഭയുടെ യൂത്ത് പാസ്റ്ററായി അമേരിക്കയിലെത്തി. 8 വർഷം ആ ചുമതലയിൽ തുടർന്ന പാസ്റ്റർ സന്തോഷ് തുടർന്ന് 5 വർഷങ്ങൾ ഡാളസ് ഫെയ്ത്ത് ടാബർനാക്കിൾ ചർച്ച് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്ററായി പ്രവർത്തിച്ചു. ദൈവാത്മ നിയോഗത്തെ തുടർന്ന് 2011-ൽ വിവിധ ഭാഷക്കാരെയും രാജ്യക്കാരെയും ലക്ഷ്യമാക്കി പുതിയ പ്രവർത്തനം ആരംഭിച്ചു.

ബെയ്‌ലർ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ ചാപ്ലയിൻ എന്ന മാന്യമായ ജോലി ചെയ്യുന്ന പാസ്റ്റർ സന്തോഷിന്റെ ഹൃദയം തെരുവിൽ നശിക്കുന്ന ഹോംലസ് ആളുകൾക്കായി തുടിച്ചു കൊണ്ടിരുന്നു. ഒടുവിൽ തന്റെ വാനുമായി തെരുവിലെത്തി. തന്റെ വാക്കുകൾ ശ്രദ്ധിച്ചവരെ കൂട്ടിക്കൊണ്ടു വന്ന് കുളിപ്പിച്ച് വൃത്തിയുള്ള വസ്ത്രവും ഭക്ഷണവും നൽകി, ഒപ്പം സുവിശേഷവും. ഭാര്യ സൂസനും മക്കളായ സ്നേഹയും ശേത്തും ഒപ്പം കൂടി. അവർക്കായി പാടി, ഭക്ഷണം നൽകി. ഇവിടെ ഒരു ശുശ്രൂഷ ആരംഭിക്കുകയായിരുന്നു. സേക്രട്ട് ഹാന്റ്സ് ഓഫ് ഹോപ്പ് ഇന്ത്യൻ മിനിസ്ട്രീസ് എന്ന ശമര്യക്കാരന്റെ ശുശ്രൂഷ. തെരുവിൽ മുറിവേറ്റവനെ താങ്ങിയെഴുന്നേൽപ്പിച്ച് രക്ഷയ്ക്ക് വേണ്ടത് നൽകി സുരക്ഷിത സ്ഥലത്തെത്തിക്കുന്ന ശുശ്രൂഷ. വെടിയുണ്ടകൾ കണക്കുതീർക്കുന്നിടമാണ് ഇത്തരം തെരുവുകൾ. മയക്കുമരുന്നും വേശ്യാവൃത്തിയുമാണ് മുഖമുദ്ര. കുളിക്കാതെയും നനയ്ക്കാതെയും തെരുവിലുറങ്ങുന്നവരുടെ അടുക്കൽ എത്തുവാൻ നമ്മുടെ ആളുകൾക്ക് മടിയാണ്. അവിടേക്കാണ് സന്തോഷ് പാസ്റ്റർ എത്തുന്നത്. എല്ലാ വ്യാഴാഴ്ചയും ഹോംലസ്സ് ആളുകൾക്കായി നടത്തുന്ന കൂടിവരവുകളിൽ ശരാശരി 60 ആളുകൾ എത്താറുണ്ട്. രക്ഷിക്കപ്പെടുന്നവരെയും താല്പ്പര്യം പ്രകടിപ്പിക്കുന്നവരെയും മെൻ ഓഫ് നെഹമ്യാവ് എന്ന സംഘടനയുടെ ക്ലാസിലേക്കും ഷെൽറ്ററിലേക്കും എത്തിക്കുന്നു. ആത്മീയജീവിതം തുടങ്ങുന്ന ഇവരിൽ മാറ്റം പ്രകടമാകുന്നു. ജീവിതം കരുപ്പിടിപ്പിക്കുവാൻ ചിലരെയെങ്കിലും ഇവർക്ക് സഹായിക്കാനാകുന്നുണ്ട്. സ്വന്തപണവും മറ്റുള്ളവർ നൽകുന്ന സഹായവും ഇവർക്ക് ആഹാരവും മറ്റു ആവശ്യങ്ങളും നിർവ്വഹിപ്പാനുമായി ചെലവഴിക്കുന്നു. ഒരു വർഷത്തിൽ മൂന്നോ, നാലോ തവണ നടത്തുന്ന സേക്രട്ട് ഹാന്റ്സ് ഓഫ് ഔട്ട്റീച്ചിലൂടെ നൂറുകണക്കിനാളുകളെ ഒന്നിച്ചുകൂട്ടി ഭക്ഷണം നൽകുകയും സുവിശേഷം പങ്കിടുകയും ചെയ്യുന്നു. ആദ്യഭാഗത്ത് സൂചിപ്പിച്ച സോളമനും ബ്ലെയ്ക്കുമെല്ലാം സന്തോഷ് പൊടിമല എന്ന സുവിശേഷകന്റെ കരം പിടിച്ച് ജീവിതത്തിലേക്കു മടങ്ങി വന്നവരാണ്. സന്തോഷ് പാസ്റ്ററിലൂടെ അവർ അറിഞ്ഞത് ക്രിസ്തുവിനെയാണ്.



വ്യത്യസ്തമായ ഈ ശുശ്രൂഷയെ ഉൾക്കൊള്ളുവാനും അംഗീകരിപ്പാനും കംഫർട്ട് സോണിൽ മാത്രം ഇരിക്കാനാഗ്രഹിക്കുന്ന മലയാളികൾക്കു ബുദ്ധിമുട്ടുള്ളപ്പോഴും ധാരാളം യുവജനങ്ങൾ ഈ പ്രവർത്തനത്തെ സ

08









സേക്രട്ട് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസിന്റെ ഹോംലെസ്സ് ആളുകളുടെ ഇടയിലെ പ്രവർത്തന ദൃശ്യങ്ങൾ

# മദേഴ്സ് പ്രയർ

## തലമുറയ്ക്കായി കരയുന്ന അമ്മമാരുടെ കൂട്ടം

വല്ലാത്ത ഒരു കാലഘട്ടമാണിത്. ലോത്തിന്റെ കാലത്തെയും നോഹയുടെ കാലത്തെയും ഓർമ്മിപ്പിക്കുന്ന നിലവാരത്തിലുള്ള കാലം. യുവതലമുറ ലോകത്തിന്റെ ഇമ്പങ്ങളുടെ പിന്നാലെ ഓടുന്ന ഈ കാലത്തിൽ പെന്തെക്കോസ്ത് യുവതലമുറയിലും ഈ മാറ്റം പ്രകടമായിരിക്കുന്നു. സഭയുടെ ഭാവി വാഗ്ദാനങ്ങളായ കുഞ്ഞുങ്ങൾ നാശത്തിലേക്കു പോകാതിരിപ്പാനും ദൈവീകദർശനമുള്ളവരും ദൈവഭയമുള്ളവരുമായി വളർന്നു വരുവാനും ആഗ്രഹിക്കുന്ന ഒരു കൂട്ടം അമ്മമാരുടെ കൂട്ടായ്മയാണ് "മദേഴ്സ് പ്രയർ". പ്രസംഗത്തെക്കാൾ പ്രാർത്ഥന ആവശ്യമായിരിക്കുന്ന ഈ കാലഘട്ടത്തിൽ വ്യത്യസ്തമായ ഈ ശുശ്രൂഷ ശ്രദ്ധേയമാകുന്നു.

2001 ജൂലൈയിൽ സിസ്റ്റർ അന്നമ്മ നൈനാൻ ചിക്കാഗോയിൽ ദൈവാത്മ പ്രേരണയിൽ ആരംഭിച്ചതാണ് മദേഴ്സ് പ്രയർ. കുഞ്ഞുങ്ങൾക്കായും കുടുംബങ്ങൾക്കായും പ്രാർത്ഥിക്കുവാൻ ആരംഭിച്ച അന്നമ്മ നൈനാന്റെ ഈ ദൗത്യം അമേരിക്കയിലെ 32 സ്റ്റേറ്റുകളിലേക്ക് വളർന്നിരിക്കുന്നു. രാജ്യങ്ങൾ കടന്ന് ഗൾഫിലും ഭാരതത്തിലും മദേഴ്സ് പ്രയർ എന്ന പ്രാർത്ഥന ചങ്ങല വളർന്നിരിക്കുന്നു. വിവിധ വിഷയങ്ങൾക്കായ് ചങ്ങല മുറിയാതെ പ്രാർത്ഥിക്കുവാൻ മുമ്പോട്ടു വന്നിരിക്കുന്നത് അമേരിക്കയിൽ മാത്രം 2000ത്തോളം അമ്മമാരാണ്. ദൈവസാന്നിധ്യം കൊതിക്കുന്ന ഒരു തലമുറ എഴുന്നേൽക്കുവാൻ ഈ അമ്മമാർ കണ്ണുനീരോടെ പ്രാർത്ഥിക്കുന്നു.

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ലേഡീസ് മിനിസ്ട്രിയുടെ ജനറൽ സെക്രട്ടറിയായി 12 വർഷം സ്തുത്യർഹമായി പ്രവർത്തിച്ച തിരുവല്ല കോവൂർ മലയിൽ സിസ്റ്റർ അന്നമ്മ നൈനാന് ദൈവം കൊടുത്ത ദർശന പ്രകാരമാണ് മദേഴ്സ് പ്രയറിന് ആരംഭം കുറിച്ചത്. കഠിനമായ ശോധനകളിലൂടെ കടന്നുപോയ ജീവിതത്തിനുടമയാണ് സിസ്റ്റർ അന്നമ്മ നൈനാൻ.

പന്തളം കാഞ്ഞിരമണ്ണിൽ മാത്തൻ കോശിയുടെയും അന്നമ്മയുടെയും മകൾ. ബാല്യത്തിൽ തന്നെ ദൈവഭക്തിയിൽ വളരുവാൻ ഇടയായി. യാക്കോബയാ സഭയുടെ ചട്ടക്കൂട്ടിൽ നിൽക്കുമ്പോഴും ദൈവീകവിഷയമായി കൂടുതൽ വളരുവാൻ പലപ്പോഴും അവസരം ലഭിച്ചു. 17-ാം വയസ്സിൽ തിരുവല്ല കോവൂർ മലയിൽ പി.വി. നൈനാനുമായി വിവാഹം നടന്നു. പോലീസ് ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. പ്രതീക്ഷകളും സ്വപ്നങ്ങളും തച്ചുടയ്ക്കുന്നതായിരുന്നു ഭർതൃഗൃഹത്തിലെ അനുഭവങ്ങൾ. മദ്യപാനിയായ ഭർത്താവ്, മുൻകോപിയും ക്രൂരനുമായ ഭർത്തൃ പിതാവ്. യൗവനത്തിലെ ഭർതൃമതിയായ അന്നമ്മയുടെ സ്വപ്നങ്ങളിൽ ചാലിച്ച നിറകൂട്ടുകൾ മാഞ്ഞുപോയി. കണ്ണീരിന്റെ ദിനരാത്രങ്ങൾ. ശാരീരിക മാനസിക പീഡനങ്ങളുടെ കാലം. ഇതിനിടയിൽ തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചേർന്ന് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പൂർത്തിയാക്കി. ഭർതൃഗൃഹത്തിലെ പീഡകളും പ്രതികൂലവുമറിഞ്ഞ് പന്തളത്തെ ഭവനത്തിൽ പ്രാർത്ഥനയും ഉപവാസവും പതിവായി. ഭർതൃപിതാവ് കത്തിയുമായി കൊല്ലുവാൻ വന്ന സാഹചര്യത്തിൽ നിന്നും ആ പ്രാർത്ഥനയുടെ ഫലമായി നിന്നും രക്ഷപ്പെടുവാൻ ഇടയായി. ഗർഭിണിയായിരുന്ന അന്നമ്മ പ്രാണഭയത്തിൽ സ്വന്തഭവനത്തിൽ എത്തിച്ചേർന്നു. ജീവിതത്തിൽ ദൈവവുമായി കൂടുതൽ അടുക്കുവാൻ അത് മുഖാന്തിരമായി. 1969-ൽ മുനിസിപ്പാലിറ്റിയിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗം ലഭിച്ചു. വിവിധ ഇടങ്ങളിലായി ഔദ്യോഗിക ജീവിതം നടത്തിവരവെ ചങ്ങനാശേരിയിൽ ജോലി ചെയ്യുമ്പോൾ വിശ്വാസസ്നാനം സ്വീകരിച്ചു. കടുത്ത പീഡകളിലൂടെ കടന്നുപോയ കാലങ്ങളിൽ കർത്തൃസന്നിധിയിൽ കരയുകയായിരുന്നു അന്നമ്മയുടെ ആശ്വാസമാർഗ്ഗം. കരടിയും സിംഹവുമെന്ന പോലെ ഒരു ഭാഗത്ത് ഭർത്താവിന്റെ മദ്യപാനവും ശാരീരിക പീഡനവും, മറുവശത്ത് ദയയില്ലാത്ത ഭർത്തൃപിതാവിന്റെ പെരുമാറ്റം. അപ്പോഴെല്ലാം അല്പം സന്തോഷം നൽകിയത് ദൈവം ദാനമായി നൽകിയ കുഞ്ഞുങ്ങൾ ആയിരുന്നു. സ്നാനമേറ്റു മടങ്ങുമ്പോൾ ദൈവത്തോടു കരഞ്ഞത് ആരാധനയ്ക്കായി പോകുവാനുള്ള അവസരത്തിനുവേണ്ടിയാണ്. യാക്കോബയാ പാരമ്പര്യമുള്ള കുടുംബമായിരുന്നതിനാൽ സ്വാഭാവികമായി എതിർപ്പ് പ്രതീക്ഷിച്ചു. ആ രാത്രിയിൽ ദൈവാത്മാവ് ഒരു വാഗ്ദത്തം നൽകി. എതിർപ്പുകളെ കർത്താവ് ശാന്തമാക്കുമെന്നതായിരുന്നു ആ വാഗ്ദത്തം. ഭർത്തൃ പിതാവ് കോപസ്വഭാവം മാറി ശാന്തനായി. മരുമകളോടും കുഞ്ഞുങ്ങളോടുമൊപ്പം ആരാധനക്കായി വരുവാൻ തുടങ്ങി. തിരുവല്ലയിൽ ചർച്ച് ഓഫ് ഗോഡിന്റെ ആരംഭ സമയമായിരുന്നു അത്. മുൻകോപിയായിരുന്ന ഭർത്തൃപിതാവ് വിശ്വാസസ്നാനം സ്വീകരിച്ചു. ഇത് ഭർത്താവിനെയും അതിശയിപ്പിച്ചു. അമിത മദ്യപാനം തന്റെ കരളിനെ കാർന്നു തിന്നപ്പോഴും ദൈവസന്നിധിയിൽ സമർപ്പിക്കാതെ മുമ്പോട്ടു പോയികൊണ്ടിരുന്ന ഭർത്താവിനായി നിരന്തരം പ്രാർത്ഥിച്ചു. കണ്ണുനീരിനെ മറികടക്കാത്ത ദൈവം തന്നെയും സന്ദർശിച്ച് ദൈവപൈതലാക്കി മാറ്റി.

ജീവിതത്തിന്റെ പ്രതികൂല സാഹചര്യങ്ങളെ നേരിടുമ്പോൾ പ്രായത്തിൽ കവിഞ്ഞ പക്വതയോടെ മൂത്തമകൻ ബിജു അന്നമ്മയ്ക്കു ആശ്വാസമായി കൂടെ നിന്നു. തികഞ്ഞ വിശ്വാസവും ആത്മീയതയുമുള്ള വ്യക്തിത്വമായിരുന്നു പൈതലിന്റേത്. 16ാം വയസിൽ കോളജിലേക്കുള്ള യാത്രയിൽ ബസ് മറിഞ്ഞ് പൈതൽ നിത്യതയിൽ ചേർക്കപ്പെട്ടു. ദുഃഖകരമായ ആ വേളയെ തരണം ചെയ്യാൻ സർവ്വശക്തൻ സഹായിച്ചു.

പരിശോധനയുടെ കഠിന വേളകളിൽ കർത്താവിന്റെ പാദപീഠത്തിങ്കൽ ശരണം പ്രാപിച്ചു. പരിശോധനകൾ ഓരോന്നും ദൈവത്തിലേക്കു കൂടുതൽ അടുക്കുവാൻ മുഖാന്തിരമായി.

ഔദ്യോഗിക ജീവിതത്തിൽ ലഭിക്കുന്ന സമയങ്ങൾ സുവിശേഷം പങ്കിടുവാനും പ്രാർത്ഥിക്കുവാനുമായി വേർതിരിച്ച അന്നമ്മ കൺവൻഷൻ വേദികളിലും പ്രാർത്ഥന യോഗങ്ങളിലും ശക്തയായ സുവിശേഷ പ്രസംഗകയായി. 1983-ൽ കോട്ടയത്ത് ജോലി ചെയ്യുമ്പോൾ കാരാപ്പുഴയിൽ ആരംഭിച്ച കൂട്ടായ്മയിലൂടെ അനേക സഹോദരിമാർ രക്ഷിക്കപ്പെടുവാൻ ഇടയായി പലരും ഇന്നു സുവിശേഷ വേല ചെയ്യുന്നു. 2014- ജനുവരിയിൽ കോട്ടയത്ത് നടന്ന സഹോദരിമാരുടെ കൂട്ടായ്മയിൽ ശുശ്രൂഷിക്കുവാൻ എത്തിയപ്പോൾ കാരാപ്പുഴയിലെ പ്രാർത്ഥന മുഖാന്തിരം രക്ഷിക്കപ്പെട്ടവരിൽ 30 ഓളം പേരെ കാണുവാൻ കഴിഞ്ഞത് മറക്കാനാവാത്ത അനുഭവമായി. 1999-ൽ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച ശ്രീമതി അന്നമ്മ നൈനാൻ 2001-ൽ അമേരിക്കയിലെത്തി. (1995-ൽ ഭർത്താവ് ശ്രീ



സിസ്റ്റർ അന്നമ്മ നൈനാൻ

പി.വി. നൈനാൻ നിത്യതയുടെ തുറമുഖത്തെത്തിയിരുന്നു) 2001 ജൂലൈയിൽ ദൈവാത്മ നിയോഗത്താൽ തലമുറകൾക്കായി കരയാൻ തുടക്കമിട്ട മദേഴ്സ് പ്രയർ അനേക കുടുംബങ്ങളിലും വ്യക്തികളിലും വിടുതലായി മാറി. കഠിന രോഗത്താൽ ഭാരപ്പെട്ട ഒരു ഹൈന്ദവ സഹോദരി സൗഖ്യമായി, അനേകർ രക്ഷിക്കപ്പെട്ടു. ഈ ദൗത്യം ഏറ്റെടുക്കുവാൻ ധാരാളം അമ്മമാർ മുമ്പോട്ടു വന്നു, ഇത് ഒരു ചങ്ങലയായി മാറി. ഒരോ ദിവസവും അനേകർ ഈ ചങ്ങലയിലെ കണ്ണികളായി ചേരുകയാണ്. ദേശങ്ങളിലേക്കും രാജ്യങ്ങളിലേക്കും വളരുകയാണ് മദേഴ്സ് പ്രയറിന്റെ പ്രാർത്ഥനാ ചങ്ങല. മറ്റുള്ളവർക്കായി കരയുമ്പോൾ ദൈവത്തിന്റെ വിടുതൽ സ്വജീവിതത്തിലും അനുഭവിച്ചറിയുകയാണ് ഈ ദൈവദാസി. ഹൃദയത്തിന്റെ വലതുഭാഗത്തെ ധമനികൾ 100% ഉം ബ്ലോക്കായി. ഹൃദയശസ്ത്രക്രീയ ആവശ്യമെന്നു ഡോക്ടർ വിധിയെഴുതി. പ്രാർത്ഥിച്ചനന്തരം നടത്തിയ വിദഗ്ദ പരിശോധനയിൽ പുതിയ ധമനികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നുകണ്ട ഏവർക്കും അത്ഭുതമായി.

ഒരു വലിയ ദൗത്യമാണ് ശ്രീമതി അന്നമ്മ നൈനാന്റെ നേതൃത്വത്തിൽ ഈ അമ്മമാർ ചെയ്യുന്നത്. ഈ പ്രാർത്ഥനാ ചങ്ങലയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർക്ക് സ്വാഗതം.

ശ്രീമതി അന്നമ്മ നൈനാൻ രചിച്ച പ്രസിദ്ധമായ ഗാനത്തിലെ വരികൾ പോലെ

"നിലവിളിക്ക നിലവിളിക്ക
എഴുന്നേറ്റു നിലവിളിക്ക
രാക്കാലങ്ങളിൽ യാമാരംഭത്തിൽ
എഴുന്നേറ്റു നിലവിളിക്ക"

ഒരു വലിയ ദൗത്യത്തിനായി കൈകോർക്കുവാൻ അമ്മമാർ മുമ്പോട്ടു വരട്ടെ.

ഡാളസിൽ രണ്ടാമത്തെ മകൻ അലക്സിനോടും കുടുംബത്തോടുമൊപ്പം താമസിച്ച് ഈ പ്രാർത്ഥനാ ചങ്ങലയ്ക്കു നേതൃത്വം കൊടുക്കുകയാണ് ശ്രീമതി അന്നമ്മ നൈനാൻ.

മക്കൾ: അലക്സ് നൈനാൻ - ബിനു, ഗോഡ്‌ലി - പാസ്റ്റർ ജിജു ഉമ്മൻ, സാം നൈനാൻ - ജീന

തയ്യാറാക്കിയത്
സാംകുട്ടി മാത്യു, റാന്നി

**കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക**

ഫോൺ 214 785 4343
847 623 2973
Email: mothersprayerusa@sbcglobal.nct

**വിലാസം**

Sis Annamma Ninan
1614 Sul Ross
Allen TX 75002
USA

## ഡോ.കോര സംസാരിക്കുന്നു



1. കേരളത്തിലെ പല ബിഷപ്പുമാർക്കും സ്വന്തമായി അബ്കാരി ലൈസൻസുണ്ടെന്ന് കോര അറിഞ്ഞോ?
**– സുബിൻ, പുല്ലാട്**

*ലൈസൻസ് ഇല്ലെങ്കിലും നമ്മുടെ ചില നേതാക്കന്മാർക്ക് ഈ ഫീൽഡിൽ നല്ല ബന്ധമാണെന്ന് കോരയും കേട്ടു സുബിനേ. ലൈസൻസുസംഘടിപ്പിച്ചാൽ (ഉപയോഗിക്കുന്നതിന്) പിന്നെ പറയേണ്ടല്ലോ.*

2. ഊമക്കത്ത് എഴുതുന്നവരെക്കുറിച്ച് കോരയുടെ അഭിപ്രായം എന്താണ്?
**– സാം നിലമ്പൂർ**

*സ്വന്തമായി വിലാസം ഇല്ലാത്തവരുടെ വികൃതി. പിതൃശൂന്യ കത്തുകളെഴുതുന്നവരും അതേ നിലവാരമുള്ളവരാകാം.*

3. ഐ. പി. സി.യിൽ ഇലക്ഷനുമായി ബന്ധപ്പെട്ട് പി. വൈ. പി. എ.യിലും കേരളാ സ്റ്റേറ്റിലും പുതിയ പാനലുകാർ രംഗത്തെത്തി എന്നാണല്ലോ കേൾക്കുന്നത്.
**– എബി കുമ്പനാട്**

*അങ്ങനെ പലതും കേൾക്കും എബീ. ഇതൊന്നും കേട്ട് ആവേശഭരിതനാകരുതേ. ഐ. പി. സി.യല്ലേ! ഇലക്ഷൻ നോമിനേഷൻ പിൻവലിക്കുന്ന ദിവസമല്ലാതെ ഒന്നുമുറപ്പിക്കേണ്ട കേട്ടോ. മാറ്റങ്ങൾ സംഭവിച്ചു കൊണ്ടേയിരിക്കും.*

4. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ ആക്ഷൻ കൗൺസിൽ നിയമ നടപടിക്കൊരുങ്ങുന്നു എന്നു കേട്ടല്ലോ? കോര ഇതൊന്നുമറിയുന്നില്ലേ
**– മോൻസി തിരുവല്ല**

*മൗനം വിദ്വാനഭൂഷണം എന്നാണല്ലോ. എവരി ആക്ഷൻ ദെയർ ഈസ് റിയാക്ഷൻ എന്നുമുണ്ടല്ലോ*

# ചാറ്റനൂഗയിലെ സഭകൾ (കഴിഞ്ഞലക്കം തുടർച്ച)

## ചാറ്റനൂഗ കോർണർ സ്റ്റോൺ ചർച്ച്

2007-ൽ ആരംഭിച്ച സഭയാണ് ചാറ്റനൂഗ കോർണർ സ്റ്റോൺ ചർച്ച്. പാസ്റ്റർ ഫിജോയ് ജോൺസൻ സീനിയർ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് രാജൻ ചാക്കോ 423-490-0794 ഏ. സി. ശമുവേൽ 423-499-8491, ഏ. സി. തോമസ് 423-305-1623, റോബിൻ ബഞ്ചമിൻ 423-903-1216

**വിലാസം**
**2201, Hickoryvalley Rd, Chattanooga, TN 37421**

## പാസ്റ്റർ ഫിജോയ് ജോൺസൻ



ചർച്ച് ഓഫ് ഗോഡിലെ മൂന്നാം തലമുറയിൽ ഉള്ള ഓർഡയിൽ ശുശ്രൂഷകനാണ് പാസ്റ്റർ ഫിജോയ് ജോൺസൻ. 19-ാം വയസ്സിൽ സുവിശേഷവേലയ്ക്കായി സമർപ്പിച്ച ഇദ്ദേഹം ലീ യൂണിവേഴ്സിറ്റിയിൽ നിന്ന് ബാച്ചിലർ ഓഫ് സയൻസും MA യും നേടി. ലീ യൂണിവേഴ്സിറ്റിയുടെ കമ്മ്യൂണിറ്റീസ് മിനിസ്ട്രിയുടെ അസിസ്റ്റന്റ് ഡയറക്ടറാണ്. ചാറ്റനൂഗ കോർണർ സ്റ്റോൺ സഭയുടെ സീനിയർ പാസ്റ്ററാണ്. പാസ്റ്റർ ജോൺസൻ സഖര്യയുടെ മകൻ.

ഭാര്യ: മേരി, മക്കൾ: എലൈജ, ലിലിയൻ

Email: revfjccc@gmail.com. Ph: 423-432-1678

## അമേരിക്കൻ വിശേഷം



രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

# മാധ്യമ ദൗത്യം

ബിലീവേഴ്സ് ജേണൽ നിലപാടിനെ സംബന്ധിച്ച് കഴിഞ്ഞ ലക്കത്തിൽ എഴുതിയകുറിപ്പിന് വലിയ പ്രതികരമാണ് ലഭിച്ചത്. വായനക്കാർ സത്യം മനസ്സിലാക്കുവാൻ വേണ്ടിയാണ് ആ കുറിപ്പ് എഴുതേണ്ടി വന്നത്. ഊമക്കത്തിനു പ്രാധാന്യം കൊടുക്കേണ്ട കാര്യമില്ലെന്നറിയാം. എന്നാൽ തുടർമാനമായി പ്രചരിക്കുന്ന കത്തുകൾ ചില ദുർബല മനസുകളെ എങ്കിലും തെറ്റിദ്ധരിപ്പിക്കും എന്നതിനാലാണ് ജേണൽ നിലപാട് വ്യക്തമാക്കി അത്തരം കുറിപ്പ് എഴുതിയത്.

മാധ്യമദൗത്യത്തെക്കുറിച്ചും അതിന്റെ മാന്യതയെക്കുറിച്ചും നല്ല ബോധ്യമുണ്ട്. പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ അധഃപതനത്തിനെതിരായും ദുരുപദേശത്തിനും അഴിമതിക്കുമെതിരെയും ജേണൽ ഉറച്ച നിലപാടോടെ മുമ്പോട്ടു പോകും. ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യുവും ഒരുമിച്ച് വിവിധ കോൺഫറൻസുകളിലും കൂട്ടായ്മകളിലും പങ്കെടുക്കുവാൻ കഴിഞ്ഞു. ധാരാളം ചർച്ചുകളിൽ അദ്ദേഹത്തിന് ശുശ്രൂഷ ചെയ്യുവാൻ അവസരം ലഭിച്ചു. നല്ല പ്രഭാഷണം എന്ന് ധാരാളം പേർ അഭിപ്രായപ്പെട്ടത് സന്തോഷം ആയി. മാധ്യമപ്രവർത്തകൻ എന്ന നിലയിൽ വളരെ പ്രതികൂല സാഹചര്യങ്ങളെ തനിക്ക് നേരിടേണ്ടി വന്നത് എനിക്കറിയാം. നിലപാടിൽ ഉറച്ചു നിൽക്കുവാനുള്ള തന്റെ തീരുമാനമാണ് കഴിഞ്ഞ 7 വർഷങ്ങൾകൊണ്ട് ജേണൽ ശക്തമായി മുൻനിരയിൽ എത്തിയത്. ഈ കാലത്ത് സഭയിൽ തിരുത്തൽ ശക്തിയായി നിൽക്കേണ്ടത് മാധ്യമങ്ങളാണ്. ഒരു പ്രവാചക ദൗത്യമാണത്. അതിൽ പരിഭവിക്കേണ്ടതില്ല.

# 06 സ്നേഹത്തിന്റെ കരവുമായി അമേരിക്കൻ തെരുവിൽ.......

ഹായിപ്പാൻ മുമ്പോട്ടു വരുന്നത് ശുഭോദർക്കമാണ്. അമേരിക്കയിലെ തെരുവോരങ്ങളിൽ മാത്രമല്ല ഭാരതത്തിലും ഫിലിപ്പൈൻസിലും ഈ ശുശ്രൂഷ വ്യാപിച്ചിരിക്കുന്നു.



ഇൻഡ്യയിൽ പഞ്ചാബ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഇൻഡ്യാ ക്രിസ്ത്യൻ അസംബ്ലി ഇന്നു വളർച്ചയുടെ പാതയിലാണ്. നൂറു കണക്കിനാളുകൾ രക്ഷകനെ അറിയുന്നു. തെരുവിൽ നിന്നുള്ള കുഞ്ഞുങ്ങൾക്കായി ഓർഫനേജുകൾ, ബൈബിൾ ട്രെയിനിംഗ് സെന്റർ, തയ്യൽ സ്കൂൾ, ആരാധന ഇവയെല്ലാം ഇതിന്റെ ഭാഗമായി നടക്കുന്നു. ഫിലിപ്പൈൻസിലും ആരുമില്ലാത്തവരും പാവപ്പെട്ടവരുമായ കുട്ടികളുടെ ക്ഷേമത്തിനായി സന്തോഷ് പൊടിമലയുയെ നേതൃത്വത്തിലുള്ള സേക്രട്ട് ഹാന്റ്സ് ഓഫ് ഇന്ത്യൻ മിനിസ്ട്രീസിനു സാധ്യമാകുന്നു.

അമേരിക്കയിലെ സുഖസൗകര്യങ്ങളിൽ ഒതുങ്ങി ആഡംബരജീവിതം നയിക്കുവാൻ സാഹചര്യം ഉണ്ടായിട്ടും തെരുവിൽ അലയുന്നവരെ തേടി സുവിശേഷവുമായി എത്തുന്ന പാസ്റ്റർ സന്തോഷ് പൊടിമലയെ നമ്മുടെ സമൂഹം പ്രോത്സാഹിപ്പിക്കണം. അദ്ദേഹത്തിന്റെ പ്രവർത്തനത്തിനായി പ്രാർത്ഥിക്കുവാനും സഹായത്തിന്റെ കരം നീട്ടുവാനും നമുക്കു കഴിയേണം. ഈ പ്രവർത്തനത്തിൽ പങ്കാളിയാകുവാനും സഹകരിക്കുവാനും ആഗ്രഹിക്കുന്നവർക്ക് ഈ പ്രവർത്തനങ്ങൾ നേരിട്ട് കാണുവാനും അവസരമുണ്ട്. തെരുവിൽ നിന്ന് രക്ഷിക്കപ്പെടുന്നവരെ ഞായറാഴ്ച രാവിലെ വാനുമായി ചെന്ന് കൂട്ടിക്കൊണ്ടുവന്ന് ഒന്നിച്ചാരാധിക്കുന്നതിൽ സന്തോഷിക്കുകയാണ് ഈ സുവിശേഷകൻ. ഒരു വ്യക്തിയെ ക്രിസ്തുവിനായി നേടുവാൻ കഴിഞ്ഞതിലുള്ള സന്തോഷം. അമേരിക്കയിലായാലും ഇന്ത്യയിലായാലും അത് കറുമ്പനോ വെള്ളക്കാരനോ ഭാരതീയനോ ആയാലും ആത്മാവിന്റെ വില ഒന്നാണല്ലോ.







## ഈ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്നവർ

| | |
|---|---|
| ഫൗണ്ടർ & പ്രസിഡന്റ് | – പാസ്റ്റർ സന്തോഷ് പൊടിമല |
| വൈസ് പ്രസിഡന്റ് | – പാസ്റ്റർ ബെഞ്ചമിൻ തോമസ് |
| സെക്രട്ടറി | – ജോൺ കെ. ബാബു (കടവിൽ) |
| ട്രഷറർ | – ജോർജ്ജ് ഏബ്രഹാം ഒക്കലഹോമ |

## കൂടുതൽ വിവരങ്ങൾക്ക്

www.sacredhandsofhope.org സന്ദർശിക്കുക.
Email: sacredhandsofhope@gmail.com
PH: 214 929 3370

## വിലാസം

10701, ST. ANNES Dr.
Rowlett, TX 75089
USA

## നിത്യതയിൽ



**സി. എം. ജോയി (77)**

**കലഞ്ഞൂർ:** പൂമരുതിക്കുഴി ചേടിയത്ത് വീട്ടിൽ സി. എം. ജോയി (77) നിര്യാതനായി. സംസ്കാരം ആഗസ്റ്റ് 25 തിങ്കളാഴ്ച പൂമരുതിക്കുഴി അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ പിടവൂർ സെമിത്തേരിയിൽ നടത്തി. ഭാര്യ അതിരുങ്കൽ കൊച്ചുപറമ്പിൽ കുടുംബാംഗം തങ്കമ്മ. മക്കൾ: തമ്പി (മസ്ക്കറ്റ്), സൂസമ്മ, അച്ചൻകുഞ്ഞ് (മസ്ക്കറ്റ്), ജെസി, സ്മിത, പാസ്റ്റർ സി. വി. അനിയൻകുഞ്ഞ് (ഐ. പി. സി. ആറന്മുള). മരുമക്കൾ: ലിസി, പരേതനായ മാത്യു, ഷേർളി, സാംകുട്ടി, പാസ്റ്റർ സി. റ്റി. ജോസ് (ഐ. പി. സി. കീക്കൊഴൂർ), സിജി.



**എം. കെ. ജോൺ**

**ചെങ്കുളം:** ഐ.പി.സി. ചെങ്കുളം സഭാംഗം മരുതമൺ പള്ളി പ്ലാവിള പുത്തൻ വീട്ടിൽ എം.കെ. ജോൺ കർത്തൃസന്നിധിയിൽ പ്രവേശിച്ചു. സംസ്കാരം ജൂലൈ 27 ന് പാസ്റ്റർ വർഗീസ് മത്തായിയുടെ നേതൃത്വത്തിൽ സഭാ സെമിത്തേരിയിൽ നടന്നു. പാസ്റ്റർമാരായ ജി കുഞ്ഞച്ചൻ, പി.കെ. ജോൺ, പി.ജി. ജോർജുകുട്ടി, സാബു ജോസഫ്, സാജൻ ജോൺ, ജോസഫ് മാത്യു ജോർജ് രാജൻ തുടങ്ങിയവർ അനുസ്മരണപ്രസംഗം നടത്തി. ഭാര്യ: നെല്ലിക്കുന്നതു കുടുംബാംഗം ചിന്നമ്മ. മക്കൾ: ലാലി പോൾ (ജാർഖണ്ഡ്), ലാലു ജോൺ (അബുദാബി), ലൗലി കുഞ്ഞുമോൻ. മരുമക്കൾ: തൃക്കണ്ണമംഗൽ ഇടയിലവിളമേലതിൽ പോൾമത്തായി (വേൾഡ് വിഷൻ, ജാർഖണ്ഡ്), മേഴ്സി ലാലു, അടൂർ പന്നിവിഴ മുകളിൽ വടക്കേതിൽ എം കുഞ്ഞുമോൻ (സൗദി).



**മറിയാമ്മ (തങ്കമ്മ- 90)**

**വടശേരിക്കര:** കൊമ്പനോലിൽ ചെറുതോമ്പിൽ പരേതനായ സി.വി. ചാക്കോയുടെ ഭാര്യ മറിയാമ്മ (തങ്കമ്മ- 90) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭവനത്തിലെ ശുശ്രൂഷയ്ക്കുശേഷം ഐ.പി.സി ഇടത്തറ സഭാ സെമിത്തേരിയിൽ സംസ്കാരം നടത്തി. കരിക്കുറ്റിയ്ക്കൽ കിണറ്റുകര കുടുംബാംഗമാണ്. മക്കൾ: സി.സി. വർഗീസ് (ബ്രദറൺ സഭ സുവിശേഷകൻ), സി.സി. തോമസ്(പുല്ലാട്), സി.സി. സാമുവേൽ, അമ്മിണി, പാസ്റ്റർ സി.സി. ഏബ്രഹാം (ഐ.പി.സി. വടശേരിക്കര സെന്റർ ശുശ്രൂഷകൻ), സി.സി.ചാക്കോ (കുവൈറ്റ്), എൽസി. മരുമക്കൾ: കുഞ്ഞൂഞ്ഞമ്മ, കുഞ്ഞമ്മ, തങ്കമ്മ, തണ്ണിത്തോട് പിണറുനിൽക്കുന്നതിൽ സാമുവേൽകുട്ടി, അമ്മുക്കുട്ടി, സൂസമ്മ, ആങ്ങമൂഴി വലിയകാലായിൽ സാംകുട്ടി.

## കൊച്ചുവർത്തമാനം





**പാസ്റ്റർ ബിജു ജോയി തുവയൂർ**
**ഗൾഫ് എഡിറ്റർ**

## ആന്റിയും അങ്കിളും

അവറാച്ചായൻ, ഉപദേശി ഒന്നുമല്ലെങ്കിലും വേഷവും രീതികളും ഉപദേശിമാരെ വെല്ലുന്നതാണ്. തന്റെ സഹധർമ്മിണി അമ്മിണിയുടെ ബലമാണ് തനിക്ക് എല്ലാറ്റിലും ഉള്ളത്. 'അമ്മിണി'യെന്ന് ആരെങ്കിലും വിളിക്കാൻ ഉദ്ദേശിക്കുന്നു എങ്കിൽ അതങ്ങ് മനസിൽ വെച്ചാൽ മതി വളരെ ആദരപൂർവ്വം "അമ്മിണികുട്ടി ആന്റി" എന്നു തന്നെ വിളിക്കണം.... തനിക്കുണ്ടായിരുന്ന സർക്കാരുജോലി പ്രവാചകശബ്ദം നിമിത്തം ഉപേക്ഷിച്ച് ഒരു മുഴുസമയ ശുശ്രൂഷക്കാരത്തിയായി തിരുനാമത്തിൽ ആശ്രയിച്ചു പുറപ്പെട്ടിരിക്കുന്ന തന്റെ 'ദാസി'യുടെ വാക്കാണ് ലോകത്തിൽ എനിക്കേറ്റവും പ്രാധാന്യമായിട്ടുള്ളത്. വീട്ടിൽ താനൊന്നും പറയാറില്ല- അല്ല- "ആന്റി" അനുവദിക്കാറുമില്ല പിന്നെ വല്ലതുമൊന്നു പറയുന്നത് സഭയിലാണ്- ഏതു സഭയിൽ ആയാലും (ഇപ്പോൾ എത്രാമത്തെ സഭയിലാണ് എന്നും അറിയാൻ ഓർമ്മയുടെ പുസ്തകം പരിശോധിക്കേണ്ടതായിവരും) ഉപദേശിമാർക്കൊപ്പം ഇരുന്നു കൊള്ളണമെന്ന് 'ദാസി'യുടെ നിർദ്ദേശം. പരിഗണനയും പദവിയും പടിയും ഒക്കെ ലഭിച്ചാൽ ആ 'സഭ' ലോകത്തിലേക്കും ഏറ്റവും നല്ലതെന്നു പ്രഖ്യാപിക്കുവാൻ യാതൊരു മടിയും "ആന്റിക്കും, അങ്കിളിനും" ഇല്ലവേയില്ല; എന്നാൽ തങ്ങളുടെ സ്വാതന്ത്ര്യത്തിനു എതിരായി എന്തെങ്കിലും വന്നാൽ അനേക 'പാസ്റ്ററൻ'മാരെ ക്ഷമ ചോദിപ്പിച്ച് പാര്യമ്പര്യമുള്ളവരാണ് തങ്ങളെന്നു ആരുടെയും മുഖത്ത് നോക്കിപ്പറയാൻ "ആന്റിക്കും ദാസനും" ഒട്ടും മടിയുമില്ല. സഭയിൽ ആരെങ്കിലും വാഹനം വാങ്ങിയാൽ, ഷർട്ടു വാങ്ങിയാൽ, സാരി വാങ്ങിയാൽ, ആന്റിക്ക് ശക്തമായ അഭിപ്രായമുണ്ടായിരിക്കും. തന്റെ കണവനേയും, കണവൻ ഏതെങ്കിലും ഉത്തരവാദിത്വപ്പെട്ടവരേയും അറിയിക്കുവോളം പിന്നെ വിശ്രമമില്ല-

സാധാരണ ഉപദേശിമാരൊന്നും "അങ്കിളിനും, ആന്റിക്കും" പ്രിയമുള്ളവരല്ല, പ്രവാചക, ദൂതു സ്പെഷ്യലിസ്റ്റുകളാണ് പ്രീയപ്പെട്ട കൂട്ടം - ഇഷ്ടപ്പെട്ട അത്തരം ആരെങ്കിലും ലഭിച്ചാൽ അവരോടു പിണങ്ങും വരെ രാവും പകലും അവർക്കൊപ്പം ഉണ്ടാകും ശരാശരി മൂന്നു നാലു മാസമാണ് ബന്ധം നിലനിൽക്കാറ് വല്ല 'പ്രയോജന'വും ഉണ്ടെങ്കിൽ അല്പം കൂടെ നീളം അത്രമാത്രം. അതുപോകട്ടെ കാര്യത്തിലേക്ക് കടക്കാം. ഈയിടെയായി കൂടുന്ന സഭയിൽ അല്പം പ്രയാസമാണ് കാരണം തങ്ങളെ ബാധിക്കുന്ന ചിലകാര്യങ്ങൾ 'പ്രസംഗത്തിൽ വരുന്നു' എന്നതു തന്നെ. മറ്റെവിടെയെങ്കിലും പോകാമെന്നു വെച്ചാൽ ഏകദേശം അടുപ്പമുള്ള സഭകളിലെല്ലാം ജീവിതയാത്രയിൽ എപ്പോഴെങ്കിലുമൊക്കെ കയറി ഇറങ്ങിയവയും. അങ്ങനെയിരിക്കവെയാണ് ഒരു പുതിയ കൂട്ടം അല്പമകലെയെങ്കിലും തുടങ്ങുന്നതറിഞ്ഞത് "എല്ലാം നന്മക്കായി......" ഇപ്പോ കിട്ടിയത് പെരുത്തത് തന്നെ കാരണം പുതിയ ഉപദേശം, പുതിയ സംവിധാനങ്ങൾ, "വാളെടുത്തവർ എല്ലാം വെളിച്ചപ്പാട്- എന്നതു തന്നെ. പ്രീയരെ മുമ്പ് കാലങ്ങളിൽ ദൈവ സഭകളിൽ ഉപദേശവിഷയങ്ങൾ പഠിപ്പിക്കുന്ന ഒരു രീതി നമുക്കുണ്ടായിരുന്നു എന്നാൽ കാലം മാറിവന്നപ്പോൾ കുറെ വികാര പ്രകടനങ്ങൾ മാത്രമായി പലകൂടിവരവുകളും - ദൈവവചനത്തിലേക്കുള്ള ആത്മാർത്ഥമായ മടങ്ങി വരവാണ് നമുക്ക് ഈ കാലത്ത് അത്യന്താപേക്ഷിതമായിട്ടുള്ളത്. അവിടെയാണ് ഉണർവ്വ് ആരംഭിക്കുന്നത് നമ്മുടെ "ആന്റിമാരും, അങ്കിളുമാരും" തിരുവചനസത്യങ്ങൾ തിരിച്ചറിയട്ടെ - ദൈവബന്ധത്തിനും തുല്യമാണ് സഹോദരബന്ധങ്ങളും - "നാം ഒരു മിച്ചാണ് അവിടുത്തെ നാമത്തെ ഉയർത്തേണ്ടത്. കർത്താവ് ഏവർക്കും നല്ല പ്രവർത്തിക്ക് കൃപ പകരട്ടെ- ശുഭം.

## 01 പെന്തെക്കോസ്തിൽ...

യിരുന്ന പെന്തെക്കോസ്ത് ഇന്ന് ധൂർത്തിന്റെ കൂത്തരങ്ങായി മാറിയിരിക്കുന്നു. വിവാഹത്തിന്റെ തലേദിവസവും വിവാഹത്തിന്റെ അന്ന് വൈകിട്ടും പിറ്റേദിവസവും വമ്പൻ സൽക്കാരങ്ങൾ സംഘടിപ്പിക്കുന്നു. വിവാഹനിശ്ചയവും ആർഭാടമായി വിവാഹം പോലെ തന്നെ നടത്തുന്നു.

ശവസംസ്കാരം, സ്നാനം, ഭവനപ്രതിഷ്ഠ, ബർത്തഡേ ആഘോഷം, ശിശുപ്രതിഷ്ഠ, വിവാഹവാർഷികം, ഷഷ്ടി പൂർത്തി, സപ്തതി, നവതി ഇങ്ങനെപോകുന്നു മാമാങ്കങ്ങൾ. പ്രത്യേക ദിവസങ്ങളെ ആഘോഷമാക്കിമാറ്റുന്ന പെന്തെക്കോസ്തരുടെ ആഡംബര ജീവിതം ക്രിസ്തീയ ശൈലിക്ക് നിരക്കുന്നതല്ല.

പെന്തെക്കോസ്ത് സമൂഹത്തിലെ ബഹുഭൂരിപക്ഷം പേരും താമസസൗകര്യം, ചികിത്സ, വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ പ്രയാസപ്പെടുമ്പോൾ ഒരുകൂട്ടർ നടത്തുന്ന ഇത്തരം ധൂർത്ത് അധാർമ്മികമാണ്. അഭിശപ്തമായ ധൂർത്തും ദുർവ്യയവും ആർഭാടവും അമിതവ്യയവുമാണ്. പെന്തെക്കോസ്തരുടെയിടയിൽ ഒരു സാമൂഹ്യപരിവർത്തനത്തിന് തുടക്കം കുറിക്കണം. ഇതിന് നേതൃത്വം വഹിക്കേണ്ടത് സമ്പന്നരും നേതാക്കന്മാരുമാണ്. സഭാനേതൃത്വം ഉചിതമായതീരുമാനം ആത്മാർത്ഥമായി നടപ്പിലാക്കുകയാണെങ്കിൽ അത് ഈ സമൂഹത്തിൽ സൃഷ്ടിക്കുന്ന മാറ്റം മഹത്തരമായിരിക്കും.

ആഡംബരം ഒഴിവാക്കി നേതാക്കന്മാരും ശുശ്രൂഷകന്മാരും ലാളിത്യത്തിലൂടെ മാതൃക കാണിക്കുകയും വിശ്വാസികളെ അതിന് പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയുമാണെങ്കിൽ പെന്തെക്കോസ്ത് സമൂഹത്തിന്റെ ഗുണപരമായ ഉയർച്ചയിലും വളർച്ചയിലും അത് വഹിക്കുന്ന പങ്ക് അനൽപ്പമായിരിക്കും.

## 01 ഐ.പി.സി. നോർത്ത് അമേരിക്കൻ ...

കോൺഫറൻസുകളിലെ അതിഥി പ്രസംഗകനുമായിരുന്ന പാസ്റ്റർ റ്റി.ഡി. ബാബു (ഇന്ത്യ) മുഖ്യ പ്രസംഗകനായിരുന്നു. കൂടാതെ റീജിയനിലെ വിവിധ ശുശ്രൂഷകന്മാരും പ്രസിദ്ധരായ പ്രഭാഷകരും ഈ കോൺഫറൻസിൽ പ്രസംഗിച്ചു.

ഓഗസ്റ്റ് 29-ന് വെള്ളിയാഴ്ച വൈകിട്ട് 6:30 -ന് പാസ്റ്റർ വിൽസൺ കടവിലിന്റെ അധ്യക്ഷതയിൽ ആരംഭിച്ച കോൺഫറൻസ് റീജിയൻ പ്രസിഡന്റ് കെ.സി. ജോൺ ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ജേക്കബ് മാത്യു, റ്റി.ഡി. ബാബു എന്നിവർ പ്രസംഗിച്ചു. ശനിയാഴ്ച രാവിലെ 10 - 12:30 വരെ നടന്ന സഹോദരിമാരുടെ മീറ്റിംഗിൽ സിസ്റ്റർ ലിസി ജേക്കബ് അധ്യക്ഷത വഹിച്ചു. സിസ്റ്റർ ശ്രീലേഖ, പാസ്റ്റർ റ്റി.ഡി ബാബു എന്നിവർ മുഖ്യ സന്ദേശം നൽകി. ശനിയാഴ്ച ഉച്ച കഴിഞ്ഞ് 2 മുതൽ 4 വരെ യുവജനങ്ങൾക്ക് ഉണ്ടായിരുന്ന പി.വൈ.പി.എ മീറ്റിംഗിൽ ഫിന്നി ജേക്കബ് അധ്യക്ഷനും പാസ്റ്റർ ജേക്കബ് ജോൺ പ്രസംഗകനുമായിരുന്നു. വൈകിട്ട് നടന്ന പൊതുമീറ്റിംഗിൽ പാസ്റ്റർ ജോൺ തോമസ് അധ്യക്ഷനായിരുന്നു. പാസ്റ്റർ മോറിസ് സാംസൺ, പാസ്റ്റർ റ്റി.ഡി. ബാബു എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ഏ.സി. ഉമ്മന്റെ അധ്യക്ഷതയിൽ ഞായറാഴ്ച രാവിലെ നടന്ന സംയുക്ത ആരാധനയിൽ പാസ്റ്റർ വി.പി.ജോസ്, പാസ്റ്റർ ജേംസ് ജോർജ്ജ്, പാസ്റ്റർ ജോയി ഏബ്രഹാം, പാസ്റ്റർ റ്റി.ഡി. ബാബു എന്നിവർ വിവിധ പ്രോഗ്രാമുകളിൽ പങ്കെടുത്തു. പാസ്റ്റർ കെ.സി.ജോൺ തിരുവത്താഴ ശുശ്രൂഷക്ക് നേതൃത്വം നൽകി. നെബു സ്റ്റീഫൻ, ഏബ്രഹാം തോമസ് (ജോസ് അറ്റ്ലാന്റ്), റോയി കൊടുന്തറ എന്നിവർ ഗാന ശുശ്രൂഷക്ക് നേതൃത്വം നൽകി. റീജിയൻ ട്രഷറർ ചാക്കോ സ്റ്റീഫൻ സ്വാഗതവും, ജോയിന്റ് സെക്രട്ടറി രാജൻ ആര്യപ്പള്ളിൽ കൃതജ്ഞതയും അറിയിച്ചു.

സെന്റർ ഫ്ളോറിഡാ, സൗത്ത് ഫ്ളോറിഡാ, ജോർജിയ, ടെന്നസി, സൗത്ത് കരോലിനാ എന്നീ സംസ്ഥാനങ്ങളിലുള്ള ഐ.പി.സി. സഭകളിലെ ശുശ്രൂഷകന്മാരും വിശ്വാസികളും ഈ കോൺഫറൻസിൽ പങ്കെടുത്തു.

പാസ്റ്റർ കെ.സി. ജോൺ (പ്രസിഡന്റ്), പാസ്റ്റർ ഏ.സി. ഉമ്മൻ (വൈസ് പ്രസിഡന്റ്), പാസ്റ്റർ മോറീസ് സാംസൺ (സെക്രട്ടറി), ബ്രദർ രാജൻ ആര്യപ്പള്ളിൽ (ജോയിന്റ് സെക്രട്ടറി). ബ്രദർ ചാക്കോ സ്റ്റീഫൻ (ട്രഷറർ) എന്നിവരാണ് ഈ കോൺഫറൻസിന് നേതൃത്വം നൽകിയത്.

## ഹോപ്പ് ഓഫ് റിവൈവൽ 2014

**ആയൂർ:** പെന്തെക്കോസ്തു യുവജന സംഘടന ആയൂർ ഡിസ്ട്രിക്ട് ഏകദിനസമ്മേളനം "ഹോപ്പ് ഓഫ് റിവൈവൽ - 2014" സെപ്റ്റംബർ 9 ചൊവ്വാ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണിവരെ മലപ്പേരൂർ ഐ. പി. സി. ബഥേൽ ഹാളിൽ നടന്നു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്തു. റവ. സ്റ്റാൻലി അലക്സ് കോട്ടയം, പാസ്റ്റർ ബ്ലസൻ മാത്യു ചെറിയനാട് എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. "ക്രിസ്തുവിലുള്ള പ്രത്യാശ - ഇന്ന്, നാളെ" എന്നതായിരുന്നു ചിന്താവിഷയം. പാസ്റ്റർ ജോർജ്ജ് രാജൻ, ബെൻസൻ സാമുവേൽ, സാം പി. ജോൺ എന്നിവർ നേതൃത്വം നൽകി.

## ആലയ സമർപ്പണം

**മാവേലിക്കര:** ഐ.പി.സി. ആലപ്പുഴ ഈസ്റ്റ് സെന്ററിൽപ്പെട്ട ഏവൂർ നോർത്ത് ഹെബ്രോൺ സഭയ്ക്കു വേണ്ടി പുതിയതായി പണികഴിപ്പിച്ച ആരാധനാലയം ആഗസ്റ്റ് 30 ന് ഐ.പി.സി. സീനിയർ മിനിസ്റ്ററും ആലപ്പുഴ ഈസ്റ്റ് സെന്റർ ശുശ്രൂഷകനുമായ പാസ്റ്റർ എം.വി. വർഗ്ഗീസ് ആരാധനക്കായി തുറന്നു കൊടുക്കുകയും ദൈവനാമമഹത്വത്തിനായി സമർപ്പിക്കുകയും ചെയ്തു. സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ ജി. ജോണികുട്ടി അദ്ധ്യക്ഷത വഹിച്ചു. സെന്റർ സെക്രട്ടറി പാസ്റ്റർ എം. ഒ. ചെറിയാൻ, സഭാ ശുശ്രൂഷകൻ ഇവാ: സാബു തോമസ് എന്നിവർ നേതൃത്വം നൽകി.


## വീട് ആവശ്യമുണ്ട്

പത്തനാംപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ലോഗോസ് മിനിസ്ട്രീസ് ഇൻ ഇൻഡ്യയുടെ ചുമതലയിൽ നടക്കുന്ന ഓർഫനേജിനായി വീട് ആവശ്യമുണ്ട്. സൗജന്യമായോ വാടകയ്ക്കോ നൽകുവാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക. പത്തനാപുരത്തിന് 15കി.മീ. ചുറ്റളവിലാണ് വീട് ആവശ്യമുള്ളത്.

LOGOS MINISTRIES IN INDIA
Chenkilath Salem House
Pathanapuram, Kollam Dist
PH: 828 -116 - 8282

ലേഖനം

# കവിണയും കിന്നരവും ദാവീദിന് ധാരാളം



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലയിലും പ്രതിഫലിക്കത്തക്കനിലയിൽ നൂതന സാങ്കേതികവിദ്യകളുടെ അതിപ്രസരം മാനവന്റെ പ്രയാണ വേഗം ശതമടങ്ങ് വർദ്ധിപ്പിച്ചിട്ടുണ്ട്. ആ വേഗത അവൻ തന്റെ പ്രശ്നങ്ങളെ നേരിടുവാൻ പ്രയോഗിക്കുന്ന മാർഗ്ഗങ്ങളിലും ഒരുപാട് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതിന്റെ തരംഗങ്ങൾ ആത്മീക രംഗത്തും വേറിട്ട് കാണുവാൻ കഴിയും. മുൻകാല വിശുദ്ധന്മാരുടെ പ്രയാണ വഴികളിൽ അവർക്ക് നേരിടേണ്ടിവന്ന ശത്രുവിന്റെ വെല്ലുവിളികളോട് അവർ സ്വീകരിച്ച സമീപന രീതികൾ പലതും കാലഹരണപ്പെട്ടെന്നും കാലോചിതമല്ലെന്നും ഒക്കെയുള്ള വാദങ്ങൾ പൂർണ്ണമായും ശരിയല്ല. ആറുമുഴം ഒരു ചാൺ നെടുപ്പമുള്ള ഫെലിസ്ത്യ മല്ലൻ നാല്പതു ദിനങ്ങളായി തുടരുന്ന വെല്ലുവിളി നിർത്തലാക്കാൻ പടയങ്കിയും താമ്രശിരസ്ത്രവും കവചവും വാളും പിന്നെ പോർ നയിക്കാൻ സൈന്യവുമുണ്ടായിരുന്ന ധനികനായ കീശിന്റെ മകൻ തോൾ മുതൽ പൊക്കകാരനായ പ്രഥമ യിസ്രായേൽ രാജാവിന് കഴിയാതെ വന്നപ്പോൾ വനവാസിയായ യിശായീപുത്രൻ ദാവീദിന് ആ നെടുപ്പക്കാരൻ മല്ലനെ വകവരുത്താൻ വേണ്ടിവന്നത് ഒരു കവിണയും കല്ലും.!!! വിട്ടുപോയ യഹോവയുടെ ആത്മാവിനു പകരം ശൗലിലിറങ്ങിയ ദുരാത്മാവു അവനെ ഭ്രാന്തനാക്കുമ്പോൾ രാജാവിനെ പഴയ നിലയിലാക്കാൻ ദാവീദിന് വേണ്ടിവന്നത് ഒരു കിന്നരം!!!

നൂറു നൂറു വെളിപ്പാടുകളും അതിന്റെ അനുബന്ധ ശുശ്രൂഷകളും ദിനംതോറും പിറവിയെടുക്കുന്ന ഈ കാലത്ത് കിന്നരവും കവിണയും കൊണ്ട് കളത്തിലിറങ്ങിയാൽ "കുറെ ആടുള്ളതു കളഞ്ഞിട്ടു നീ ഇവിടെ എന്തിനു വന്നു" എന്നതായിരിക്കും മറ്റു യിശ്ശായീമക്കളുടെ പ്രതികരണം!! പ്രാർത്ഥന, ഉപവാസം, വിശുദ്ധ ജീവിതം എന്നിവയിലൂടെ സാത്താന്യ സംവിധാനങ്ങൾ ഉയർത്തിവിട്ട സകല പ്രതിബന്ധങ്ങളെയും നമുക്ക് മുന്നിൽ ഗമിച്ചവർ ജയിച്ചു മുന്നേറി. തകർത്ത് കളയുമെന്ന് വീരവാദം മുഴക്കിയ ഉഗ്രശക്തികളെ പിഴുതെറിയാൻ അവർക്ക് വേണ്ടി വന്നത് അവരിൽ പകരപ്പെട്ട അഭിഷേകവും ദൈവകൃപയുമായിരുന്നു. ശത്രുവിന്റെ തിരുനെറ്റി നോക്കിയുള്ള അവരുടെ ഉന്നം പിഴക്കാത്ത പ്രയോഗത്താൽ പ്രതിയോഗികൾ പരാജയപ്പെട്ടത് പൂർവ്വചരിത്രം. ചട്ടങ്ങളെ" എന്നു വിളിച്ചുകൂവികൊണ്ട് പ്രവേശിച്ച പുരോഗമനവാദികൾ പണ്ടത്തെ കവിണയും കിന്നരവും പഴഞ്ചൻ ഏർപ്പാടുകൾ ആണെന്നും വെളിപ്പെട്ടുകിട്ടിയ പുത്തൻ വിദ്യകൾ പ്രയോഗിക്കണമെന്നും കൽപ്പനയിറക്കുന്നു. മറുവശത്ത് ബൗദ്ധിക അഹങ്കാരം തലക്കുപിടിച്ച പെന്തക്കോസ്തു ശാസ്ത്രിമാർക്ക് കവിണകൊണ്ട് ശത്രുവിനെ വീഴ്ത്തുന്നതും കിന്നരം കൊണ്ട് ഭൂതമിറക്കുന്നതുമായ പഴയ രീതികളോട് വല്ലാത്ത അമർഷവും!!. ഇന്ന് ശത്രുവിനെ വീഴ്ത്താൻ കോടികൾ ചിലവഴിച്ചു ഉപവാസയഞ്ജ്ജങ്ങളും ഒരുപാട് മഹാമാരികളും നടക്കുന്നുണ്ടെങ്കിലും മുന്നിലേക്ക് വീഴാൻ മനസ്സില്ലാത്ത മല്ലന്മാർ പിന്നിൽ പിടിക്കാൻ തയ്യാറായി നിൽക്കുന്നവരുടെ കൈകളിലേക്ക് നിപതിക്കുന്നു. കയ്യിലെ കല്ലുകൾ മുഴുവൻ പെറുക്കി എറിഞ്ഞിട്ടും ശത്രു വീഴുന്നില്ല!! ലക്ഷ്യമില്ലാത്ത വെറും ഏറുകൾ!! കെട്ടിടങ്ങളുടെ കൽഭിത്തികളെ ഇളക്കി ശ്രോതാവിന്റെ ശ്രവണ സംവിധാനത്തെ മുഴുവൻ തകർക്കുന്ന ശബ്ദഭീകരത സൃഷ്ടിച്ച് അപസ്ഥാനികമുകുളസമാന ശുശ്രൂഷക വൃന്ദം അപസർപ്പകഥയിലെ നായകന്മാരെ പോലെ നൂതന സംഗീത ഉപകരണങ്ങളുടെ ഉപയോഗക്രമത്തെ പോലും തെറ്റിച്ചു പുറപ്പെടുവിക്കുന്ന കോലാഹലങ്ങൾകൊണ്ടും വേദി മുഴുവൻ ഓടിയും ചാടിയും വിട്ടുപോകാൻ പലവട്ടം പറഞ്ഞിട്ടും കേട്ട മട്ടില്ലാതെ ഒടുവിൽ കാൽപ്രയോഗങ്ങൾ ഒരുപാട് നടത്തിയിട്ടും കാര്യമായിട്ടൊന്നും സംഭവിക്കാതെ ദുരാത്മബാധിതൻ ആയി വന്ന ശൗൽ ഒരാശ്വാസവും ലഭിക്കാതെ അതെ പടിമടങ്ങുന്നു. പക്ഷെ കുന്തം ചാണ്ടി കുടൽമാല എടുക്കാൻ നിൽക്കുന്ന ശൗലിന്റെ ദുരാത്മാവിറക്കാൻ ദൈവകൃപയുള്ള ദാവീദിന് ഒരു കൊച്ചു കിന്നരും ധാരാളം!!!

ശിശുസമാനാവസ്ഥയിൽ ദൈവപാദപീഠത്തിൽ ഇരുന്നു കരഞ്ഞു നിലവിളിച്ചും നേടിയെടുത്ത തേജസിന്റെ ശുശ്രൂഷ കൈമുതലായുണ്ടായിരുന്ന പണ്ടുകാലങ്ങളിലെ ദൈവദാസന്മാർ ദൈവവചനുമായി വേദികളിൽ നിൽക്കുമ്പോൾ തന്നെ പ്രബല ശത്രുശക്തികൾ അവർക്ക് മുൻപിൽ അടിയറവു പറഞ്ഞു! പൈശാചിക ദുരാത്മാക്കൾ അലറി ഓടി! അഗാധ വേദശാസ്ത്രവ്യാഖ്യാശാഖകളും അവയുടെ ആഴങ്ങളും അജ്ഞാതമായിരുന്ന അവരുടെ കൈവശം നൂതന ഒഴിപ്പിക്കൽ സാമഗ്രികൾ ഒന്നുമില്ലാതിരുന്നപ്പോഴും വചനാധിഷ്ഠിതമായ അവരുടെ ശുശ്രൂഷയുടെ മുമ്പിൽ വീഴാത്ത ഗോലിയാത്തും ശാന്തമാകാത്ത ശൗലും ഉണ്ടായിരുന്നില്ല. മല്ലനെ മറിക്കാൻ ഒരു മരക്കവിണയും കൂടെ കൂടിയ ബാധ ഇറക്കാൻ ഒരു കിന്നരവും എന്നപോലെ ദൈവം ഏൽപ്പിച്ച ചിലതവർക്കുണ്ടായിരുന്നു. ശീലമില്ലാത്ത ശൗലിന്റെ പടയങ്കിയും താമ്രശിരസ്ത്രവും വാളും വേണ്ടെന്നു വയ്ക്കാൻ ദാവീദു തയ്യാറായി. എന്നാൽ നമ്മുടെ സംസ്കാരത്തിനും ദൈവവചനത്തിന്റെ ഉപദേശത്തിനും പെന്തെക്കോസ്തു നിലവാരങ്ങൾക്ക് അന്യവുമായി നമുക്ക് ശീലമില്ലാത്ത പലതും നാം അണിയുകയാണ്. നാം ശീലിച്ചിട്ടില്ലാത്തത് ഉരിഞ്ഞുകളഞ്ഞ് (അത് ശൗൽ തന്നതാണെങ്കിൽ കൂടെയും) കൃത്രിമത്വങ്ങൾ ഒന്നുമില്ലാതെ ദൈവം നൽകുന്ന കൃപകളോടെ നാം ശത്രുവിന്റെ നേർക്ക് പാഞ്ഞാൽ വിജയം നിശ്ചയമാണ്. നമുക്ക് ചേരാത്ത പലതും വാരിച്ചുറ്റിയുള്ള നമ്മുടെ പുതിയ ട്രെണ്ടുകൾ കാഴ്ചയിൽ തന്നെ അഭംഗിയാണ്. "ഭൂഷണങ്ങളധികം ധരിക്കിലും ഭോഷനെങ്കിലപഹാസകാരണം" എന്ന് പറഞ്ഞതുപോലെ കൃപാവരങ്ങൾ എന്ന പേരിൽ ഒട്ടനവധിയെടുത്ത പ്രയോഗിക്കുന്നുണ്ട്. എന്നിരുന്നാലും ഫലത്തിൽ കേവലം നാസ്തിയെന്ന വരുന്നുള്ളൂ എന്നത് ഇത്തരം കാര്യാദികളെ കാര്യമായി ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ദൈവീക കൃപാവരങ്ങളുടെ അനാവശ്യ പ്രയോഗങ്ങളും ദൈവനാമത്തെ ദുരുപയോഗം ചെയ്യുന്നതുമെല്ലാം ഒരുനാൾ പിടിക്കപ്പെടും. ബാധ-പോരാട്ടം-വ്യാപാരം-കൂടിയിരിപ്പ്- അന്ധകാരം ഇത്യാദി പെന്തെക്കോസ്തു നിഘണ്ടുവിലെ ഭയാനക പ്രയോഗങ്ങളെ തുരത്താൻ സൃഷ്ടിക്കപ്പെടുന്ന പുത്തൻ സാമഗ്രികൾക്ക് കണക്കില്ലാത്ത ഈ കാലത്ത് ദൈവം തരാത്ത എല്ലാ കൃത്രിമത്വങ്ങളും അഴിച്ചുവയ്ക്കാം!!! ദൈവത്തോടും ദൈവ വചനത്തോടും ചേർന്നുനിൽക്കുന്നവന് കവിണയും കിന്നരവും ധാരാളം!!!

കണ്ണാടി

# മംഗല്യ മാമാങ്കങ്ങളും മരണവീടും



ജെയ്സ് പാണ്ടനാട്

അടുത്തയിടെ കേരളം കണ്ട രണ്ട് വി.ഐ.പി കല്ല്യാണങ്ങളാണ് ഫഹദ് ഫാസിൽ – നസ്രിയ, ആശിഖ്- റീമ കല്ലുങ്കൽ താരജോടികളുടെ വിവാഹം. കഴകൂട്ടം അൽ സാദ് കൺവൻഷൻ സെന്ററിൽ വച്ച് നടന്ന ഫഹദ്- നസ്രിയ വിവാഹം സമീപകാലത്ത് കേരളം കണ്ട ഏറ്റവും വലിയ ആഡംബര കല്ല്യാണമായിരുന്നു. മാധ്യമ പ്രവർത്തകർക്ക് വിലക്ക് ഏർപ്പെടുത്തിയ വിവാഹത്തിൽ പ്രത്യേക ക്ഷണിതാക്കളെ മാത്രമേ പ്രവേശിപ്പിച്ചുള്ളു. 300 സുരക്ഷാ സൈനികരാണ് ജനത്തെ നിയന്ത്രിച്ചത്. നാല് മണിക്കൂർ നാഷണൽ ഹൈവേയിൽ ട്രാഫിക് ബ്ലോക്കായി. വിവാഹ സൽക്കാരങ്ങൾക്ക് നാടൻ ദോശ മുതൽ മലബാർ ബിരിയാണി വരെ ഉണ്ടായിരുന്നു. പിറ്റേ ദിവസം ആലപ്പുഴയിൽ നടന്ന സൽക്കാരവും കെങ്കേമമായിരുന്നു.

എന്നാൽ ആശിഖ്- റീമാ വിവാഹം വളരെ ലളിതമായിരുന്നു. ആശിഖും-റീമയും രാജ്യസഭാ എം. പി പി. രാജീവിന്റെ കാറിൽ രജിസ്ട്രാർ ഓഫിസിലെത്തി വിവാഹിതരായി. യാതൊരു ആഘോഷവും ഇല്ലായിരുന്നു. മുഴുവൻ പണവും ക്യാൻസർ രോഗികളുടെ ചികിത്സയ്ക്ക് നൽകി മാതൃക കാണിച്ചു. തികച്ചും ലളിതമായ വിവാഹം.

ഇനി നമ്മുടെ കാര്യം എടുക്കാം. പെന്തെക്കോസ്തിൽ ആഡംബര വിവാഹങ്ങൾ വർദ്ധിക്കുന്നു. ശുശ്രൂഷകൾക്ക് എഴുതപ്പെട്ട ക്രമമില്ല എന്നതിന്റെ പേരിൽ സമയത്തിന് ഒരു നിയന്ത്രണവുമില്ല. ഒന്നര മണിക്കൂറിനുള്ളിൽ എപ്പിസ്ക്കോപ്പൽ സഭകളിലെ വിവാഹങ്ങൾ അവസാനിക്കും. എന്നാൽ പെന്തെക്കോസ്ത് വിവാഹങ്ങൾ 3 മണിക്കൂർ വരെ നീളും. കൃത്യസമയത്ത് തുടങ്ങാറില്ല. ശുശ്രൂഷകന്മാരെ വധുവരന്മാർക്കൊപ്പം സ്റ്റേജിൽ കുത്തിനിറയ്ക്കും.

വിവാഹത്തിന് ഒന്നിലധികം പ്രസംഗങ്ങൾ. ചെറുക്കന്റെ പാസ്റ്റർ, പെണ്ണിന്റെ പാസ്റ്റർ, പിന്നെ കാർമ്മികന്റെ പ്രസംഗം. നേതാക്കന്മാർ കൂടുതൽ വന്നാൽ ആമുഖ പ്രസംഗം, ലഘുപ്രസംഗം, മുഖ്യപ്രസംഗം, അനുഗ്രഹപ്രഭാഷണം, പ്രസ്താവന ഇങ്ങനെ വിവിധ പേരുകളിൽ 'പ്രസംഗം' നീളും. റ്റി.പി. എം. പാസ്റ്റർമാർക്കുള്ള കുത്തും ബിഷപ്പുമാർക്കുള്ള താക്കീതും ഇതിൽപ്പെടും. ശ്രോതാക്കളുടെ ക്ഷമയെ പരീക്ഷിക്കുന്നു. ഏദൻ പൂങ്കാവനം മുതൽ കുഞ്ഞാടിന്റെ കല്ല്യാണം വരെ പറയാൻ ഇരുപത് മിനിട്ട് പോരെ? വിവാഹത്തെ പറ്റിയുള്ള എല്ലാ ഉപദേശം സ്റ്റേജിൽ വച്ച് പഠിപ്പിച്ചേ ചിലർ അടങ്ങു. മറ്റു ചിലർ സ്റ്റേജിൽ വച്ച് കൗൺസിലിംഗും ക്ലാസും എടുക്കും. ചിലർ വേളൂർ കൃഷ്ണൻകുട്ടിയെ പോലും ലജ്ജിപ്പിക്കുന്ന വളിപ്പുകളും അശ്ലീലചുവയുള്ള വാക്കുകളും ദ്വയാർത്ഥ പ്രയോഗങ്ങളും നടത്തും. കുടുംബമായി പ്രസംഗം കേൾക്കാൻ പറ്റാത്ത അവസ്ഥ. 'വിവാഹിതരുടെ കിടക്ക'യെ പറ്റിയുള്ള വിവരണം. കാർമ്മികന്റെ പുസ്തകത്തിന്റെ പരസ്യം, സ്റ്റേജിലെ സി.ഡി. കച്ചവടം ഇതെല്ലാം കൊണ്ട് അറപ്പുളവാക്കുന്ന നീണ്ട നിര. ദയവായി നമ്മുക്കിതൊന്ന് നിർത്താം.

ആർഭാടം കല്ല്യാണകത്തിൽ വരെ പ്രകടിപ്പിക്കുന്നവരുണ്ട്. കനക, രജത ലിപികളിൽ കല്ല്യാണപത്രങ്ങൾ! പഴമുറത്തിന്റെ വലിപ്പമുള്ള കല്ല്യാണപത്രികകൾ. ഒരു സായിപ്പും മദാമയും കല്ല്യാണത്തിന് വരാനില്ലെങ്കിലും മലയാളഭാഷ ഉപേക്ഷിച്ച് ആംഗലേയ ഭാഷകളിലെ കല്ല്യാണ കത്തുകൾ. ഇംഗ്ലീഷിൽ അച്ചടിച്ച കല്ല്യാണകത്തുമായി വീടുകളിൽ ചെന്ന് മലയാളത്തിൽ ക്ഷണിക്കുന്ന രക്ഷിതാക്കൾ വർത്തമാനകാലത്തെ സംസാരിക്കുന്ന ഫലിതമാണ്. എന്തിനാണിത്ര ആഡംബരഭ്രമങ്ങൾ. ഒന്നിലധികം വീഡിയോകളും ഫോട്ടോഗ്രാഫികളും. സ്റ്റേജിലെ അലങ്കാരം വേറെ.

പുറത്ത് താമസിക്കുന്നവർ ആ കാലയളവിൽ തങ്ങൾ വിവാഹം നടത്തിയിട്ടില്ലെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം (Free State Certificate) അവർ താമസിച്ച ശുശ്രൂഷകരിൽ നിന്നോ വിശ്വാസ്യതയുള്ള അധികാരികളിൽ നിന്നോ വാങ്ങിയാൽ നല്ലതാണ്. പ്രവാസ വിവാഹവും സൈബർ വിവാഹവും അനവധി പൊളിയുന്നതിനാൽ ഇത്തരം ജാഗ്രത നല്ലതാണ്. നിശ്ചയവും വിവാഹവും ഒരു ദിവസം നടത്താൻ അനുവദിക്കരുത്. വിവാഹ കാര്യം പരസ്യപ്പെടുത്താൻ രണ്ടാഴ്ച ആവശ്യമാണ്. വിവാഹ നടത്തിപ്പിൽ അപാകതയുണ്ടെങ്കിൽ അതു ശ്രദ്ധയിൽ പെടാൻ സാധിക്കും. പ്രിമാരിറ്റൽ കൗൺസിലിംഗ് നിർബന്ധമാകണം. വിവാഹത്തിനൊരുങ്ങുവാനുള്ള കോഴ്സ് പൂർത്തിയാക്കിയവരുടെ വിവാഹമെ നടത്തി കൊടുക്കാവു. ആർഭാടം നിരുത്സാഹപെടുത്തണം. വിവാഹവേഷത്തിൽ മിതത്വം പാലിക്കാൻ എല്ലാവരും തയ്യാറാകണം. വിവാഹവും ശവസംസ്കാരവും 'പബ്ലിക്ക്' പ്രോഗ്രാമാണ്. ഈ ശുശ്രൂഷകളിൽ ഗൗരവം പുലർത്തണം. പദസൂഷ്മത, പ്രതിപക്ഷബഹുമാനം, പൊതു പരിജ്ഞാനം ഇവ ആവശ്യമാണ്.

ശവസംസ്കാരശുശ്രൂഷകളും ഇന്ന് ആഡംബരവേദികളാണ്. എല്ലാവർക്കും പ്രസംഗിക്കണം അതും 'പ്രൈം ടൈം'മിൽ തന്നെ വേണം. നാലാൾ കൂടുമ്പോഴേ എല്ലാവരും എത്തുകയുള്ളു. മരിച്ചയാളെ ആദ്യമായി കാണുന്നവരുടെ മുഖസ്തുതിയും പൊങ്ങച്ചം പറച്ചിലും ആത്മാർത്ഥയില്ലാത്തതാണ്. മരണ വീടുകളിലെ ആഡംബരങ്ങളും പുത്തൻ ട്രെൻഡാണ്. ആരും പുറത്തുനിന്ന് വരാനില്ലെങ്കിലും ദിവസങ്ങൾ മൃതശരീരം ഫ്രീസറിൽ വയ്ക്കും. ഫ്രീസറിൽ വച്ച ബോഡി കാണാൻ പ്രത്യേക ഭംഗിയാണ് എന്നാണ് നാട്ടുവർത്തമാനം. പുതിയ പല വീടുകളുടെ കാർപോർച്ചിൽ ഫ്രീസർ കണക്റ്റ് ചെയ്യാൻ വേണ്ടി പ്രത്യേക പ്ലഗ് പോയിന്റ് നേരത്തെ ചെയ്തു വയ്ക്കുന്നു. കാലം പോയ പോക്ക്!

വീടുമുറ്റത്ത് മൊത്തം എ.സി. പന്തലിടുന്നവരുണ്ട്. ലക്ഷങ്ങൾ വരുന്ന പൂക്കൾ വച്ച് വീടും ചുമരും അലങ്കരിക്കാറുണ്ട്. എൽ.ഡി. സി.ടി.വി.വച്ച് ചടങ്ങുകൾ ലൈവാക്കുന്നതും പതിവാണ്. സംസ്കാര ചടങ്ങിനു വന്നവർക്ക് ശവമടക്ക് കഴിഞ്ഞ് സ്നാക്സ് കിറ്റുകൾ വിതരണവും ചെയ്യും. അതിഥികൾക്ക് വെജിറ്റേയൻ ഭക്ഷണം. മരണവീട്ടിലും കല്ല്യാണവീട്ടിലും വീഡിയോയാണ് താരം. വീഡിയോഗ്രാഫിയ്ക്കും ഫോട്ടോഗ്രാഫിയ്ക്കും ലക്ഷങ്ങളാണ് ചിലവഴിക്കുന്നത്. സ്റ്റഡി ക്യാം വച്ചാണ് ഷൂട്ട്. നാലും അഞ്ചും ക്യാമറകൾ ഉപയോഗിക്കും. അതേപോലെ മൊണ്ടാഷ് ചെയ്യാറുണ്ട്. പ്രധാനപ്പെട്ട ഭാഗങ്ങൾ മാത്രം ഹൈലൈറ്റ് ചെയ്ത് വിദേശത്തുള്ളവർക്കായി അയച്ചു കൊടുക്കും. അത് വെബ്ബിലൂടെ ഷെയർ ചെയ്യാവുന്ന രീതികളുണ്ട്. നെറ്റിൽ സെർച്ച് ചെയ്താൽ വെഡിങ്ങ് മൊണ്ടാഷ് പോലെ മരണത്തിന്റേതും കാണാം. പ്രോഗ്രാം ലൈവായി ടെലികാസ്റ്റ് ചെയ്യുന്നത് പുതിയ ട്രെന്റാണ്. അപ്പനും അമ്മയും മരിച്ചാൽ യു.കെ.യിലും, യു.എസ്.എയിലും ഇരുന്ന് തത്സമയ ശുശ്രൂഷകാണാം.

ഇന്ന് വിലകൂടിയ ശവപ്പെട്ടിക്ക് വലിയ ഡിമാന്റ് ആണ്. വർഷങ്ങൾക്ക് മുമ്പ് മുരിക്ക കൊണ്ടുള്ള പെട്ടിയായിരുന്നു. പിന്നീട് റബ്ബറും മാഞ്ചിയം കൊണ്ടുള്ള പെട്ടികൾ വന്നു. ഇപ്പോൾ ഈട്ടിയിലും തേക്കിലും ഉണ്ടാക്കുന്ന പെട്ടികൾക്കാണ് ഡിമാന്റ്. ലക്ഷങ്ങൾ വില വരുന്ന സ്വർഗ്ഗ പെട്ടികൾക്കും ഇന്ന് ആളുകളുണ്ട്. ശവപെട്ടികളിൽ പേരും ജനിച്ച തീയതികളുമൊക്കെ കൊത്തി വയ്ക്കുന്നവരുണ്ട്. പെട്ടിയും സെമിത്തേരിയും കല്ലറയും പൂക്കൾ കൊണ്ട് അലങ്കരിക്കും. റോസയ്ക്കും മുല്ലയ്ക്കും ഇന്നു ഡിമാന്റ് ഇല്ല. യൂറോപ്യൻ പൂക്കളാണ് ഇപ്പോൾ വീട്ടിലെ താരങ്ങൾ. ടൂലിപ്പ്, ലില്ലി, ലാവൻഡർ തുടങ്ങിയ പൂക്കൾ കല്ലറകൾ കീഴടക്കി കഴിഞ്ഞു. മരിച്ചയാളുടെ മക്കളും അടുത്ത ബന്ധുക്കളും ഒരേ 'ഡ്രസ് കോഡ്' ധരിക്കുന്നു. ഒന്നിലധികം ക്വയർ, എ.സി. പിടിപ്പിച്ച വണ്ടിയിലാണ് മൃതശരീരം. ബാന്റ്സെറ്റുകൾ അകമ്പടി ചിലർക്ക് ഹരമാണ്. പന്തൽ, ജനറേറ്റർ (വീടിനുൾപ്പെടെ) കല്ലറയുടെ മേൽ പന്തൽ, കാപ്പി, കാപ്പി കൊടുക്കുന്നയിടത്തു പന്തൽ, സ്നാക്സ് കിറ്റ്, മൈക്ക് സെറ്റ്, ബോഡി വയ്ക്കാനുള്ള മേശ, സീലിങ്ങ് ഫാൻ, മാറ്റുകൾ, മിനറൽ വാട്ടർ, നാടു മുഴുവൻ ഫോട്ടോ വെച്ച ഫ്ളക്സ്, സെക്യൂരിറ്റി ഇങ്ങനെ പോകുന്നു കാര്യങ്ങൾ. വിലകൂടിയ മാർബിൾ കല്ലറകൾ, ഗ്രാനൈറ്റിൽ പേരു കൊത്തി വയ്ക്കും. ഇവന്റ് മാനേജുമെന്റിനെ അറിയിച്ചാൽ കാര്യം എളുപ്പം. ജീവിതത്തിലെ ആഘോഷങ്ങൾ മരണത്തിലും പിന്തുടരുന്നവരോട് എന്തു പറയാൻ. എല്ലാം ആറടി മണ്ണിൽ നീറിയൊടുങ്ങാൻ ആണെങ്കിൽ, പട്ടടയിൽ എല്ലാം എരിഞ്ഞമരാനാണെങ്കിൽ എന്തിനാണ് ഇത്രയും ആഡംബരങ്ങൾ. ആത്മാവിന്റെ കാര്യം അല്ലേ പ്രധാനം.

മാധ്യമവിചാരം

# ശ്രദ്ധിക്കുക ഊമൻ ചക്കരതിന്നുകയാണ്



അനിൽ കൊടിത്തോട്ടം
9495733727

മധ്യപൂർവ്വദേശത്തിലെ അസ്വസ്ഥതകൾ, ഇറാഖിലെ ക്രൈസ്തവ പീഡ, ഗാസാമുനമ്പിലെ പാലസ്തീൻ ഇസ്രായേൽ പോരാട്ടങ്ങൾ ഇവയിൽ മനമുരുകി വിലപിക്കുന്ന മരുപ്പച്ചയിലെ പത്രാധിപലേഖനം ആരെയും അമ്പരിപ്പിക്കും. സുന്നി, ഷിയാ, കുർദുകൾ, അറബികൾ, ഇങ്ങനെ ഇറാഖിനെക്കുറിച്ചും ബൈബിളിനെക്കുറിച്ചും വലിയ അവധാനതയോടെ കാര്യങ്ങൾ അവതരിപ്പിക്കുന്ന അച്ചൻകുഞ്ഞിന്റെ ചരിത്രപാണ്ഡിത്യം അപാരം തന്നെ. ഇളംകുളം കുഞ്ഞൻപിള്ള, കെ. കെ. എൻ. കുറുപ്പ്, എം. ജി. എസ്. നാരായണൻ, അച്ചൻകുഞ്ഞ് ഇലന്തൂർ എന്നിങ്ങനെ ചരിത്രഗവേഷകരുടെ നിര തയ്യാറാക്കുമ്പോൾ അതിൽ നമ്മുടെ സുഹൃത്തും സ്ഥാനം പിടിക്കുന്നു എന്നത് എത്ര അഭിമാനകരം. കെ. എ. ഏബ്രാഹാമിന്റെ ശാസ്ത്രജ്ഞാനത്തോടാണ് അച്ചൻകുഞ്ഞിന്റെ ചരിത്രപാണ്ഡിത്യത്തെ തുലനപ്പെടുത്താവുന്നത്.

ഇതര പത്രങ്ങളിലെ ക്രൈസ്തവാംശമുള്ള പ്രമേയങ്ങളെ ഉൾക്കൊള്ളിച്ച് തന്റെ പത്രത്തിൽ അത് പുനഃപ്രസിദ്ധീകരിച്ച് തൊട്ടുതാഴെ കടപ്പാട് എന്ന് അച്ചടിച്ച് പത്രം ഇറക്കുന്നത് ഒരു ശൈലിയാക്കി മാറ്റിയ ഉജ്ജ്വല "കടപ്പാട് സാഹിത്യകാരനാണ്" അച്ചൻകുഞ്ഞ്. അദ്ദേഹത്തിന്റെ ഭാഷാപരിജ്ഞാനം ഞങ്ങൾ ലോഹ്യപ്പെട്ടിരുന്ന കാലത്ത് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കാട്ടിലേക്ക് അച്ചുതാ പോകല്ലേ എന്ന കവിതാശകലം ഓർമ്മവരുന്നു. ബൈബിൾ സംബന്ധമായ അറിവിലും ഉയർന്ന നിലവാരമാണ് ഇദ്ദേഹത്തിന്. പൗലോസ് കള്ളം പറയാറുണ്ടെന്നും വെളിപ്പാട് പുസ്തകം കെട്ടുകഥയാണെന്നും ഗവേഷണപാടവത്തോടെ തെളിയിക്കാൻ അദ്ദേഹത്തിന് സാധിക്കാറുണ്ട്. പോപ്പിന്റെ ബാബിലോണ്യസഭയും പെന്തെക്കോസ്ത് സഭയും ഒന്നാണെന്നും നാമിനി വേറിട്ടുനിൽക്കുന്നതിൽ അർത്ഥമില്ലെന്നും വാദിക്കുന്ന അച്ചൻകുഞ്ഞിന്റെ ഒരു ലേഖനം കണ്ട ഒരു കത്തോലിക്ക സുഹൃത്ത് ഈ ലേഖകനെ ഫോണിൽ വിളിച്ച് അച്ചൻകുഞ്ഞിസത്തിന്റെ ഈ നിലപാട് ഒന്ന് വ്യക്തമാക്കാൻ പെന്തെക്കോസ്ത് എഴുത്തുകാരൻ എന്ന നിലയിൽ സാധിക്കുമോ എന്ന് ചോദിച്ചു. കത്തോലിക്കൻ എങ്കിൽകൂടി മെത്രാൻമാരും പോപ്പുമൊന്നും ദൈവദാസന്മാരല്ല എന്ന് കരുതുന്ന തത്വത്തിൽ പെന്തെക്കോസ്ത് നിരീക്ഷണങ്ങൾ ശരിയെന്ന് വിശ്വസിക്കുന്ന അങ്കമാലിക്കാരൻ പോൾ എന്ന (9446078908) ഈ സുഹൃത്ത് ക്രൈസ്തവചിന്തയുടെ കൂടി വായനക്കാരനാണ്. ക്രൈസ്തവചിന്തയിൽ കത്തോലിക്കരെ നിരന്തരം ആക്രമിക്കുന്ന പെന്തെക്കോസ്തുകാരനായ അനിൽ കൊടിത്തോട്ടം അച്ചൻകുഞ്ഞിന്റെ മരുപ്പച്ചയിലെ കത്തോലിക്ക പെന്തെക്കോസ്ത് സമന്വയ ശ്രമങ്ങളെ എങ്ങനെ കാണുന്നു എന്നുള്ളതായിരുന്നു ബ്രദർ പോളിന്റെ ചോദ്യം. അച്ചൻകുഞ്ഞ് അത്യാവശ്യം വരിസംഖ്യ ലക്ഷ്യമിട്ട് എഴുതുന്നതാണ് ഇതൊക്കെ എന്നും പെന്തെക്കോസ്ത് കൺവൻഷൻ സീസൺ വരുമ്പോൾ ആശാൻ ആശയഗംഭീരമായി ഉപദേശം എഴുതുമെന്നും എന്നാൽ ഏതു സമയവും അങ്ങോട്ടോ ഇങ്ങോട്ടോ ചായാവുന്ന മാനസികാവസ്ഥയാണ് ഈ പാവത്തിന്റേതെന്നും അതൊന്നും കണ്ട് പോൾ സഹോദരൻ വിഷമിക്കേണ്ടെന്നും മറുപടി പറഞ്ഞു. എന്നാൽ അച്ചൻകുഞ്ഞ് പ്രതിരോധിച്ചുകൊണ്ട് ക്രൈസ്തവചിന്തയിൽ തന്നെ ഒരു കാച്ച് കൊടുക്കണമെന്ന് എന്നായി പോൾ ബ്രദർ. ആശ്രിതവത്സനായ റസ്സൽ അച്ചൻകുഞ്ഞിനെ എതിർക്കാറില്ല. അതിന്റെ കാരണം ആശാൻ ചില സഹതാപ നമ്പരുകൾ കാട്ടി റസ്സലിനെ വശത്താക്കും. കുറുമാറ്റ വിദഗ്ധനായ അച്ചൻകുഞ്ഞ് വളരെ ചെറുപ്പത്തിലേ പത്രപ്രവർത്തനം തുടങ്ങിയ ആളാണ്. പെന്തെക്കോസ്ത് കാരണവർ എന്ന സ്ഥാനം നാം കൊടുക്കേണ്ടതായിരുന്നു എന്നാൽ പ്രതിഭകളെ ആദരിക്കുന്ന പതിവ് ഇവിടില്ലല്ലോ.

ഇറാഖിലെ ക്രൈസ്തവ പീഡ ഹല്ലേലൂയ്യായിലും വാർത്തയായിരുന്നു. സാംകുട്ടി ചാക്കോ അച്ചൻകുഞ്ഞിനെപ്പോലെ ചരിത്രപണ്ഡിതനല്ല. തത്വചിന്തകനാണ്. ഐ. പി. സി. വിലക്ക് കൽപ്പിച്ച പ്രസംഗകർ പ്രചരിപ്പിച്ച ദുരുപദേശം എന്തെന്ന് ഗവേഷണം ചെയ്ത് പഠിച്ചുകൊണ്ടിരിക്കുന്ന സാംകുട്ടി ചാക്കോ ഒരിക്കൽ താത്വികമായ മൗനം വെടിഞ്ഞ് ഐ. പി. സി. കൗൺസിലിൽ പൊട്ടിത്തെറിച്ചതായിട്ടാണ് അറിവ്. എന്തായിരുന്നു അവരുടെ ദുരുപദേശം? ആരുടെ? തങ്കു, താരു, മനു, മക്കു, ചിക്കു മുതൽ സജിത്ത്, ലോറൻസ്, കണ്ടത്തിൽ അമ്മാമ്മ എന്ന ബാബിലോന്യ വാരതിലകശ്രീ, ഉൾപ്പെടെയുള്ള മഹത്തുക്കൾ തെറ്റായി പഠിപ്പിച്ചത് എന്ത്? സാംകുട്ടി വിറയ്ക്കുകയാണ്. ധാർമ്മികരോഷം കൊണ്ട് വിറയ്ക്കുന്ന അദ്ദേഹത്തിന്റെ നടനം നേരിട്ട് കണ്ടില്ലെങ്കിലും ഭാവനയിൽ അതിനെ ഒന്നു സങ്കൽപിച്ചു നോക്കൂ. രോഷം കൊണ്ട് വിറയ്ക്കുന്ന അദ്ദേഹത്തിന്റെ വാക്കുകൾക്ക് പശ്ചാത്തല സംഗീതം ഒരുക്കാൻ സ്റ്റീഫൻ ദേവസിയെ വിളിക്കേണ്ടതായിരുന്നു. ഇലക്ഷൻ കാലം അല്ലാതിരുന്നതുകൊണ്ട് കരുവാറ്റ കളരി വിദഗ്ധന്മാരുടെ ഉപദേശ ഉമ്മാക്കി വിദ്യകൾ അവർ പുറത്തെടുത്തില്ല. ഖദർധാരിയായ ആനിക്കാട് പ്രതികരിച്ചു. ഉപദേശം എന്തെന്ന് ഒറ്റവാക്കിൽ പറയാൻ കഴിയില്ല. അജണ്ടയിട്ട് ചർച്ച ചെയ്യാൻ തയ്യാറുണ്ടെങ്കിൽ അരമുറുക്കികൊൾക.

ആരോമൽ ചേവകരെപ്പോലെ സാംകുട്ടി ചേവകരും അരിങ്ങോടകരെപ്പോലെ ആനിക്കാടും കൊണ്ടും കൊടുത്തും മുന്നേറുമെന്ന് നമ്മൾ കണക്കുകൂട്ടി. പ്രത്യേകിച്ചൊന്നും സംഭവിച്ചില്ല. പതിവുപോലെ ബഹളം വെച്ച് കൗൺസിൽ പിരിഞ്ഞു. ഐ. പി. സി. പുറത്താക്കിയിട്ടും അവരെ കൈവിടാൻ പാടില്ല എന്ന രക്ഷകവേഷത്തിലേക്ക് സാംകുട്ടി എന്ന താത്വികൻ പരാവർത്തനം ചെയ്തു. അപ്പോഴേക്കും അമേരിക്കയിൽ സമ്മേളനകാലം ആരംഭിച്ചു. മാധ്യമപ്രവർത്തകരിൽ കോൺസുലേറ്റ് കനിഞ്ഞവരൊക്കെ

04

കണ്ടതും കേട്ടതും

# എഴുത്തും ചുരുക്കെഴുത്തും

ജയ്മോഹൻ അതിരുങ്കൽ, 9567759748




'ചുരുക്കെഴുത്ത്' എന്നൊരു പുസ്തകത്തിന്റെ അറ്റകുറ്റപ്പണിയിലായിരുന്നു ഇതുവരെ. പണി കുറ തീർത്ത്, പുസ്തകം ഉടനെ പുറത്തിറങ്ങും (ഇതു നിങ്ങൾ വായിക്കുമ്പോഴേക്കും പുസ്തകം ഇറങ്ങിക്കഴിയും). ചർച്ച് ഓഫ് ഗോഡ്, കേരളാ സ്റ്റേറ്റ് അസിസ്റ്റന്റ് ഓവർസീയറായ പാസ്റ്റർ പി. ജി. മാത്യൂസാണു ഗ്രന്ഥകാരൻ. പുസ്തകം വാങ്ങിപ്പിക്കാൻവേണ്ടി എഴുതുകയല്ല- 'ചുരുക്കെഴുത്ത്' നിലവാരമുള്ള കൃതിയാണ്. വിപുലീകരിച്ചെഴുതിയിരുന്നെങ്കിൽ, ഇരുന്നൂറു പേജെങ്കിലും കാണുമായിരുന്നു. Writer to Reader എന്ന സമ്പ്രദായത്തിലെ പുസ്തകം കിട്ടു. കടകളിൽ നിന്നു വാങ്ങാനൊക്കുകയില്ലെന്നു സാരം. ദൈവത്തെ ഭയപ്പെടുന്ന, ജീവിതവിശുദ്ധിയുള്ള ഈ ദൈവദാസൻ നൂറു വയസ്സുവരെ ജീവിച്ചിരിക്കട്ടെയെന്ന്, ഈ പുസ്തകം വായിച്ചാൽ ആശംസിക്കാൻ തോന്നിപ്പോകും (അതിലധികം ആശംസിക്കാനുള്ള ധൈര്യം വരുന്നില്ല). കാണാൻ പോകുന്ന പൂരം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. രക്ഷിക്കപ്പെട്ടവരെല്ലാം വായിച്ചിരിക്കേണ്ടുന്ന ധാരാളം കാര്യങ്ങൾ ഈ കൃതിയിലുണ്ട്. ജേണലിന്റെ വായനക്കാർ, കാശുകൊടുത്ത് ഇതിന്റെ ഒരു പ്രതി വാങ്ങണം. നിങ്ങൾക്കു പശ്ചാത്തപിക്കേണ്ടിവരില്ല.

അസിസ്റ്റന്റ് ഓവർസീയറെക്കുറിച്ചെഴുതിയിട്ട്, ഓവർസീയറെക്കുറിച്ച് എഴുതാതിരിക്കുന്നത് എങ്ങനെയാണ്? പി. ജെ. ജയിംസ് സാർ, 'സുവിശേഷനാദ'ത്തിലെഴുതുന്ന ലേഖനങ്ങൾ 'ഘനവും ഊറ്റവുമുള്ള'വയാണ്. ഗംഭീരമായ ഈ ലേഖനങ്ങളെല്ലാംകൂടി സമാഹരിച്ചു പുസ്തകമാക്കിയാൽ അതു വളരെ പ്രയോജനം ചെയ്യും. വചനനിശ്ചയവും ഭാഷാസ്വാധീനവുമുള്ള ജയിംസ് സാറിന്റെ പ്രസംഗങ്ങൾ നിലവാരമുള്ളവയാണ്. അദ്ദേഹം നടത്തുന്നവിവാഹങ്ങൾക്കു തനതായ ഒരു അന്തസ്സുള്ളതായി അനുഭവപ്പെട്ടിട്ടുണ്ട്. 'സുവിശേഷനാദ'ത്തിലെ മറ്റു ചില രചനകൾ വായിച്ചാൽ, പേരും പടവും അച്ചടിച്ചുകാണാൻവേണ്ടിയാണോ ഇങ്ങനെയെഴുതി അയക്കുന്നതെന്നു തോന്നിപ്പോകും. അങ്ങനെയുള്ളവരുടെ പേരും ഫോട്ടോയും മാത്രം ഒരു പേജിൽ കൊടുത്തിട്ട്, 'ഇവരെ പരിചയപ്പെടുക' എന്നൊരു തലക്കെട്ടു കൊടുക്കുക. അവർക്കും സന്തോഷമാകും, വായനക്കാർക്ക് അതിലേറെ സന്തോഷവുമാകും.

'ഗുഡ്ന്യൂസി'ൽ ഇപ്പോൾ വായിക്കാൻ കൊള്ളാവുന്നതു സാജു മാത്യുവിന്റെ ലേഖനമാണ്. കല്യാണം കഴിക്കാത്തവർക്കു കല്യാണപ്പരസ്യവുമുണ്ട്. ഗുഡ്ന്യൂസ് കുറച്ചുകൂടി നിലപാടു പുലർത്തിയിരുന്നെങ്കിൽ, ഇന്നുള്ള പല പത്രങ്ങളും ഉണ്ടാകുമായിരുന്നില്ലായെന്നു തോന്നുന്നു.

കഥാകൃത്തുക്കൾ നമ്മുടെയിടയിൽ കുറവാണ്. കവികൾ തീരെയില്ലെന്നു തോന്നുന്നു. കുമ്പനാട് എലീസഭയിൽ, നന്നായി കവിതയെഴുതുന്ന ഒരാളുണ്ടായിരുന്നു. പക്ഷേ, അദ്ദേഹമങ്ങനെ കവിതകൾ പ്രസിദ്ധീകരണങ്ങൾക്ക് അയച്ചുകൊടുക്കാറില്ലെന്നാണ് തോന്നുന്നത്. കവികളില്ലെങ്കിലെന്താ? 'സുഗതകുമാരിമാർ' ആവശ്യംപോലെയുണ്ട്. ഒരെണ്ണം വായിച്ചു കേൾപ്പിച്ചാൽ മതി, കേൾവിക്കാരൻ ഓടിപ്പോകും. പക്ഷേ, സഹോദരി റെജീനാ ഫിലിപ്പിന്റെ രചന തരക്കേടില്ലെന്നു പറയാം. ആഷേർ മാത്യു(?)വിന്റെ കഥകൾ വായിക്കാൻ കൊള്ളാം. പ്രതിഭയുള്ള ആഷേർ, സുവിശേഷാധിഷ്ഠിതമായ ഒരു നീണ്ടകഥയോ നോവലോ എഴുതണം. ആഷേറിന് അതിനു കഴിയുമെന്നാണ് എന്റെ ബോദ്ധ്യം.

എന്റെ കാര്യം പറഞ്ഞാൽ, കാർട്ടൂണിലൂടെ കാര്യങ്ങൾ പറയുകയെന്നതാണു രീതി. എന്തെങ്കിലുമൊന്ന് എഴുതിത്തരാൻ ആവശ്യപ്പെടുമ്പോഴാണു ബുദ്ധിമുട്ട് 'കണ്ടതും കേട്ടതു'മൊക്കെ എഴുതുന്നത്. ചാകുന്നതിനുമുമ്പ്, സുവിശേഷസംബന്ധമായി ചില കാര്യങ്ങൾ ചെയ്യണമെന്നാണാഗ്രഹം. ഒരാഴ്ചമുമ്പ്, 'ഞാൻ മരിച്ചുപോയതായി' എന്റെ ഭാര്യ സ്വപ്നം കണ്ടിരുന്നു. അതിനു കുറച്ചുനാൾ മുമ്പ്, രാവിലെ പത്രം വായിച്ചുകൊണ്ടിരുന്ന ഞാൻ 'നിര്യാതരായി' എന്ന പേജു നോക്കിയിട്ട്, 'ജയ്മോഹൻ മരിച്ചുപോയെ'ന്ന് ആത്മഗതം ചെയ്തു. അത് വാക്കുകളായി പുറത്തുവന്നു. അതല്പം ഉച്ചത്തിലായിപ്പോയതുകൊണ്ടു ഭാര്യ കേട്ടു. അങ്ങനെ പറഞ്ഞതിനു വഴക്കും കിട്ടി. ആ പേജിൽ നമ്മുടെ ഫോട്ടോയും പേരും വരുന്നതു സങ്കല്പിച്ചുനോക്കിയിട്ട്, നമ്മെക്കുറിച്ച് ആളുകൾ എന്തു പറയുമെന്നു ചിന്തിക്കുക. സ്വപ്നമെല്ലാം സംഭവിക്കുകയില്ലെന്നു പറയാനൊക്കുകയില്ല. ഏബ്രഹാം ലിങ്കൺ പ്രസിഡന്റായിക്കഴിഞ്ഞപ്പോൾ (സത്യപ്രതിജ്ഞാവേളയിൽ), ഒരു വേദപുസ്തകം ചുംബിച്ചിട്ട്, തുറന്നു വായിച്ചു. യെശ. 5:28 ആയിരുന്നു വായിച്ചത്. "അവരുടെ അമ്പു കൂർത്തും വില്ലെല്ലാം കുലച്ചുമിരിക്കുന്നു..." അതിനുശേഷം അദ്ദേഹമൊരു സ്വപ്നം കണ്ടു. വൈറ്റ് ഹൗസിൽ, അദ്ദേഹത്തിന്റെ മൃതദേഹം ശവപ്പെട്ടിയിൽ വെച്ചിരിക്കുന്ന കാഴ്ചയായിരുന്നു അത്. അത് അദ്ദേഹം ഭാര്യയോടു പറഞ്ഞു.

പിന്നീടാണു ലിങ്കന്റെ ഭാര്യ മേരി, അദ്ദേഹത്തെ, എല്ലായിടത്തും അനുഗമിക്കാൻ തുടങ്ങിയത്. ലിങ്കൻ കണ്ട സ്വപ്നംപോലെ അദ്ദേഹത്തിന്റെ അന്ത്യവും സംഭവിച്ചു. മനം തകർന്ന്, മാനസികനില തെറ്റിയ മേരി ഭ്രാന്തിയാണെന്ന്, വർഷങ്ങൾക്കുശേഷം ഔദ്യോഗിക പ്രഖ്യാപനവുമുണ്ടായി.

മരിക്കുന്നതിൽ അത്ര വലിയ ബുദ്ധിമുട്ടില്ല. പക്ഷേ അമേരിക്ക, കാനഡ, ഓസ്ട്രേലിയ, ഇംഗ്ലണ്ട് എന്നിവിടങ്ങളിലൊന്നും പോകാതെ മരിച്ചുപോയാൽ, 'അനുഗ്രഹിക്കപ്പെട്ടവനല്ലെ'ന്ന പേരുദോഷം കിട്ടുമല്ലോയെന്നൊരു ചിന്താഭാരമുണ്ട്.

എഴുത്തിനെക്കുറിച്ചെഴുതി വന്നു വഴി തെറ്റിപ്പോയി. കാനമച്ചനും സാജുമാത്യുവും ജയ്സ് പാണ്ടനാടും പി. ജി. മാത്യൂസ് പാസ്റ്ററും പി. ജെ. ജയിംസ് സാറും എഴുതട്ടെ. ശ്ശൊ.! പറയാൻ വിട്ടുപോയി – അനിൽ കൊടിത്തോട്ടവും. കഴിഞ്ഞ ലക്കം കണ്ടു. എന്റെ പേരു തലക്കെട്ടായി വരുന്ന രണ്ടാമത്തെ 'വിചാരപ്പെടലാ'ണ്. പക്ഷേ, പേരു കഴിഞ്ഞൊരു കോമാ കൂടി വേണമായിരുന്നു.

**നീക്കിബാക്കി:** ഈ ലേഖനത്തോടൊപ്പമുള്ള കാർട്ടൂൺ കണ്ടല്ലോ?

# സുവനീർ പ്രസിദ്ധീകരിക്കുന്നു

**മുളക്കുഴ:** 2014 ഡിസംബറിൽ നടക്കുന്ന സ്റ്റേറ്റ് ക്യാമ്പിൽ ദൈവസഭയുടെ യുവജനവിഭാഗമായ വൈ പി ഇ യുടെ ആഭിമുഖ്യത്തിൽ സുവനീർ പ്രസിദ്ധീകരിക്കുന്നു. ഇതിൽ ഉൾപ്പെടുത്തുവാൻ യോഗ്യമായ ലേഖനങ്ങൾ, കഥകൾ, കവിത, ഫീച്ചറുകൾ എന്നിവ ക്ഷണിക്കുന്നു. ഒക്ടോബർ 31 ന് മുൻപ് ലഭിക്കുന്ന രചനകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് – പാസ്റ്റർ രാജീവ് സേവ്യർ, ഫോൺ: 9037589968 ഇ-മെയിൽ: rajeevkxavier@gmail.com അയയ്ക്കേണ്ട വിലാസം: ചീഫ് എഡിറ്റർ, സുവനീർ കമ്മിറ്റി (വൈ പി ഇ), ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, മുളക്കുഴ പി.ഒ, ചെങ്ങന്നൂർ, ആലപ്പുഴ

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 17

# BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
10/09/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.